# 2

# ക്രിസ്തുവിന്റെ സത്യ പരിജ്ഞാനം

## (1:3- 21)

### ജീവനും ഭക്തിക്കും വേണ്ടിയത് (1:3-9)

**3തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാന
ത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും
നമുക്ക് ദാനം ചെയ്തിരിക്കുന്നുവല്ലൊ. 4അവയാൽ അവൻ നമുക്ക് വിലയേ
റിയതും മഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നി
ങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവ
ത്തിന് കൂട്ടാളികളായി തീരുവാൻ ഇടവരുന്നു. 5അതു നിമിത്തം തന്നെ നി
ങ്ങൾ സകല ഉൽസാഹവും കഴിച്ച് നിങ്ങളുടെ വിശ്വാസത്തോട് വീര്യവും
വീര്യത്തോട് 6പരിജ്ഞാനവും 6പരിജ്ഞാനത്തോട് ഇന്ദ്രിയജയവും ഇന്ദ്രി
യജയത്തോട് സ്ഥിരതവും സ്ഥിരതയോട് ഭക്തിയും 7ഭക്തിയോട് സഹോ
ദരപ്രീതിയും സഹോദരപ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾവിൻ. 8ഇവ
നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉൽസാഹമില്ലാത്തവരും
നിഷ്ഫലന്മാരും ആയിരിക്കുകയില്ല. 9അവയില്ലാത്തവനോ കുരുടൻ അത്രേ;
അവൻ ഹ്രസ്വ ദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീ
കരണം മറന്നവനും തന്നെ.**

ദുരുപദേഷ്ടാക്കന്മാരെ നേരിടുവാനുള്ള പ്രവൃത്തിയാണ് അവരെ മുന്നറിയിച്ചത്. ആദ്യം, തന്റെ വായനക്കാർ അപ്പൊസ്തലിക സന്ദേശം മുഴുവനായും മതിയായത്ര ലഭിച്ചതായി അവൻ അവരെ ഓർപ്പിച്ചു. ദൈവത്തോടു കൂടെയുള്ള ജീവിതം അവർ കണ്ടെത്തിയിരുന്നു; ആത്മിയമായി തുടർന്നു വളരുവാനാവശ്യമായ വിഭവങ്ങളിൽ അവർക്ക് ഒരു കുറവുമില്ലായിരുന്നു. തങ്ങളുടെ കയ്യിൽ ക്രിസ്ത്യാനികൾക്ക് നൽകുവാൻ കൂടുതലുണ്ട് എന്ന് അവരെ ബോധ്യമാക്കുന്നതിലായിരുന്നു ദുരുപദേഷ്ടാക്കന്മാരുടെ വിജയം: തങ്ങളുടെ ജ്ഞാനം അപ്പൊസ്തലന്മാരുടേതിനേക്കാൾ ഉയർന്നതാണെന്ന അവകാശം. പത്രൊസ് അതെല്ലാം നിഷേധിച്ചിരുന്നു. തന്റെ പേന ആദ്യം തന്നെ ദുരുപദേഷ്ടാക്കന്മാരെ നിഷ്പ്രഭമാക്കുന്നതായിരുന്നില്ല. ക്രിസ്തുവിന്റെ സന്ദേശം ക്രിയാത്മകമായി അവതരിപ്പിക്കുവാൻ ദുരുപദേശങ്ങളുടെ എല്ലാ സങ്കീർണ്ണതകളും അറിയണമെന്നില്ല. അപ്പൊസ്തലന്റെ ആദ്യ വാക്കുകൾ ഉറപ്പിക്കുന്നതായിരുന്നു.

**വാക്യം 3.** വാക്യം 2-ൽ ആരംഭിച്ച ചിന്തയുടെ വിപുലീകരണമായിട്ടാണ് ആ വാക്യം എൻഎഎസ്ബി മനസിലാക്കുന്നത്. മറ്റു തർജിമക്കാർ, ഉദാഹരണമായി, എൻആർഎസ്‌വി ഇവിടെ ഒരു പുതിയ ഖണ്ഡികയായി തുടങ്ങി,

വാക്യം 5-ൽ തുടങ്ങിയ പ്രബോധന വാക്കുകൾ പ്രതീക്ഷിക്കുന്നതായിട്ടാണ് മനസിലാക്കുന്നത്. ഏതു വിധത്തിൽ എടുത്താലും അത് വ്യാകരണപ്രകാരം മോശമാണ്; എൻഏഎസ്ബി വായിക്കുന്നതാണ് നല്ലത്. മുൻ വാക്യത്തിലെ ചിന്ത തുടരുകയാണ് വാക്യം 3 ൽ. [ദൈവത്തിന്റെ] **പരിജ്ഞാനം**, വേർപെടുത്താവുന്ന ആശയമല്ല എന്ന് പത്രൊസ് ഉറപ്പിച്ചു പറഞ്ഞു. **അവന്റെ ദൈവിക ശക്തി** ഫലപ്രദമാകുന്നത് അത്തരം പരിജ്ഞാനം മുഖാന്തരമാണ്. "പരിജ്ഞാനവും," "ശക്തിയും" ഇരട്ട ആശയങ്ങളാണ്. ഈ ലേഖനം വായിക്കുന്നവർക്ക് "[ദൈവത്തിന്റെ] പരിജ്ഞാനം" ലഭിച്ചതുകൊണ്ടാണ് "അവന്റെ ദൈവിക ശക്തി" അവർ ഇപ്പോൾ അറിഞ്ഞത്. "ദൈവിക ശക്തി" തിരിച്ച് ക്രിസ്ത്യാനികൾക്ക് **ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും** നൽകിയിരിക്കുന്നു. വാക്യം 2 ലും 3 ലും യോജിച്ചിരിക്കുന്ന വാക്കാണ് "പരിജ്ഞാനം." പത്രൊസും മറ്റു അപ്പൊസ്തലന്മാരും സാക്ഷീകരിച്ച "പരിജ്ഞാനത്തിൽ" യാതൊരു അപര്യാപ്തതയുമില്ല.

തങ്ങൾക്ക് അറിവില്ലാത്ത ഉപദേഷ്ടാക്കന്മാരിൽനിന്നു ലഭിച്ച ജ്ഞാനത്തോട് അടുക്കുവാനായിരിക്കണം 2:1-ൽ പറഞ്ഞ കള്ളപ്രവാചകന്മാർ അവകാശപ്പെട്ടിരുന്നത്. പത്രൊസിന്നും മറ്റു അപ്പൊസ്തലന്മാർക്കും ഉണ്ടായിരുന്നതിനേക്കാൾ ഉപരിയായ ജ്ഞാനമാണ് തങ്ങൾക്കുള്ളതെന്ന് അവർ അവകാശപ്പെട്ടിരിക്കാം. ജ്ഞാനത്തിന്റെ പ്രാധാന്യത്തെ പത്രൊസ് നിഷേധിക്കുവാൻ തയ്യാറായില്ല. ജ്ഞാനത്തിന്റെ ഉറവിടമായിരുന്നു അപ്പൊസ്തോലിക സന്ദേശം എന്നതായിരുന്നു അവന്റെ അവകാശം. സങ്കീർത്തനക്കാരൻ എഴുതിയതുപോലെയായിരുന്നു അപ്പൊസ്തലന്റെ വിശ്വാസപൂർണ്ണമായ ശബ്ദം, "ദൈവം എനിക്ക് അനുകൂലമെന്ന് ഞാൻ അറിയുന്നു" (സങ്കീ. 56:9). അവൻ വെളിപ്പെടുത്തുന്ന പരിജ്ഞാനപ്രകാരം ആളുകൾ ജീവിക്കുമ്പോൾ, അവന്റെ ജനം സമൃദ്ധമായി അനുഗ്രഹിക്കപ്പെടും. "ദൈവത്തെ ഭയപ്പെടുന്ന ഭക്തന്മാർക്ക് നന്മ വരുമെന്ന് ഞാൻ നിശ്ചയമായി അറിയുന്നു" (സഭാ. 8:12).

ആ ക്രിസ്ത്യാനികൾ "ദൈവിക ശക്തി" രണ്ടു വിധത്തിലായിരുന്നു തിരിച്ചറിഞ്ഞത്. ആദ്യമായി, അവർ "ജീവൻ" കണ്ടെത്തി. "ജീവൻ" എന്നു പറയുന്നത് ആത്മിയവും, ക്രിസ്ത്യാനികൾ അനുഭവിക്കുന്ന പരോക്ഷമായ ഗുണങ്ങളും, പാപമോചനവും, നിത്യജീവന്റെ പ്രത്യാശയും, ദൈവത്തോടുകൂടെയുള്ള സമാധാനവും, ആത്മാവിന്റെ മോചനവും, അതിന്റെ ഫലമായുള്ള "ദൈവശക്തിയിൽനിന്നും" പകരുന്ന "ദൈവഭക്തിയും" ക്രിസ്തീയ ജീവിതത്തിനുള്ള ധാർമ്മിക ആജ്ഞകളും ആണ്. രണ്ട്, "ജീവനോടു" കൂടിയതും ധാർമ്മികവുമായ ജീവിതത്തിനുള്ള സന്ദേശം മുഖാന്തരം പത്രൊസിന്റെ വായനക്കാർക്ക് ദൈവത്തോടുകൂടെ നടക്കുന്നതിനുള്ള ആത്മികാനുഗ്രഹങ്ങൾ ലഭിച്ചിരുന്നു. കൂടാതെ, ദൈവത്തിന്റെ പരമാധികാരത്തിൽ ഭക്തിയോടെ ജീവിക്കേണ്ടത് എങ്ങനെ എന്ന് അവർ ശീലിക്കുകയും ചെയ്തിരുന്നു. ഒന്നാം നൂറ്റാണ്ടിലേതുപോലെ ഇരുപത്തി-യൊന്നാം നൂറ്റാണ്ടിലും, എല്ലാ ആത്മികാനുഗ്രഹങ്ങളും നിറവേറ്റുവാൻ ആവശ്യമായതാണ് അപ്പൊസ്തൊലിക സന്ദേശം. ദൈവകരുണയാലും അപ്പൊസ്തലന്മാർക്ക് ലഭിച്ച ആത്മശ്വാസിയതയാലും നമുക്ക് ഇന്നും ആ സന്ദേശം പുതിയ നിയമത്തിൽ ഉണ്ട്.

അപ്പൊസ്തലന്മാരുടെ സന്ദേശം സ്വീകരിച്ച ശേഷം ആ ക്രിസ്ത്യാനികൾ ആസ്വദിക്കുന്ന അനുഗ്രഹങ്ങളെല്ലാം ദൈവം മുൻകൈ എടുത്തതിനാലാണ് എന്ന് അവർ തിരിച്ചറിഞ്ഞു. അവനാണ് **നമ്മെ വിളിച്ചത്**, അല്ലാതെ നാം

അവനെ വിളിച്ചു പോയതല്ല. തന്റെ സൃഷ്ടികളുടെ ജീവിതത്തിൽ അവന്റെ ഉദ്ദേശം തിരിച്ചറിയുമ്പോൾ ദൈവത്തിന് മഹത്വം കൊടുക്കുകയാണ്: അങ്ങനെ ദൈവം വിളിക്കുന്നത് **അവന്റെ മഹത്വത്താലും വീര്യത്താലുമാണ്**. "മഹത്വം" പത്രൊസ് 1:17 ൽ പറഞ്ഞ മറുരൂപമലയിൽ വെച്ച് യേശുവിനുണ്ടായ "തേജസ്" ആണ് നമുക്ക് ഓർമ്മ വരുന്നത്. "വീര്യം" (*അരേറ്റേ*) എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് ഗ്രീക്ക്-സംസാരിക്കുന്ന ലോകത്ത് സാധാരണ ഉപയോഗിക്കുന്നതായിരുന്നു, പക്ഷെ പുതിയനിയമത്തിൽ ആ വാക്ക് അഞ്ചു പ്രാവശ്യം മാത്രമെയുള്ളു. അവയിൽ മൂന്നെണ്ണം ഉടനെയുള്ള സന്ദർഭത്തിലും, ഒരിക്കൽ ഇവിടെയും, രണ്ടു പ്രാവശ്യം 1:5 ലും കാണാം. മറ്റു രണ്ട് പ്രാവശ്യം, 1 പത്രൊസ് 2:9 ലും ഫിലിപ്പിയർ 4:8 ലുമാണ്. ധാർമ്മിക സത്യസന്ധതയും സ്വഭാവത്തിലെ പരമാർത്ഥതയുമാണ് അത് സൂചിപ്പിക്കുന്നത്. ദൈവം വിളിക്കുമ്പോൾ, ആളുകൾ അവന്റെ നാമം ധരിക്കുകയും അവനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ നന്മയും, നീതിയും, ദയയും തിരിച്ചറിയണം.

**വാക്യം 4**. പത്രൊസ് ഉറപ്പിച്ചു പറഞ്ഞു, "തന്റെ മഹത്വത്താലും വീര്യത്താലും" **ദൈവം, വിലയേറിയതും അതി മഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു**. പത്രൊസിന്റെ മനസിലുണ്ടായിരുന്ന "വാഗ്ദത്തങ്ങൾ" എന്തെല്ലാമായിരുന്നു എന്നു വ്യക്തമല്ല. പഴയനിയമത്തിലെ "വാഗ്ദാനങ്ങൾ" മുഴുവൻ ആയിരുന്നേക്കാം. നോഹ, അബ്രഹാം, മോശെ, ദാവീദ്, യിസഹാക്ക്, പ്രവാചകന്മാർ എന്നിവർ മുഖാന്തരമെല്ലാം ദൈവം ധാരാളം വാഗ്ദാനങ്ങൾ നൽകിയിരുന്നു. യുദ്ധകാലത്തും, പ്രവാസകാലത്തും യിസ്രായേലിനെ നില നിർത്തിയതും ആളുകളിൽ പ്രത്യാശ ജനിപ്പിച്ചതും ദൈവത്തിന്റെ വാഗ്ദാനങ്ങളായിരുന്നു. ആ "വാഗ്ദാനങ്ങൾ" ഇപ്പോൾ അവരുടെ ഉപകാരത്തിനായി സ്മരിക്കണം എന്നാണ് പത്രൊസ് തന്റെ വായനക്കാരോട് പറയുന്നത്. ക്രിസ്തു ലോകത്തിലേക്ക് വന്നപ്പോൾ, ദൈവം ആ "വാഗ്ദാനങ്ങൾ" ആളുകൾക്ക് "നൽകി."

തന്റെ ശിഷ്യന്മാരെ വീണ്ടും ഉറപ്പിക്കുന്നതിനായി ക്രിസ്തു ചെയ്ത "വാഗ്ദാനങ്ങൾ" ആയിരിക്കാമെന്നതാണ് രണ്ടാമത്തെ സാധ്യത. അതുകൊണ്ട് ക്രിസ്ത്യാനികൾ ക്രിസതുവിന്റെ മടങ്ങി വരവിനും, അഭക്തരെ ന്യായം വിധിക്കുന്നതിനും, പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിക്കുന്നതിനും കാത്തിരിക്കുന്നു. അടുത്ത ഭാഗത്ത് പറയുന്നത്, ആ വാഗ്ദത്തങ്ങൾ നിമിത്തം "ദിവ്യ സ്വഭാവത്തിന്" കൂട്ടാളികളാകുവാനും അവസരം നൽകുന്നു. ഇവിടെ പറയുന്ന വാഗ്ദത്തങ്ങൾ പഴയ നിയമത്തിലുടനീളം നൽകിയ വാഗ്ദാനങ്ങളാണ് എന്നു മനസിലാക്കുന്നതാണ് നല്ലത്.

വാഗ്ദത്തങ്ങൾ നൽകുന്നതും നിറവേറ്റുന്നതും യേശു എന്ന വ്യക്തിയിലാണ്, അതാണ് പത്രൊസിന്റെ വായനക്കാരെ **ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാക്കിയതും**. ഒരർത്ഥത്തിൽ ക്രിസ്ത്യാനിയാവുക എന്നാൽ "ദൈവത്തിന്റെ തേജസിലും വീര്യത്തിലും" പങ്കുകാരാകുക എന്നാണെന്ന് അപ്പൊസ്തലൻ സ്പഷ്ടമാക്കി. വിശ്വാസികൾ എങ്ങനെയാണ് ദൈവസ്വഭാവത്തിൽ പങ്കുകാരാകുന്നത്? അതിന് ധാരാളം സാധ്യതകളുണ്ട്.

(1) മനുഷ്യരാകുക എന്നാൽ ദൈവസ്വഭാവത്തിൽ പങ്കുകാരാകുക എന്നതായിരിക്കാം ഒരുപക്ഷെ പത്രൊസ് നിരീക്ഷിച്ചത്. അവരെ സൃഷ്ടിച്ചതിന്റെ ഉദ്ദേശപ്രകാരം ജീവിതത്തെ പ്രതിഫലിപ്പിക്കുവാനായിരിക്കാം അവൻ തന്റെ വായനക്കാരോട് അപേക്ഷിച്ചത്. അവരെ ദൈവം തന്റെ പങ്കാളികളായിട്ടാണ്

സൃഷ്ടിച്ചത്. അവർ ദൈവത്തിന്റെ പങ്കാളികളായി പെരുമാറണമായിരുന്നു.

(2) ക്രിസ്ത്യാനികൾ വീണ്ടും ജനിക്കപ്പെടുമ്പോൾ-അതായത്, ക്രിസ്തുവിനെ ധരിക്കുവാൻ പാപമോചനത്തിനായി സ്നാനമേൽക്കുകയും അങ്ങനെ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുകയും ചെയ്തപ്പോൾ (പ്രവൃ. 2:38) – അവന്റെ സ്വഭാവത്തോട് അനുരൂപപ്പെട്ട്, അവന്റെ പങ്കാളികളായി തീർന്നു.

(3) വിശ്വാസികൾ ക്രിസ്തുവിന്റെ ഭാവം ധരിക്കണം എന്നതായിരിക്കാം പൗലൊസിന്റെ പ്രസ്താവനയിൽ വിശ്വാസികളോട് ആവശ്യപ്പെടുന്നത് (ഫിലി. 2:5). അത് ശരിയാണെങ്കിൽ, “ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാകുക” എന്നാൽ കർത്താവിന്റെ ചിന്തകളും പെരുമാറ്റവും തങ്ങളുടേതാക്കി മാറ്റുക എന്നർത്ഥം. ക്രിസ്തു മുഖാന്തരം വിശ്വാസികൾ മക്കളാകുവാൻ പ്രാപ്തരാകുന്നു എന്നു യോഹന്നാൻ പറഞ്ഞതും അതുപോലെയാണ്.

(4) കർത്താവ് പ്രത്യക്ഷനാകുമ്പോൾ, ഭാവിയിൽ വിശ്വാസികൾ അവനോടുകൂടെ തേജസിൽ എടുക്കപ്പെടുന്ന സാഹചര്യത്തെയായിരിക്കാം പത്രൊസ് പറഞ്ഞത് എന്നതാണ് മറ്റൊരു സാധ്യത. അപ്പോൾ അവർ “ദിവ്യസ്വഭാവത്തിന് കൂട്ടാളികൾ” ആകും.

ആ സാധ്യതകളെല്ലാം ആകർഷണീയമായ ഘടകങ്ങളാണെന്നിരിക്കെ, താഴെ പറയുന്ന വാക്യങ്ങളിൽ “ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാകുന്നതിൽ” പ്രാധാന്യവും നരവംശപരമായ അനന്തരഫലങ്ങളെയും എടുത്തുകാണിക്കുന്നു. അതിനു പുറമെ, ജീവനും ഭക്തിക്കും വേണ്ടതായ ദൈവത്തിന്റെ ശക്തിയും നൽകിയിരിക്കുന്നതായി അവൻ പറഞ്ഞിരിക്കുന്നു. അക്കാരണങ്ങളാൽ, “ദിവ്യ സ്വഭാവത്തിന്” കൂട്ടാളികളാകുന്നത് മുകളിൽ പറഞ്ഞ രണ്ടാമത്തെ തിരഞ്ഞെടുപ്പ് ആകുവാനാണ് സാധ്യത. പുതിയ ജനനം അനുഭവമാക്കുക എന്നർത്ഥം. തന്റെ വായനക്കാർ “ദിവ്യ സ്വഭാവത്തിന്” കൂട്ടാളികളാകുന്നു എന്നു പറഞ്ഞത് അവരുടെ പരിവർത്തനത്തെ ഓർപ്പിക്കുന്നതായിരുന്നേക്കാം.

യവന സംസ്ക്കാര ലോകത്തിൽനിന്നെടുത്തതാകാം “ദിവ്യ സ്വഭാവത്തിന്” കൂട്ടാളികളാകുക തുടങ്ങിയ പ്രയോഗങ്ങൾ. മനുഷ്യ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാകാത്ത നാശത്തെ കുറിച്ച് പഠിച്ചവർ ചർച്ച ചെയ്തിട്ടുണ്ട്. ജഡിക നാശം ഒഴിവാക്കുവാനുള്ള മാർഗം ആത്മിയമായി ദൈവത്തിൽ ലയിപ്പിക്കുക എന്നാണ് ഗൂഢാർത്ഥ തത്വചിന്തകന്മാർ പഠിപ്പിച്ചത്. പത്രൊസിന് ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാകുക എന്നാൽ ക്രിസ്തുവിൽ ആകുന്നതിന്റെ ഭാഗമായിരുന്നു. വാഗ്ദാനങ്ങൾ നിറവേറ്റി, മനുഷ്യർക്ക് **ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊ** [ഴിഞ്ഞു], ക്രിസ്തു ദൈവത്തോടുള്ള സമാധാനവും നൽകി. “മോഹത്താൽ” എന്ന വാക്ക് ചേർത്ത്, ഭൗതികമായ ശരീരത്തിന്റെ നാശത്തെ കുറിച്ചല്ല, മറിച്ച്, മനസിനെ ദുഷിപ്പിക്കുന്നതിനെ കുറിച്ചാണ് പറയുന്നത്. പിന്നീട് 2:19, 20-ൽ, അവൻ പറയുന്നത് മോഹമാണ് ആളുകളെ അടിമയാക്കുന്നത് എന്നാണ്. “ദിവ്യ സ്വഭാവത്തിന് കൂട്ടാളിയാകുവാൻ” ആളുകൾ “ലോകത്തിലുള്ള നാശം” ഒഴിവാക്കണം. അവയെല്ലാം ഒരുമിച്ചുള്ളതാണ് താഴെ പറയുന്ന നിരോധന ഉത്തരവിന്റെ അടിസ്ഥാനം.

പുതിയനിയമ കാലയളവിലുടനീളം പാലസ്തീനിലും അതിർത്തി പ്രദേശങ്ങളിലുമുള്ള യെഹൂദന്മാർ യവന സംസ്ക്കാര ലോകത്തിന്റെ കുടുക്കിൽ അകപ്പെട്ടിരുന്നു. യവന സംസ്ക്കാരമുള്ള യെഹൂദ സമൂഹത്തിൽ സുവിശേഷം എത്തിക്കുവാൻ മനപ്പൂർവ്വമായും അപ്പൊസ്തലനും ഒരുപക്ഷെ പഠിച്ച സഹായിയും യവന സംസ്ക്കാര ആശയമായിരിക്കാം ഉപയോഗിച്ചത്.[1]

**വാക്യം 5**. മുൻ വാക്യങ്ങളിൽ അവന്റെ പ്രസ്താവനകളനുസരിച്ച്, പത്രൊസ് പിന്നെ ധാർമ്മിക പ്രബോധനമാണ് നൽകുന്നതു: **അതു നിമിത്തം തന്നെ** [അവർ സകല] **ഉൽസാഹവും കഴിക്കണം** എന്നു പറയുന്നു. പത്രൊസ് സുവിശേഷം അറിയിക്കുവാൻ യവനസംസ്ക്കാര ഭാഷ ഉപയോഗിച്ചുവെങ്കിലും, ധാർമ്മികമായി അവൻ ദൈവത്തിന്റെ സന്ദേശത്തിൽനിന്നു വ്യതിചലിച്ചില്ല. ആളുകൾ എങ്ങനെ പെരുമാറുന്നു എന്ന് ദൈവം നോക്കും. ഗ്രീക്ക് ലോകത്തിൽ, മതവും ധാർമ്മികതയും തമ്മിലുള്ള ബന്ധം വളരെ ലോലമായിരുന്നു. ക്രിസ്തുവിലുള്ള ജീവിതത്തിന്, ധാർമ്മിക മൂല്യം അനിവാര്യമായിരുന്നു. യേശുവിന്റെ മാതൃക പിൻപറ്റുന്നതിൽ രണ്ട് കാര്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു: (1) അത് ദൈവനാമത്തെ മഹത്വപ്പെടുത്തും. (2) അതു സ്വീകരിച്ച വ്യക്തിയെ ഉയർത്തിയിരുന്നു. ക്രിസ്ത്യാനികൾക്ക് ദൈവം തന്റെ മഹത്തായ വാഗ്ദത്തങ്ങൾ നൽകിയതിനാൽ, അവർ "ദൈവിക സ്വഭാവത്തിന്" കൂട്ടാളികളായതിനാൽ, അവർ മനോഗുണങ്ങൾക്ക് വിട്ടുവീഴ്ച്ച വരുത്താതെ ജീവിക്കുവാൻ "സകല ഉൽസാഹവും" കഴിക്കണമായിരുന്നു.

ജ്ഞാനികളായ പുരുഷന്മാരും യവന തത്വചിന്തകരും അവരുടെ വിദ്യാർത്ഥികൾക്ക് നിലവാരമുള്ള പരിശീലനത്തിന് നിരവധി മനോഗുണങ്ങൾ നൽകുക പതിവായിരുന്നു. പത്രൊസും പൗലൊസും തങ്ങളുടെ ലേഖനങ്ങളിൽ അതു പാലിച്ചിരുന്നു. 1 പത്രൊസ് 3:8, 9-ൽ, അപ്പൊസ്തലൻ ദൈവത്തിനു പ്രസാദകരമായ പെരുമാറ്റത്തെയും, 2:1 ലും 4:3 ലും, അവൻ ദുർഗുണങ്ങളുടെ ഒരു പട്ടികയെയും നൽകിയിരിക്കുന്നു. 2 പത്രൊസിലും, കൂടെ, ക്രിസ്തീയ പെരുമാറ്റത്തിനാവശ്യമായ ഗുണങ്ങളുടെ ഒരു പട്ടികയിലേക്ക് അപ്പൊസ്തലൻ തിരിഞ്ഞിരിക്കയാണ്. വിശാലമായ തത്വങ്ങളാണ് പത്രൊസിന്റെ ലിസ്റ്റിൽ ഉള്ളത്. അത് നിയമപരമായ കാര്യങ്ങളിൽനിന്നപ്പുറമാണ്. ഒരു നിയമത്തിനു അതിരുകൾ കാണും. ഉദാഹരണത്തിന്, വർഷത്തിൽ ഒരിക്കൽ പെസഹ ആചരിക്കുവാൻ യെരുശലേം ദൈവാലയത്തിൽ പോകണം എന്നു പറയുന്നു, അത് അനുസരിച്ചോ ഇല്ലയോ എന്ന് അറിയുവാൻ ഒരു ബുദ്ധിമുട്ടുമില്ല. ന്യായപ്രമാണം അനുസരിക്കുന്നതിൽ അടങ്ങിയിരിക്കുന്ന മൂലക വിഷയം ഏറ്റവും കുറഞ്ഞതാണ്. പത്രൊസ് പറഞ്ഞ യോഗ്യതകൾക്ക്, വിഷയ മൂലകം പരമാവധിയാണ്. ഒരാൾ എത്ര ഉത്തമമായി ജീവിച്ചു എന്നത് കണക്കാക്കാതെ, "അവിടെ, ഞാൻ അതു ചെയ്തിരിക്കുന്നു. വിശ്വാസത്താൽ ചെയ്തു, ഇപ്പോൾ, ധാർമ്മിക ശ്രേഷ്ഠതക്കായി നീങ്ങുന്നു" എന്ന് ആർക്കും പറയുവാൻ സാധ്യമല്ല.

പത്രൊസ് തന്റെ ലിസ്റ്റിൽ പറഞ്ഞ ഗുണങ്ങൾ ഗ്രീക്കിൽനിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുക പ്രയാസമാണ്. "നിങ്ങളുടെ വിശ്വാസത്തോട് കൂട്ടുക" (കെജെവി) എന്ന വാക്കുകൾ പറയുന്നത് ആ ഗുണങ്ങൾ ഒന്നിനു മുകളിൽ ഒന്നായി അടുക്കിവെക്കണം എന്ന രീതിയിലാണ്. അത് വാക്കുകൾ തമ്മിലുള്ള ബന്ധത്തെ അടുത്ത് ബോധ്യമാക്കുന്നില്ല. എൻഏഎസ്ബിയിൽ ആ ചിന്ത നൽകിയിരിക്കുന്നത് **നിങ്ങളുടെ വിശ്വാസത്തോട് ധാർമ്മിക വീര്യം നൽകുക** എന്നാണ്. ഓരോ ഗുണവും ഉപയോഗിച്ചിരിക്കുന്നത് ഒന്നിൽനിന്ന് മറ്റൊന്നിലേക്കുള്ള ചവിട്ടുപടിയായിട്ടാണ്. "വിശ്വാസത്തിൽ കൂടെയാണ്" ഒരാൾ "വീര്യത്തിലേക്ക്" കടക്കേണ്ടത്, "വീര്യത്തിൽനിന്നാണ്" "പരിജ്ഞാനത്തിലേക്ക്" ഉയരേണ്ടത്.

ഒരു പുസ്തകത്തിലെ വിഷയമാണ് പത്രൊസിന്റെ ലിസ്റ്റിലെ ഓരോ വാക്കു

കളും. ഒരു ഭാഗത്ത് "വിശ്വാസം" കൊടുത്തിട്ട് മറ്റെ അറ്റത്ത് അവസാനിപ്പിക്കുന്ന വാക്കായിട്ടാണ് "സ്നേഹം" കൊടുത്തിരിക്കുന്നത്. "വിശ്വാസം" എന്ന വാക്ക് ഉപയോഗിക്കുന്നതുപോലെ വിശുദ്ധമായി ക്രിസ്ത്യാനികൾ മറ്റൊരു വാക്ക് ഉപയോഗിച്ചിട്ടില്ല. "കൃപയാലല്ലൊ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നു" എന്നു പൗലൊസ് പറഞ്ഞപ്പോൾ വിശ്വാസത്തെ ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടിസ്ഥാനമായിട്ടാണ് പറഞ്ഞിരിക്കുന്നത് (എഫെ. 2:8). സജിവമായ വാക്കാണ് "വിശ്വാസം." എബ്രായർ 11:1-ൽ, ലേഖകൻ ഒരു തികഞ്ഞ നിർവ്വചനം നൽകുന്നു: "വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു." പിന്നെ നിർവ്വചിച്ചതു പോരാഞ്ഞിട്ട് ഇങ്ങനെ പറയുന്നതു പോലെ തോന്നുന്നു, "നിർവ്വചിച്ചതുപോരെങ്കിൽ, വിശ്വാസം എന്താണെന്ന് ഞാൻ കാണിച്ചു തരാം. ഹാബേൽ എന്തു ചെയ്തുവോ, അതാണ് വിശ്വാസം. വിശ്വാസം ആണ് ഹാനോക്. വിശ്വാസമാണ് നോഹ. വിശ്വാസം ആണ് അബ്രഹാം." "വിശ്വാസം" എന്നത് ഒരു മാനസിക തികവല്ല, അത് വിശ്വാസത്താൽ ഉണരുന്ന പെരുമാറ്റമാണ്. വിശക്കുന്ന കുട്ടിക്ക് ആഹാരം കൊടുക്കുന്നതും സ്നാനത്താൽ ക്രിസ്തുവിനെ ധരിക്കുന്നതും വിശ്വാസത്തിൽനിന്നു വേർപിരിക്കുവാനാകാത്ത പ്രവൃത്തികളാണ്.

"വിശ്വാസം മൂലം" ക്രിസ്തുവിൽ വന്നിട്ട്, തന്റെ വായനക്കാർ അടുത്ത പടിയിലേക്ക് കയറുന്ന ഒന്നാണ് "വീര്യം" (*അരേറ്റേ*) എന്നാണ് പത്രൊസ് പറഞ്ഞത്. 1:3-ൽ, ദൈവം വിശ്വാസികളെ തന്റെ മഹത്വത്താലും വീര്യത്താലുമാണ് വിളിച്ചിരിക്കുന്നത് എന്നു പറഞ്ഞിരിക്കുന്നു. ദൈവം കാണിച്ചു തന്ന അതേ "വീര്യത്തിലാണ്" ക്രിസ്ത്യാനികൾ വളരേണ്ടത്. ആ വാക്ക് പറയുന്നത്, ഉറപ്പും, ആശ്രയവും, സ്വഭാവ സ്ഥിരതയുമാണ്. ഒരാൾ തന്റെ വിശ്വാസം ദൈവത്തിൽ സമർപ്പിച്ചാൽ അത് സ്വാഭാവികമായി വരും.

**പരിജ്ഞാനം** എന്നത് സഭയിലേക്ക് നുഴഞ്ഞു വന്നതായി പത്രൊസ് പറഞ്ഞ ദുരുപദേഷ്ടാക്കന്മാർക്ക് പ്രാധാന്യമുള്ള വാക്ക് ആയിരുന്നു. അപ്പൊസ്തലനും അത് പ്രധാനപ്പെട്ട വാക്ക് ആയിരുന്നു, പക്ഷെ അത് തന്റെ ലിസ്റ്റിൽ ആദ്യത്തേതോ അവസാനത്തേതോ ആയ വാക്കായിരുന്നില്ല. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ലിസ്റ്റിൽ, "പരിജ്ഞാനം" പലപ്പോഴും മുൻഗണനാക്രമത്തിലാണ് വരുന്നത്. 2 പത്രൊസിന്റെ ലേഖനത്തിൽ, അത് വരുന്നത് "വിശ്വാസത്തിനും," "വീര്യത്തിനും" ശേഷമാണ്. 1:2, 3-ൽ, രക്ഷിക്കപ്പെടുവാനുള്ള വിശ്വാസത്തോടൊപ്പം വെച്ചിരിക്കുകയാണ് പരിജ്ഞാനം, അവിടെ അവൻ ഉപയോഗിച്ച വാക്ക് *എപിഗ്നോസിസ്*, "പരിജ്ഞാനത്തിന്" ഒരുപക്ഷെ ശക്തമായ വാക്ക് ആയിരിക്കാം, ഈ വാക്യത്തിലേത് (*നോസിസ്*) ക്രിസ്ത്യാനികളുടെ വളർച്ചക്ക് പ്രായോഗികമായ തരത്തിലുള്ള വാക്കാണ്.

പത്രൊസ് ദുരുപദേഷ്ടാക്കന്മാരെ നേരിട്ടതുപോലെ, പൗലൊസും കൊരിന്ത്യയിൽ തങ്ങളുടെ "ജ്ഞാനത്തിൽ" ചീർത്തിരുന്ന ക്രിസ്ത്യാനികളെ നേരിട്ടു. പൗലൊസ് കൊരിന്ത്യരോട് ചോദിച്ചു, നാവിനെ പരി-ശോധിക്കുവാനാവശ്യപ്പെട്ടിട്ട് പറഞ്ഞു "നമുക്ക് എല്ലാവർക്കും അറിവുണ്ട് എന്നു നമുക്ക് അറിയാം." പിന്നെ അവൻ തുടർന്നു, "അറിവ് ചീർപ്പിക്കുന്നു; സ്നേഹമോ ആത്മിക വർദ്ധന വരുത്തുന്നു" (1 കൊ. 8:1). "വിശ്വാസത്തിൽ" തുടങ്ങിയിട്ട് വളരുന്നത് "വീര്യത്തിലേക്കാണ്," അതിനു ശേഷമാണ് "പരിജ്ഞാനം" എന്ന വിലയുള്ള ക്രിസ്തിയ ലക്ഷ്യം എന്ന പടിയിലേക്ക് കയറുന്നത്. എന്നിരുന്നാലും, "പരിജ്ഞാനം" സ്വയം-ഉയരുന്നതിനുള്ളതല്ല. മറ്റു ഗുണങ്ങളൊടൊപ്പ

മുള്ള ഒരു ഗുണമായിട്ടുവേണം “പരിജ്ഞാനത്തെ” കാണുവാൻ. ഏതെങ്കിലും ഒരു ഗുണം എടുത്ത് ദൈവത്തെ നയിക്കുവാനോ അവനെ മനുഷ്യന്റെ പ്രതിമയാക്കുവാനോ ശ്രമിച്ചാൽ അത് ഗുണം അല്ലാതാക്കും.

**വാക്യം 6. പരിജ്ഞാനം** എന്നത് **ഇന്ദ്രിയ-ജയ**ത്തിലേക്കുള്ള പടിയാണ്. പൗലൊസിന്റെ “ആത്മാവിന്റെ ഫലങ്ങളിലും” പത്രൊസിന്റെ ക്രിസ്തീയ ഗുണങ്ങളിലും പൊതുവിലുള്ളത് മൂന്നു ഗുണങ്ങളാണ് (ഗലാ. 5:22, 23). ഗലാത്യലേഖനത്തിൽ, എൻഏഎസ്ബി “വിശ്വസ്തത” എന്നാണ് പറയുന്നതെങ്കിലും, അവയിൽ രണ്ടെണ്ണമാണ് “വിശ്വാസവും,” “സ്നേഹവും.” മൂന്നാമതായി ലിസ്റ്റിൽ കാണുന്നതാണ് “ഇന്ദ്രിയ-ജയം” (*എൻക്രാടെയിയാ*). പുതിയ നിയമത്തിൽ *എൻക്രാടെയിയാ* വരുന്നത് പ്രവൃത്തികൾ 24:25 ലാണ്, അവിടെ പൗലൊസ് നാടുവാഴിയായിരുന്ന ഫേലിക്സിനോട് “നീതി, ഇന്ദ്രിയ-ജയം, വരുവാനുള്ള ന്യായവിധി” എന്നിവയെ കുറിച്ചായിരുന്നു സംസാരിച്ചത്.

തന്റെ ജനം അവരുടെ അഭിലാഷങ്ങളും, ആവേശങ്ങളും നിയന്ത്രിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. സാധ്യതയുള്ളവയാണ് അവൻ നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത്. ആളുകൾക്ക് തങ്ങളുടെ കോപം, ചിന്തകൾ, മോഹം, പെരുമാറ്റം എന്നിവ നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. ഈ ഗുണം പരിശീലിക്കുവാൻ എളുപ്പമാണെന്ന് പത്രൊസോ പൗലൊസോ പറഞ്ഞില്ല. തങ്ങളുടെ വികാരങ്ങൾ ചിലർക്ക് നിയന്ത്രിക്കുവാൻ കഴിയുന്നതുപോലെ മറ്റുള്ളവർക്ക് കഴിയണമെന്നില്ല. കോപത്തിനോ മറ്റേതൊരു പരീക്ഷണത്തിനോ ഒരാൾ വശംവദനനാകുന്നതിന് ഒരൊഴിവ്കഴിവുമില്ല. “ഇന്ദ്രിയ-ജയത്തിന്” അത് യഥാർത്ഥത്തിലുള്ള പ്രതീക്ഷയാണെന്ന് ആദ്യം തിരിച്ചറിയണം എന്നതാണ് ആദ്യപടി. തനിക്ക് തന്നെ നിയന്ത്രിക്കുവാൻ കഴിയുമെന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്, പിന്നീടാണ് അത് ശീലിക്കേണ്ടത്.

“ഇന്ദിയ-ജയം” എന്ന വേദിയിൽനിന്നാണ് ഒരാൾ **സ്ഥിരത** യിലേക്ക് കയറുന്നത്, അത് ക്രിസ്തീയ സ്വഭാവത്തോട് കൂട്ടി ചേർക്കേണ്ടതാണ്. കെജെവി തർജ്ജമ ചെയ്തിരിക്കുന്നത് “നിരന്തര പ്രയത്നം” (*ഹാപോമോണോ*) അല്ലെങ്കിൽ “ക്ഷമ” പോലെയാണ്. അർത്ഥത്തിൽ, “ക്ഷമയും,” “സ്ഥിരോൽസാഹവും” അടുത്തിരിക്കുന്നു എങ്കിലും, പലപ്പോഴും “ക്ഷമയാണ്” നിരുൽസാഹത്തെ അല്ലെങ്കിൽ, കോപത്തെയും അതിജീവിക്കുവാൻ സഹായിക്കുന്നത്. ആ അർത്ഥത്തിൽ “ക്ഷമ” ക്ക് വേറെ ഗ്രീക്ക് വാക്കാണുള്ളത്. പത്രൊസ് തിരഞ്ഞെടുത്ത വാക്ക് സൂചിപ്പിക്കുന്നത്, ദീർഘായുസ്, സ്ഥിരത, ഉറപ്പ്, സഹിഷ്ണുത എന്നിവയാണ്. ക്രിസ്ത്യാനിയെ നിരുൽസാഹത്തെ അകറ്റി പരീക്ഷണങ്ങളിൽനിന്ന് പിന്തിരിപ്പിക്കുന്നതും ആ ഗുണമാണ്, വിശ്വാസത്തിൽ തുടരുവാനും അത് സഹായിക്കും. പത്രൊസ് ഉപയോഗിച്ച ഗ്രീക്ക് വാക്കിനു പറ്റിയ വാക്കാണ് “സ്ഥിരോൽസാഹം.”

വിശ്വാസത്തിലുള്ള സ്ഥിരത ക്രിസ്ത്യാനിയെ **ദൈവഭക്തി** എന്ന ലക്ഷ്യത്തിലേക്ക് നയിക്കും. പ്രവൃത്തിയിലേക്ക് എന്നതിനേക്കാൾ ആ വാക്ക് മനോഭാവത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ദൈവം എല്ലായ്പോഴും സമീപമുള്ളതായ മനോസാന്നിധ്യത്തെയാണ് സൂചിപ്പിക്കുന്നത്. ജീവിതത്തിന്റെ എല്ലാ വശങ്ങളിലേക്കും ദൈവത്തെ ആകർഷിക്കുന്ന ഭക്തിയാണ് അത്. ദൈവഭക്തിയുള്ള ഒരാൾ വിഷമമുള്ള തിരഞ്ഞെടുപ്പുകൾ തല കുനിച്ചു സ്വീകരിക്കും; ജീവിതത്തിലെ വേദനയും സന്തോഷവും ദൈവത്തോടുകൂടെ രണ്ടു കയ്യും നീട്ടി സ്വീകരിക്കും. അതിന്റെ അർത്ഥം “വീര്യത്തോടും,” “ഇന്ദ്രിയ-ജയ

ത്തോടും” കെട്ടിമറിഞ്ഞു കിടക്കുകയാണ്. ആ വാക്ക് ചിലപ്പോൾ “ക്രിസ്തീയ ഭക്തി” അല്ലെങ്കിൽ “മതം” എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത്. പൗലൊസ് ആ വാക്കാണ് 1 തിമൊഥെയൊസ് 6:3-ൽ ഉപയോഗിച്ചത്, അവിടെ “ഭക്തിക്കൊത്ത ഉപദേശം” എന്നാണ്. 1 തിമൊഥെയൊസ് 6:11 ൽ ഗുണങ്ങളുടെ ലിസ്റ്റിൽ “ദൈവഭക്തിയും” ഉൾപ്പെടുത്തിയിരിക്കുന്നു.

**വാക്യം 7**. കൽപനമേൽ കൽപന കൊടുത്ത് പത്രൊസ് **സഹോദര പ്രീതിയിലേക്ക്** വന്നിരിക്കുന്നു. സ്നേഹത്തിൽ നിന്നും മാറ്റാവുന്നതല്ല ദൈവത്തോടുള്ള ഭക്തിയും സഹ-മനുഷ്യനോടുള്ള ദയയും. ഗുണങ്ങൾ കൊടുത്തിരിക്കുന്ന ക്രമത്തിന് പ്രാധാന്യമുണ്ട്. ഒരാളുടെ അയൽക്കാരനോടുള്ള മാന്യതയും ദയവും അയാളുടെ **ദൈവ ഭക്തി** ഉയർത്തും “സഹോദരപ്രീതി” എന്നത് തർജ്ജമ ചെയ്തിരിക്കുന്ന ഗ്രീക്ക് വാക്ക് (*ഫിലാദെൽഫിയ*) ഇംഗ്ലീഷ് സംസാരിക്കുന്ന എല്ലാവർക്കും അറിയാം. പെൻസിൽവാനിയയിൽ ഒരു വലിയ പട്ടണത്തിന് “സഹോദര പ്രീതിയുടെ പട്ടണമെന്നാണ് പേർ.” സഹോദര വർഗത്തോടു മുഴുവനുമുള്ള വൈകാരിക സ്നേഹത്തെയാണ് അത് കാണിക്കുന്നത്. ഓരോ മനുഷ്യരേയും സ്നേഹിക്കുവാനും, മാനിക്കുവാനും, ബഹുമാനിക്കുവാനുമാണ് യേശു പഠിപ്പിച്ചത്, എന്നാൽ തങ്ങൾ വിശ്വാസം പങ്കിട്ടവരോട് ഹൃദയംഗമ-മായ അടുപ്പമാണുള്ളത്. പൗലൊസ് അത് നന്നായി അവതരിപ്പിച്ചിരിക്കുന്നു, “എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക” (ഗലാ. 6:10).

ലിസ്റ്റിലെ അവസാനത്തെ വാക്കിന് വിശദീകരണം ഒന്നും ആവശ്യമില്ല, അല്ലെങ്കിൽ അതിനായിരിക്കും ഏറ്റവും കൂടുതൽ വിശദീകരണം ആവശ്യമായി വരുന്നത്. ഈ മനോഹരങ്ങളായ ഗുണങ്ങളെല്ലാം **സ്നേഹം** എന്ന ഗുണത്തിന്റെ അടിസ്ഥാനങ്ങളാണ്. എല്ലാം വലയം ചെയ്തിരിക്കുന്ന വാക്കാണ് അത്. പുതിയ നിയമത്തിലെ ക്രിസ്തീയ പെരുമാറ്റത്തിന്റെ ഏറ്റവും ഉയർന്ന വാക്കാണ്. തന്റെ ജനത്തിന്റെ ഏറ്റവും ശ്രേഷ്ടമായ സ്വഭാവമാണ് അത് എന്നാണ് യേശു പറഞ്ഞത് (യോഹ. 13:35). ദൈവത്തെയും സഹമനുഷ്യരേയും സ്നേഹിക്കുന്നതാണ്, എല്ലാ കൽപനകളിലും വെച്ച് വലിയത് എന്നാണ് കർത്താവ് പറഞ്ഞത് (മർ. 12:29–31). ആ വാക്കിന്റെ ആഴം അന്വേഷിച്ച് ജ്ഞാനികൾ നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കണ്ണു-നീരൊഴുക്കുന്ന വൈകാരികതയേക്കാൾ ഉപരിയാണ് “സ്നേഹം” എന്നു നമുക്ക് പറയാം. തനിക്ക് പ്രതികൂലമായി ഭവിച്ചാലും മറ്റൊരാളുടെ നന്മക്കായി, തന്നെ മറ്റൊരാളുടെ സ്ഥാനത്ത് വെച്ചു പ്രവർത്തിക്കുന്നതാണ് സ്നേഹം. സ്വന്തം താൽപര്യങ്ങളേക്കാൾ മറ്റുള്ളവരുടെ ക്ഷേമം ഉയർന്നതായി കരുതുന്നതാണ് അത്.

**വാക്യം 8**. അപ്പൊസ്തലൻ ഇവിടെ ഉപയോഗിച്ച വാക്കുകൾ വെറും സംഗ്രഹം മാത്രമല്ല; അവൻ പറയുന്നത് സിദ്ധാന്തമല്ല. പത്രൊസ് പറയുന്നത് ആ ഗുണങ്ങളിൽ വേരൂന്നിയാൽ നിങ്ങൾ **ഉൽസാഹമില്ലാത്തവരും നിഷ്ഫലന്മാരും** ആകുകയില്ല എന്നാണ്. ക്രിസ്തീയ ഗോളത്തിൽ, ക്രിസ്ത്യാനികളാണെന്ന് പറയുക മാത്രം ചെയ്യുന്നവർ “പ്രയോജനമില്ലാത്തവരും” “നിഷ്ഫലന്മാരും” ആണ് എന്നർത്ഥം. “പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജീവമാണ്” എന്ന് യാക്കൊബ് പറഞ്ഞതിന്റേയും അർത്ഥം അതു തന്നെയാണ് (യാക്കൊ. 2:20). സ്റ്റോയിക് തത്വചിന്തകർ സൈദ്ധാന്തികമായ ആശയങ്ങൾ എടുക്കുമ്പോൾ, ക്രിസ്ത്യാനിത്വത്തിൽ, ശരിയായ വാക്കുകൾ പ്രായോഗികമാക്കുകയാണ് ചെയ്യുന്നത്. ലിറ്റോട്സ് എന്നു പറയുന്നത് ഒരു ഭാഷാരുപം അതിന്റെ

എതിരായതിനെ ഉറപ്പിക്കുന്നതാണ്. പത്രൊസ് ഇവിടെ ഉപയോഗിച്ചത് അത്തരം ഭാഷയാണ്. ക്രിയാത്മകമായി അവൻ പറഞ്ഞത്, ആ ഗുണങ്ങളെല്ലാം ശരിയായി ഉപയോഗിച്ചാൽ പ്രയോജനപ്രദവും ഫലപ്രദവുമാകും എന്നാണ്.

ജ്ഞാനമുണ്ടെന്നതിന്റെ പേരിൽ ദുരുപദേഷ്ടാക്കന്മാർക്ക് സംസാരിക്കുവാനുള്ള അവകാശമുണ്ട് എന്നത് പത്രൊസ് സമ്മതിച്ചു കൊടുത്തില്ല. ജ്ഞാനമുണ്ടെന്ന അവരുടെ അവകാശം "പ്രയോജനമില്ലാത്തതും" "നിഷ്ഫലവുമാണ്." **നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ**, തന്റെ ജനം പ്രയോജനപ്രദവും ഫലപ്രദവും ആകുവാനും, ദൈവേഷ്ടം നിറവേറ്റുവാനും കഴിയുന്ന ഗുണങ്ങളാണ് 1 പത്രൊസ് 1:5-7 ൽ ഉള്ളത്. 1:2, 3-ൽ പത്രൊസ് പറഞ്ഞ "പരിജ്ഞാനം" എന്ന വാക്കിലേക്ക് വീണ്ടും മടങ്ങി വന്നിരിക്കുകയാണ് (*എപിഗ്നോസിസ്*). "സത്യ പരിജ്ഞാനം" എന്നു കൂട്ടിച്ചേർത്ത് എൻഎഎസ്ബി അർത്ഥ വ്യാപ്തി വരുത്തിയിരിക്കുകയാണ്, എന്നാൽ ഗ്രീക്കിൽ "സത്യം" തനിയെ-നിൽക്കുകയാണ് ആ വാക്യത്തിൽ. സ്വയം-സേവിക്കുന്ന ദുരുപദേഷ്ടാക്കളുടെ ജ്ഞാനത്തിനെതിരാണ്, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റേത്." അത് മറ്റുള്ളവരെ നിയന്ത്രിക്കുന്നതിനോ അല്ലെങ്കിൽ സ്വയം പ്രശംസിക്കുന്നതിനോ ഉള്ളതല്ല. "സത്യപരിജ്ഞാനം" ജാതിയമായ രീതിയിൽ ഫലം പുറപ്പെടുവിക്കും. എന്നാൽ "വിശുദ്ധി" എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിട്ടില്ല, ഇതേ രീതിയിലുള്ള സ്വഭാവമാണെന്നു തോന്നുന്നു പത്രൊസ് 1 പത്രൊസ് 1:15, 16-ൽ വിവരിച്ചിരിക്കുന്നത്. 1:3 ലെ പരിജ്ഞാനം ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ്. ഈ വാക്യത്തിലെ പരിജ്ഞാനത്തിന്റെ ഉദ്ദേശം വിശുദ്ധിയാണ്.

**വാക്യം 9.** ക്രിയാത്മകമായി, ക്രിസ്തീയ ഗുണങ്ങൾ പരിശീലിക്കുമ്പോൾ അത് പ്രയോജനപ്രദവും ഫലപ്രദവുമാകും. നിഷേധരൂപത്തിൽ, പത്രൊസ് പറഞ്ഞു, **അവയില്ലാത്തവനോ കുരുടനും ഹ്രസ്വ-ദൃഷ്ടിയുള്ളവനും ആകുന്നു.** "ആ യോഗ്യതകൾ" ഇല്ലാത്തവർ, തങ്ങൾ പ്രയോജനം ഇല്ലാത്തവരെന്നും ഫലമില്ലാത്തവർ എന്നും സാക്ഷ്യപ്പെടുത്തുകയാണ്. ക്രിസ്തീയ സന്ദേശം കേട്ട് മനസിലാക്കുന്നതിൽ പരാജയപ്പെടുന്നവരാണ് ക്രിസ്തീയ ഗുണങ്ങൾ ഇല്ലാത്തവർ. അവർ കാണുന്നു എന്ന് അവകാശപ്പെടുന്നു എങ്കിലും, അപ്പൊസ്തലൻ പറയുന്നത് അവർ "കുരുടരാണ്" എന്നത്രെ. മനസിലാക്കുവാൻ കഴിയാത്തവരെ പൊതുവിൽ പറയുന്ന രൂപകാലങ്കാരമാണ് കുരുടൻ (2 കൊ. 4:4 നോക്കുക).

അസാധാരണമായിട്ടാണ് ഈ പ്രയോഗത്തിൽ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്. ഏറ്റവും നല്ല രീതിയിലാണ് "കുരുടനും ഹ്രസ്വ-ദൃഷ്ടിയുള്ളവനും" എന്നു പറഞ്ഞിരിക്കുന്നത് അതിനെതിരായത് ഏറ്റവും മോശമാണ്. "ഹ്രസ്വ-ദൃഷ്ടിയുള്ള" ആൾക്ക് കുറച്ച് കാണുവാൻ കഴിയും. ഒരാൾക്ക് ഒരേ സമയത്ത് "കുരുടൻ" ആയിരിപ്പാനും "ഹ്രസ്വ-ദൃഷ്ടിയുള്ളവൻ" ആയിരിപ്പാനും സാധ്യമല്ല. "ഹ്രസ്വ-ദൃഷ്ടി" എന്നു തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് (*മുവോപാസോ*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. ആ വാക്കിന്റെ ശബ്ദോൽപത്തിശാസ്ത്രം അനുസരിച്ച്, അതിന്റെ അർത്ഥം "ചിമ്മുക," അല്ലെങ്കിൽ "കണ്ണ് അടക്കുക" എന്നാണെന്ന് ചിലർ അവകാശപ്പെടുന്നുണ്ട്. ക്രിസ്തീയ ഉപദേശം ആവശ്യപ്പെടുന്ന സത്യത്തോട് കണ്ണടച്ച് പ്രതികരിക്കാതിരിക്കുക എന്നതാണ് ആശയം. ആ വ്യാഖ്യാനം ആകർഷകമാണെങ്കിലും, ആ വാക്ക് നിർവ്വചിക്കുവാനെടുക്കുന്ന ശബ്ദോപ്പത്തി അസ്ഥിരമാണ്. മനപ്പൂർവ്വമായ അന്ധതയാണ്

പത്രൊസ് അർത്ഥമാക്കിയതെങ്കിൽ, പത്രൊസ് ആനുകാലിക ഉപയോഗത്തിന് അജ്ഞാതമായ വാക്ക് ഉപയോഗിക്കുമായിരുന്നു. അപ്പൊസ്തലൻ ഉദ്ദേശിച്ചത് പ്രത്യേകമായി അന്ധതയുടെ സ്വഭാവത്തെയാണ്. "ഹ്രസ്വ-ദൃഷ്ടിയുള്ളവൻ ക്രമേണ അന്ധതയിലേക്ക് നീങ്ങുവാനും" സാധ്യതയുണ്ട്. അത്തരം വ്യാഖ്യാന സാധ്യതയുള്ളതിനാലാകാം എൻഐവി ലിസ്റ്റിൽ വാക്കുകളുടെ ക്രമം തിരിച്ചു കൊടുത്തിരിക്കുന്നത്.

"ഹ്രസ്വ-ദൃഷ്ടിയുള്ളവരെ" കുറിച്ച് പത്രൊസ് എന്താണ് പറയുന്നത്? ആ രൂപകാലങ്കാരം എന്തു ചിത്രമാണ് നമുക്ക് നൽകുന്നത്? "ഹ്രസ്വ-ദൃഷ്ടിയുള്ളവന്" അടുത്തുള്ളവ മാത്രമെ കാണുവാൻ കഴിയു. ഉടനെയുള്ള ഫലങ്ങളെയാണ് അയാൾ കാണുന്നത്. അയാൾക്ക് ആവേശത്തിലും, അംഗീകാരത്തിലും, അല്ലെങ്കിൽ നൈമിഷിക തൃപ്തിയിലുമാണ് താൽപര്യം. ക്രിസ്തീയ ഉപദേശത്തിന്റെ പ്രായോഗികത മനസിലാക്കുകയോ, ആഴമേറിയ ക്രിസ്തീയ സ്വഭാവമുള്ളവനാകുകയോ ചെയ്യുകയില്ല. അയാൾക്ക് ഉപദേശം എന്നത് ഒരു കുഴപ്പം പിടിച്ച പ്രശ്നമാണ്. അയാൾക്ക് ചിന്തിക്കുവാൻ താൽപര്യമില്ല; തന്റെ വഴിയിൽ ദൈവത്തോട് അടുക്കുവാനാണ് അയാൾക്ക് താൽപര്യം. മനസിനെ വൈകാരിക അനുഭവങ്ങളെ മറ്റുള്ളവക്ക് പകരമാക്കിയിരിക്കുന്നു. ദൈവം പറഞ്ഞിരിക്കുന്നതിനേക്കാൾ, അയാൾക്ക് തോന്നുന്നതിനാണ് പ്രാധാന്യം. ദൈവം പറഞ്ഞതിനെ അയാൾ അറിയുന്നില്ല, അറിയുവാൻ അയാൾക്ക് താൽപര്യവുമില്ല. നിർഭാഗ്യവശാൽ, ക്രിസ്ത്യാനിത്വത്തിൻ കീഴിൽ പാശ്ചാത്യ ലോകത്തെ ശരിയായി വിവരിക്കുന്നതാണ് ഹൃസ്വ-ദൃഷ്ടി എന്ന വാക്ക്.

ക്രിസ്തീയ ഗുണങ്ങൾ പരിശീലിക്കുന്നതിൽ പരാജയപ്പെടുന്ന ആൾ "ഹ്രസ്വ-ദൃഷ്ടിയുള്ള" വനാകുക മാത്രമല്ല, അത് നന്ദിയില്ലായ്മയെയും കാണിക്കുന്നു. അത്തരം വ്യക്തി **മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനുമാണ്.** നന്ദിയും ഓർമ്മയും പുലർത്തുന്നതാണ് ഒരു പരിധി വരെ ദൈവഭക്തിയുള്ള ജീവിതം എന്നു പറയുന്നത്. ദൈവം യിസ്രായേലിനെ മിസ്രയിമിൽനിന്നു വിടുവിച്ചതിന്റെ ഓർമ്മക്കായി യിസ്രായേൽ മക്കൾ ശബ്ബത്ത് ആചരിക്കണമായിരുന്നു (ആവ. 15:15). നിസ്സഹായരോടും, മുറിപ്പെട്ടവരോടും ദയവായിരിക്കണം എന്നു കൽപിച്ച ശേഷം മോശെ എഴുതി. "നീ മിസ്രയിം ദേശത്ത് അടിമയായിരുന്നു എന്നും നിന്റെ ദൈവമായ യഹോവ നിന്നെ വീണ്ടെടുത്തു എന്നും ഓർക്കേണം" (ആവ. 15:15). ദൈവഭക്തി അവകാശപ്പെടുന്നവരിൽ ക്രിസ്തീയ ഗുണങ്ങൾ ഇല്ലെങ്കിൽ, ദൈവം അവനെ ദിവ്യ സ്വഭാവത്തിന് കൂട്ടാളിയാകേണ്ടതിന്നു വിശുദ്ധീകരിച്ചതാണെന്ന് "മറക്കുന്നവനാണ് " (1:4). പാപത്തിൽ തുടർന്നു ജീവിക്കുന്ന ആൾ, തന്നെ കർത്താവ് വിശുദ്ധ ജീവിതത്തിനാണ് വിളിച്ചത് എന്ന് "മറന്നിരിക്കുകയാണ്."

## നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം (1:10, 11)

**10അതുകൊണ്ട് സഹോദരന്മാരേ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. 11ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും.**

വിളിച്ച് വിശുദ്ധീകരിച്ചാലും, ക്രിസ്ത്യാനികളുടെ തിരഞ്ഞെടുപ്പ് നഷ്ടമാകുവാൻ സാധ്യതയുണ്ട്. പത്രൊസിന്റെ വായനക്കാർ തങ്ങളുടെ ക്രിസ്തീയ യാത്ര തുടങ്ങി, എന്നാൽ ദുരുപദേഷ്ടാക്കന്മാർ തങ്ങളുടെ മാർഗത്തിൽ ചില തടസങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ക്രിസ്ത്യാനിത്വത്തെ ഒരുമിച്ചിരുന്ന് ദൈവവഴികളെ കുറിച്ച് ചർച്ച ചെയ്യുന്ന ഒരു സംഘത്തിലേക്ക് ചുരുക്കുവാൻ പരീക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവം അതിൽ കൂടുതൽ പ്രതീക്ഷിക്കുന്നു. വിശ്വാസമുള്ളവരെന്ന് പറയുമ്പോൾ, അതിന്റെ അനന്തരഫലമായ നവീകരണം ജീവിതത്തിൽ ആവശ്യമാണ്; ദൈവം വിളിച്ചിപരിക്കുന്നു. ക്രിസ്ത്യാനി വിളി സ്വീകരിച്ചിരിക്കണം. ഈ നാഴികയിലെ ആവശ്യം ഉൽസാഹമാണ്.

**വാക്യം 10.** പ്രസംഗങ്ങളിലും ലേഖനങ്ങളിലും, നിർണ്ണായക സന്ദർഭങ്ങളിൽ, **സഹോദരന്മാർ** എന്ന വാക്ക് കൂട്ടിച്ചേർക്കുന്ന പതിവ് പത്രൊസിന് ഉണ്ടായിരുന്നു (പ്രവൃ. 2:29; 3:17; 15:7), അല്ലെങ്കിൽ അതുപോലെയുള്ള "പ്രിയ" എന്ന വാക്കും ഉപയോഗിക്കും (1 പത്രൊ. 2:11; 4:12; 2 പത്രൊ. 3:1, 8, 14, 17). "സഹോദരന്മാർ" എന്ന വാക്ക് ഉപയോഗിച്ചതിനാൽ അപ്പൊസ്തലന്റെ മനസിലും ഹൃദയത്തിലും വായനക്കാർ ഉണ്ടായിരുന്നു എന്നു സ്പഷ്ടം. അവന്റെ അപേക്ഷക്ക് ഉയർന്ന ലക്ഷ്യമോ, നിഗൂഢ ലക്ഷ്യമോ ഇല്ലായിരുന്നു. അവരെ ദൈവം വിളിച്ച് അതിമഹത്തായ വാഗ്ദത്തം നൽകി എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. അവർ ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാകുവാനും അവൻ ആഗ്രഹിച്ചു, എന്നാൽ അവർ അവന്റെ അനുഗ്രഹങ്ങളെ നിസാരമായി കാണരുതായിരുന്നു.

ശത്രു ശക്തനാണ്. വിളിയെയും തിരഞ്ഞെടുപ്പിനേയും നിസാരമായി കണക്കാക്കരുത്. ലഭിച്ച രക്ഷ നഷ്ടപ്പെടുവാനും സാധ്യതയുണ്ട്. **അതുകൊണ്ട്** അപ്പൊസ്തലൻ പറഞ്ഞത്, **സകല ഉൽസാഹവും കഴിപ്പിൻ** എന്നാണ്. വാക്യം 5 മുതൽ 9 വരെ ഉൽസാഹം വർദ്ധിപ്പിക്കുവാൻ അപേക്ഷിച്ചിരിക്കുകയാണ്.

ഈ വാക്യത്തിലേതുപോലെ പുതിയ നിയമത്തിൽ മറ്റേതൊരു വാക്യത്തിലും മനുഷ്യരുടെ സ്വതന്ത്ര തിരഞ്ഞെടുപ്പിനായി ദൈവത്തിന്റെ പരമാധികാരത്തെ ഇത്ര അടുപ്പത്തിൽ വെച്ചിട്ടില്ല. നഷ്ടപ്പെട്ടവർ ക്രിസ്തുവിന്റെ അടുക്കൽ വരുമ്പോൾ, അവരെ **ദൈവം വിളിച്ച് തിരഞ്ഞെടുത്ത്** ജീവിപ്പിക്കുന്നു. ദൈവം തന്റെ രാജ്യത്തിലേക്ക് പ്രവേശിക്കുവാൻ, ആളുകളെ എങ്ങനെ "വിളിക്കുകയും തിരഞ്ഞെടുക്കുകയും" ചെയ്യുമെന്നതാണ് ചോദ്യം. അവന്റെ തിരഞ്ഞെടുപ്പ് അനിയന്ത്രിതവും, ദൈവ കൽപനയും, നിത്യതയിലെ പരമാധികാര തിരഞ്ഞെടുപ്പുമായിരുന്നു, അല്ലെങ്കിൽ ദൈവം വിളിക്കുന്നതും തിരഞ്ഞെടുക്കുന്നതും സുവിശേഷത്താലാണോ? രണ്ടാമത്തേതാണ് വാസ്തവമെങ്കിൽ, സുവിശേഷം കേൾക്കുന്ന ഓരോ വ്യക്തിയും ഒരു തീരുമാനം എടുക്കണം. സന്ദേശം വിശ്വസിച്ച് അനുസരിക്കുന്നവർ, ആ വസ്തുതയാൽ, ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നു. അത്താഴത്തിന് അമ്മ തന്റെ മക്കളെ രണ്ടുപേരെയും വിളിക്കുന്നതിനു സമാനമാണ് ദൈവത്തിന്റെ വിളി. അവരിൽ ഒരാൾ തിരക്കിലായതുകൊണ്ട് ഭക്ഷണത്തിനു വന്നില്ല. മറ്റെയാൾ മേശക്കരികിലേക്ക് ഓടിവന്നു. ഒരർത്ഥത്തിൽ, അവൾ രണ്ടുപേരേയും ക്ഷണിച്ചു, പക്ഷെ മേശക്കരികിലെത്തിയ ആളാണ് വാസ്തവത്തിൽ വിളിക്കപ്പെട്ടത്.

സുവിശേഷ ഘോഷണത്താലാണ് തെസലൊനിക്യരെ വിളിച്ചത് എന്നാണ് പൗലൊസ് പറഞ്ഞത് (2 തെസ്സ. 2:14). ദൈവമാണ് അതിന് മുന്നിട്ടിറങ്ങിയത്. അവൻ സകല മനുഷ്യർക്കുമായി ഒരു സന്ദേശം എത്തിച്ചു. സുവിശേഷം

കേൾക്കുന്നവർ, ഒന്നുകിൽ അനുസരിക്കും അല്ലെങ്കിൽ നിരസിക്കും (റോമർ. 2:8; 2 തെസ്സ. 1:8; 1 പത്രൊ. 4:17). ഈ വാക്യത്തിൽ പത്രൊസ് അത് വിപുലമാക്കുകയാണ്. "വിശ്വസിപ്പാനും അനുസരിപ്പാനും" വിശ്വസിക്കുന്നയാൾ ഒരു തീരുമാനം എടുക്കുക മാത്രമല്ല (റോമർ. 1:5; 16:26), **അവന്റെ** "വിളിയും തിരഞ്ഞെടുപ്പും" **ഉറപ്പാക്കുവാൻ തീർച്ചപ്പെടുത്തണം**. സുവിശേഷത്തിന്റെ ആജ്ഞകളോടുള്ള മനുഷ്യരുടെ പ്രതികരണത്തിൽ, വിളി സ്വീകരിക്കുക മാത്രമല്ല, വിളിക്കപ്പെട്ട അവസ്ഥ നിലനിർത്തുകയും വേണം.

എൻഏഎസ്ബി തർജ്ജമയിൽ "അവന്റെ" എന്നു മാത്രമല്ല, ആ വാക്ക് തുടങ്ങിയിരിക്കുന്നത് വലിയ അക്ഷരത്തിലുമാണ്, വിളിയിൽ പ്രവർത്തിക്കുന്നത് ദൈവമാണ് എന്ന് അത് സൂചിപ്പിക്കുന്നു. വാസ്തവത്തിൽ, ആ വാക്കുകളോടുകൂടെ ഉപയോഗിച്ചിരിക്കുന്ന "നിങ്ങളുടെ" എന്ന സർവ്വനാമം ബഹുവചന രണ്ടാം വ്യക്തിയാണ്. അതിനു പുറമെ, "ഉറപ്പാക്കുക" എന്ന ഗ്രീക്കു ക്രിയ മദ്ധ്യ ശബ്ദമാണ്, "നിങ്ങൾ തന്നെ ഉറപ്പാക്കുവിൻ." ഈ സംഭവത്തിൽ, എൻഏഎസ്ബിയുടെ തർജ്ജമ സ്പഷ്ടമാണ്. മുമ്പിലെ വാക്യത്തിൽ (1:9), വിശ്വാസിയായ വ്യക്തിയായിരുന്നു വിഷയം. തങ്ങൾ അനുഭവിച്ച "വിളിയും തിരഞ്ഞെടുപ്പും" ഉറപ്പാക്കിക്കൊൾവിൻ എന്നായിരുന്നു പത്രൊസ് തന്റെ വായനക്കാരോട് ആവശ്യപ്പെട്ടത്. നല്ല തർജ്ജമ എന്തെന്നാൽ "നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ" എന്നാണ്.

തന്റെ പോയിന്റ് അടിവരയിടുവാൻ പത്രൊസ് പറഞ്ഞു. **ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറുകയില്ല**. ഇടർച്ച യഥാർത്ഥത്തിൽ ഉണ്ടാകുവാൻ സാധ്യതയുള്ളതാണ്. ചിലപ്പോൾ ആളുകൾ "സത്യത്തിൽനിന്നും അകന്നു പോകും" (2 തിമൊ. 2:17, 18). അതുകൊണ്ടാണ് ഉൽസാഹിക്കുവാൻ പത്രൊസ് ആവശ്യപ്പെട്ടത്. പത്രൊസിന്റെ വായനക്കാർ എത്ര കാലം അവരുടെ "വിളിയും തിരഞ്ഞെടുപ്പും" ആസ്വദിക്കും? അതിന് പത്രൊസ് മറുപടി പറഞ്ഞു, "ഈ കാര്യങ്ങൾ" പരിശീലിക്കുന്ന കാലത്തോളം. അവ പരിശീലിക്കുന്നതിൽ പരാജയപ്പെട്ടാൽ, അവരുടെ "വിളിയും തിരഞ്ഞെടുപ്പും" നഷ്ടമാകും എന്നാണ് സൂചന. "ഇവ" എന്നു പറഞ്ഞിരിക്കുന്നത് മുൻവാക്യങ്ങളിൽ പത്രൊസ് പറഞ്ഞ ക്രിസ്തീയ ഗുണങ്ങളാണ്. ക്രിസ്ത്യാനിയാകുക എന്നത് ഒരു ബുദ്ധിപരമായ ഗെയിം അല്ല. ആ പ്രയോഗങ്ങൾ ശരിയാക്കുക എന്നതിലുപരിയാണ് അത്. ക്രിസ്തുവിനോടും അവന്റെ ഉപദേശങ്ങളോടും ചേർന്നുള്ള സ്വഭാവ രൂപീകരണമാണ്.

**വാക്യം 11.** വിശ്വാസി "ഇവ" പരിശീലിച്ചാൽ "ഒരു നാളും ഇടറിപ്പോകയില്ല." ഇങ്ങനെ **നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം** [ധാരാളമായി] **പ്രാപിക്കും.** സഭയെ കുറിച്ച് ഉപയോഗിച്ച എല്ലാ രൂപകാലങ്കാരങ്ങളിലും വെച്ച് (ഉദാഹരണമായി, "ശരീരം," "ഭവനം," "ആലയം") "രാജ്യം" ആണ് ഏറ്റവും പൊതുവായുള്ളത്. സമാധാനം വസിക്കുന്ന ഒരു രാജ്യത്തിനായി പ്രവാചകന്മാർ കാത്തിരിക്കയായിരുന്നു (യെശ. 9:6, 7 നോക്കുക). യോഹന്നാൻ സ്നാപകൻ വന്ന് "സ്വർഗ രാജ്യം സമീപിച്ചിരിക്കുന്നു" എന്നു പ്രസംഗിച്ചു (മത്താ. 3:2). പൗലൊസ് പറഞ്ഞതനുസരിച്ച് "നമ്മെ ദൈവം തന്റെ പുത്രന്റെ രാജ്യത്തിലാക്കി വെച്ചു" (കൊലൊ. 1:13). പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് സഭയെ "നിത്യരാജ്യം" എന്നു വിളിച്ചിരിക്കുന്നത്.[2] ആ നാമവിശേഷണം മറ്റു വാക്കുകൾക്ക് ഉപയോഗിച്ചിട്ടുണ്ട്, ഉദാഹരണായി നിത്യ തേജസ് (2 കൊ. 4:17), നിത്യ രക്ഷ (എബ്രാ. 5:9). യേശുവിന്റെ ഉയർപ്പിനുശേഷമുള്ള ആദ്യ പെന്തെ

കൊസ്തു ദിനത്തിലാണ് നിത്യരാജ്യം നിലവിൽ വന്നത്. പ്രവൃത്തികൾ 2-ൽ ആളുകൾ ആദ്യമായി ചോദിച്ചു, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" അവരോടു പറഞ്ഞു, "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ" (പ്രവൃ. 2:37, 38). രക്ഷിക്കപ്പെട്ടവർ സംഘടിക്കുകയും, തുടർന്നും സംഘടിച്ച് നമ്മുടെ **കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ** "നിത്യരാജ്യത്തിലേക്ക്" പ്രവേശിക്കുന്നു.

ക്രിസ്തീയ ഗുണങ്ങൾ പരിശീലിക്കുന്നതിൽ പരാജയപ്പെടുന്നവർ ഇടറിപ്പോകും. അങ്ങനെ അവർ തങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഭദ്രമാക്കുന്നില്ല. ആരും ഇടറി വീഴേണ്ട ആവശ്യമില്ല എന്നാണ് വാക്യം 10 ഉം 11 ഉം പറയുന്നത്. ദൈവം വെറുതെ നൽകുകയല്ല, "നിത്യരാജ്യത്തിലേക്കുള്ള" പ്രവേശനം **ധാരാളമായി പ്രാപിക്കും** എന്നാണ് പറഞ്ഞിട്ടുള്ളത്. മുന്നിട്ടിറങ്ങിയത് ദൈവമാണ്. രാജ്യം നിത്യമാണ് കാരണം ഈ കാലത്തെ സഭ കർത്താവ് മടങ്ങി വരുമ്പോൾ, തിരിച്ചറിയാവുന്ന മഹത്വകരമായ രാജ്യത്തിൽ ലയിപ്പിക്കും. ക്രിസ്തുവിൽ ഉള്ള ജീവൻ "വരുവാനുള്ളതായിട്ടല്ല, മറിച്ച് വന്നു കഴിഞ്ഞതായിട്ടാണ്" പുതിയ നിയമത്തിൽ പറയുന്നത്. നേരെ മറിച്ച്, ഈ കാലത്ത് വിശ്വാസികൾ ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കയും ചെയ്യുന്നു. അവർ ദൈവത്തോട് ഒരു നിത്യബന്ധം തുടങ്ങി കഴിഞ്ഞു. മറുവശത്ത് തിരിച്ചറിയുവാനുള്ള കർത്താവിനോടുകൂടിയുള്ള നിത്യമായ വിശ്രമവും സമാധാനവും ആസ്വദിക്കുവാനായി കാത്തിരിക്കുകയുമാണ്. ഈ ജീവിതത്തിലും വരുവാനുള്ളതിലും, വിശ്വസ്ത ജീവിതത്തിന് ധനികമായ പ്രതിഫലമാണ് ഉള്ളത്.

## ഓർപ്പിക്കുക വഴി (1:12-15)

**12അതുകൊണ്ട് നിങ്ങൾ അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറച്ചു നിൽക്കുന്നവരും എന്നു വരികിലും ഇതു നിങ്ങളെ എപ്പോഴും ഓർപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും. 13നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവ് തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു എന്നു അറിഞ്ഞിരിക്കയാൽ 14ഞാൻ ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം നിങ്ങളെ ഓർപ്പിച്ചുണർത്തുക യുക്തം എന്നു വിചാരിക്കുന്നു. 15നിങ്ങൾ അത് എന്റെ നിര്യാണത്തിന്റെ ശേഷം എപ്പോഴും ഓർത്തുകൊള്ളുവാന്തക്കവണ്ണം ഞാൻ ഉൽസാഹിക്കും.**

ലേഖനത്തിൽ ഈ സമയത്ത്, പത്രൊസ് സംബോധന ചെയ്യുന്നതിൽ പ്രകടമായ മാറ്റം വരുത്തിയിരിക്കുന്നു. താൽപര്യമുള്ള ഒരു അദ്ധ്യാപകനെ പോലെയും, ദൈവത്തിന്റെ മഹിമയും വീര്യവും പങ്കിട്ട ഒരു വായനക്കാരുടെ ഒരു സഹ തീർത്ഥാടകനെ പോലെയുമാണ് അവൻ എഴുതിയത്. ആ നിലയിലാണ് ശ്രമിക്കുവാൻ അവരോട് ആവശ്യപ്പെട്ടത്. പ്രധാനപ്പെട്ട വാഗ്ദാനങ്ങൾ അവരിൽ നിറവേറിയത് അവൻ അവരെ ഓർപ്പിച്ചിരുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ നേട്ടങ്ങൾ അവർ അനുഭവിച്ചിരുന്നുവെങ്കിലും, ക്രിസ്തീയ ഗുണങ്ങൾ അഭ്യസിക്കുമ്പോൾ ലഭിക്കുന്ന വലിയ അനുഗ്രഹങ്ങളെ അവർ തിരിച്ചറിയുവാനായി പത്രൊസ് ആഗ്രഹിച്ചു.

അടിസ്ഥാനം ഇട്ടശേഷം അപ്പൊസ്തലൻ വ്യക്തിപരമായി തീർന്നു. താൻ

കർത്താവിനോട് അടുത്തുള്ളവൻ എന്നാണ് പത്രൊസ് പറഞ്ഞത്. യേശുവിനോടുകൂടെ ആയിരുന്നപ്പോഴുണ്ടായ ചില അനുഭവങ്ങൾ അവൻ അവരോട് പങ്കിട്ടു. ആ സംഭവങ്ങൾ ആകസ്മികമായിരുന്നില്ല. തന്റെ അധികാരത്തെ ഉറപ്പിക്കുന്നതായിരുന്നു അവൻ തിരഞ്ഞെടുത്ത് വ്യക്തമാക്കിയ സംഭവങ്ങൾ. താൻ കർത്താവിനെ ജഡത്തിൽ നേരിട്ടു കണ്ടതുകൊണ്ട്, ദുരുപദേഷ്ടാക്കന്മാരെ തിരുത്തുവാനുള്ള അവകാശം തനിക്കുണ്ട് എന്ന് അപ്പൊസ്തലൻ അവകാശപ്പെട്ടു.

**വാക്യം 12.** അഥേനയിലുണ്ടായിരുന്ന തത്വചിന്തകന്മാർ "വല്ല പുതുമയും പറയുവാനും ചെയ്യുവാനുമല്ലാതെ അവസരമുള്ളവരല്ല" എന്ന് ലൂക്കൊസ് എഴുതിയിരിക്കുന്നു (പ്രവൃ. 17:21 ). അതിൽനിന്നു വ്യത്യസ്തമായി, പത്രൊസ് തന്റെ വായനക്കാർക്ക് ഒരു പുതുമയും നൽകിയില്ല. മറിച്ച്, അവർ വിശ്വസിച്ച കാര്യങ്ങളിലേക്കാണ് അവരെ അവൻ കൊണ്ടുപോയത്. **ഈ കാര്യങ്ങളെ ഓർപ്പിക്കുവാൻ ഞാൻ എപ്പോഴും ഒരുങ്ങിയിരുന്നു** എന്നാണ് അപ്പൊസ്തലൻ എഴുതിയത്. 3:1-ൽ അവൻ ആ വിഷയത്തിലേക്ക് വീണ്ടും മടങ്ങി വരുന്നുണ്ട്. "ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു."

ഫ്രെഡ് ബി.ക്രാഡോക്ക് നിരീക്ഷിച്ചത്, മനസുകളെ "ഓർപ്പിച്ചുണർത്തുന്നത്" ലക്ഷ്യമാക്കി നിരവധി ക്രിസ്തീയ പ്രസംഗങ്ങൾ നടന്നിട്ടുണ്ട് എന്നാണ്.[3] സാമൂഹ്യമായ അനുഭവങ്ങളുടെ വെളിച്ചത്തിലുള്ള ആരാധനയിൽ, ഉപദേഷ്ടാവ് ബന്ധിപ്പിക്കുന്നത്, മിസ്രയിമിലെ മോശെയുടെ ബാല്യം, മരുഭൂമിയിലെ യിസ്രായേൽ, ദാവീദും ഗോല്യാത്തും, പ്രവാചകന്മാരും, ബാബേലിലെ പ്രവാസവും, യോഹന്നാൻ സ്നാപകൻ, യേശുവിന്റെ ഉപമകൾ, കർത്താവ് ഉയർത്തെഴുന്നേറ്റു വന്ന ആവേശം, ക്രിസ്ത്യാനിത്വം വ്യാപിക്കൽ എന്നിവ അവയിൽ ചിലതു മാത്രം. മിക്ക ശ്രോതാക്കൾക്കും, അവ ഒന്നും പുതിയതല്ല. ഓരോരുത്തരും അതു കേൾക്കുമ്പോൾ, അവരുടെ വിശ്വാസം ഉറപ്പിക്കുകയാണ്. "അവ എന്റെ ജനത്തിന്റെ സംഭവങ്ങളാണ്. തങ്ങൾ ആരാണെന്നും എന്തു വിശ്വസിക്കുന്നു എന്നും നമ്മോടു പറയുന്നു. അവ നമ്മിലുള്ള നന്മയും പ്രത്യാശയുമാണ് പ്രതിഫലിപ്പിക്കുന്നത്."

വാക്യത്തിന്റെ ആരംഭത്തിലെ മോശമായ ഗ്രീക്ക് വ്യക്തമാക്കുന്നതാണ് തർജ്ജമ. പത്രൊസ് ഉപയോഗിച്ചിരിക്കുന്നത് ഭാവികാലമാണ്, എന്നാൽ "എപ്പോഴും ഓർപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും" അല്ലെങ്കിൽ "ഞാൻ നിങ്ങളെ ഓർപ്പിക്കുവാൻ തയ്യാറായിരിക്കും" എന്ന പ്രയോഗം മനസിലാക്കുവാൻ പ്രയാസമാണ്. ഗ്രീക്ക് മോശമായിരിക്കയാൽ, അപ്പൊസ്തലൻ എന്താണ് അർത്ഥമാക്കിയത് എന്നു മനസിലാക്കുക പ്രയാസമാണ്.[4] എൻഏഎസ്ബിയുടെ തർജ്ജമ സന്ദർഭാനുസരണമാണെന്ന് തോന്നുന്നു. "ഈ കാര്യങ്ങൾ നിങ്ങളെ ഓർപ്പിക്കുവാൻ എപ്പോഴും ഞാൻ ശ്രമിക്കുന്നതായിരിക്കും." പത്രൊസിന്റെ പരിശ്രമത്തിൽ അപ്പോൾ എഴുതുന്ന ലേഖനവും ഉൾപ്പെടുന്നതാണ്, പക്ഷെ വാക്യം 15-ൽ, ഇനിയും നടത്തുവാനിരിക്കുന്ന ശ്രമങ്ങളുടെ സൂചന കാണാം (1:15 ന്റെ പരാമർശം നോക്കുക).

അപ്പൊസ്തലൻ ശ്രദ്ധാപൂർവ്വമായിരുന്നു ഓർപ്പിക്കുന്നത്. തന്നോടൊപ്പം അവൻ തന്റെ വായനക്കാരെ പങ്കാളികളാക്കുവാൻ സഖ്യം ഉണ്ടാക്കുകയായിരുന്നു. ഓർപ്പിക്കലിൽ അവരുടെ വിശ്വാസത്തെയോ അറിവിനെയോ കുറ്റപ്പെടുത്തിയില്ല. അതുകൊണ്ട് നിങ്ങൾ **അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറച്ചു**

**നിൽക്കുന്നവരും എങ്കിലും** എന്നാണ് അവരെ കുറിച്ച് പത്രൊസ് പറഞ്ഞത്. ദുരുപദേഷ്ടാക്കന്മാർ ചില ക്രിസ്തീയ സമൂഹത്തിനുള്ളിലേക്ക് നുഴഞ്ഞു കയറിയിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. അപ്പൊസ്തലൻ തന്റെ വായനക്കാരെ പൊതുവായ കാര്യത്തിനാണ് പഠിപ്പിച്ചെടുത്തത്. അവർ അപ്പൊസ്തലന്മാരിൽനിന്നു കേട്ടു പഠിച്ചതുകൊണ്ട്, ദുരുപദേഷ്ടാക്കന്മാരെക്കാളും അവരുടെ വഴികളെക്കാളും നന്നായി അവർ അറിഞ്ഞിരുന്നു. അവർ "സത്യത്തിൽ ഉറച്ചിരുന്നു." "സത്യം സംസാരിക്കുവാൻ" പത്രൊസിന് ഒരു മടിയുമില്ലായിരുന്നു. എല്ലാ "സത്യത്തെയും" ആപേക്ഷികമായി എടുക്കുന്ന ഇന്നത്തെ ആധുനിക സംസ്ക്കാരത്തിൽനിന്നും അവൻ വിദൂരമായിരുന്നു. തന്റെ വായനക്കാർക്ക് ക്രിസ്തുവിൽ "സത്യത്തോട്" അടുക്കുവാൻ കഴിഞ്ഞിരുന്നു എന്ന കാര്യത്തിൽ സംശയമില്ലായിരുന്നു.

**വാക്യം 13.** പത്രൊസിന് അപ്പൊസ്തലിക ഉത്തരവാദിത്തം ഉണ്ടായിരുന്നു. തങ്ങൾക്ക് ലഭിച്ച സന്ദേശത്തിലേക്ക് മടക്കി കൊണ്ടുവരുന്നത് യേശു ക്രിസ്തതുവിന്റെ അപ്പൊസ്തലൻ എന്ന നിലക്ക് **ശരിയായ** പ്രവൃത്തിയാണെന്ന് അവൻ **കരുതിയി**[രുന്നു]. അതു ശരിയായിരുന്നു കാരണം തന്റെ **ഭൂമിയിലെ വാസം** താൽക്കാലികമാണെന്ന് പത്രൊസ് അറിഞ്ഞിരുന്നു. "ഈ കൂടാരത്തിൽ" വെച്ച് അവരെ ഇനി ഓർപ്പിക്കുവാൻ അധികം അവസരങ്ങൾ ലഭിക്കുകയില്ലായിരിക്കാം എന്നാണ് പത്രൊസ് പറഞ്ഞത്. 1 പത്രൊസിന്റെ ലേഖനത്തിൽ വായനക്കാർ, "അന്യരും പരദേശികളും" ആയിരുന്നതായി പറഞ്ഞു. ഈ ലേഖനത്തിൽ, ജീവിതം ഒരു തീർത്ഥാടനം ആയിരിക്കുമ്പോൾ, ജഡ ശരീരം ഒരു "കൂടാരം" ആണെന്ന് പറഞ്ഞിരിക്കുന്നു. പഴയ നിയമത്തിൽ വേരുകളുള്ള വേദശാസ്ത്രപരമായ ഒരു വിഷയമാണ് അത്. അതേ സമയത്ത്, അത് യവന സംസ്ക്കാരമുള്ള എഴുത്തുകാരുടെ പൊതുവായ ലക്ഷ്യവുമായിരുന്നു.

യെരുശലേമിൽ ആയാലും റോമിൽ ആയാലും, ക്രിസ്തീയ സമൂഹത്തിൽ അദ്ധ്യക്ഷനാകുന്നത് അപകടകരമായ പ്രവൃത്തിയായിരുന്നു, സ്തെഫാനോസും (പ്രവൃ. 7:58, 59), യാക്കൊബും (പ്രവൃ. 12:1, 2) മരിച്ചു കഴിഞ്ഞിരുന്നു. പത്രൊസും മരണത്തെ മുഖാമുഖമായി കണ്ടുകൊണ്ടിരിക്കുകയായിരുന്നു (പ്രവൃ. 12:3, 4). "ഭൗമിക വാസം" എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നതിന്റെ അക്ഷരികമായ അർത്ഥം, "കൂടാരം," (*സ്കെനോമാ*) എന്നാണ്. അത് വർണ്ണാഭമായ ഒരു രൂപകാലങ്കാരമാണ്, എന്നാൽ ആധുനിക സംസ്ക്കാരത്തിൽ അത് ആശയവിനിമയം നടത്തുക പ്രയാസമാണ്. പത്രൊസിന്, ജഡ ശരീരം താൽക്കാലിക വാസം ആയിരുന്നു, ഒരാൾ ഏതു സമയത്തും മരിക്കുവാനിടയുണ്ട് എന്നർത്ഥം.

യവന ചിന്തയിൽ, ശരീരം എന്നത് ആത്മാവിനെ കുടുക്കിയിരിക്കുന്നതായിരുന്നു. ശരീരം മരിക്കുമ്പോൾ, ആത്മാവ് സ്വതന്ത്രമാകുന്നു. ഒരു വ്യക്തിയുടെ സത്ത ആത്മാവാണ്. ശരീരവും ആത്മാവും തമ്മിൽ ഒരു മർമ്മമായി യോജിച്ചിരിക്കുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. ശരീരത്തിനു പുറത്തുള്ള അസ്തിത്വം യെഹൂദന്മാരുടെ ചിന്തയിൽ വരാത്തതായിരുന്നു. വരുവാനുള്ള ജീവിതത്തെ കുറിച്ച് പൗലൊസ് പറഞ്ഞപ്പോൾ, അത് ഉയർത്തെഴുന്നേറ്റ ശരീരത്തോടുകൂടെയുള്ളതായിരുന്നു, അല്ലാതെ നിർവ്വചി-ക്കുവാൻ പറ്റാത്ത ഒരു ആത്മിയ അസ്തിത്വമായിരുന്നില്ല (1 കൊ. 15:42-58).

"ഭൗമിക വാസം" എന്ന വാക്കുകൾകൊണ്ട് ശരീരം/ആത്മാവ് എന്ന ഇരട്ട

വ്യക്തിത്വം സ്വീകരിച്ചിരുന്നു എന്നല്ല പത്രൊസ് അർത്ഥമാക്കിയത്. മറിച്ച് തന്റെ ഭൗതിക ജീവിതത്തിന് ഒരു അവസാനം ഉണ്ട് എന്നാണ് അവൻ പറഞ്ഞത്. ആ സമയം വരെ, [അവരെ] **ഓർപ്പിച്ചുണർത്തുന്നത്** തന്റെ കടമ ആണെന്ന് അവൻ ധരിച്ചിരുന്നു. ക്രിസ്തീയ സംഭവം അവന്റെ വായനക്കാർക്ക് അറിയാമായിരുന്നു; ക്രിസ്തീയ ഏറ്റുപറച്ചലിൽ അന്തർലീനമായിരുന്നത് അവർക്ക് അറിയാമായിരുന്നു. ഭീഷണി ഉയർന്നപ്പോൾ, അപ്പൊസ്തലൻ അവരെ പാരമ്പര്യത്തിലേക്ക് ശ്രദ്ധ തിരിച്ചു. അവരുടെ വിശ്വാസവും എരിവും വർദ്ധിപ്പിക്കുവാനും പ്രചോദിപ്പിക്കുവാനും പത്രൊസ് പഴയ സംഭവങ്ങളെ ഓർപ്പിച്ചു. കഴിഞ്ഞ കാലത്തിലേക്കുള്ള സഭയുടെ പിൻവലിയലല്ല പാരമ്പര്യം. മറിച്ച് ശരീരത്തിൽ അനൈക്യം ഉണ്ടാക്കി മയക്കത്തിലാക്കുന്ന ഭീഷണി നേരിടുമ്പോൾ, ദുരുപദേഷ്ടാക്കന്മാർ വിശ്വാസത്തിൽ വിട്ടുവീഴ്ച്ച ചെയ്യുവാൻ പ്രേരിപ്പിക്കുമ്പോൾ, അത് സഭയെ പ്രചോദിപ്പിച്ച് ജ്വലിപ്പിക്കും.

പത്രൊസിന്റെ പ്രബോധനം, ലേഖനത്തിലുടനീളം വിവാദവിഷയങ്ങളെ കൈകാര്യം ചെയ്യുന്ന വിധത്തിലുള്ളതായിരുന്നു. ആദ്യം തന്റെ വായനക്കാരെ, ധാർമ്മികവും ജാതിയവുമായ വിധത്തിൽ ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടുപോകുവാൻ ശ്രമിച്ചു. ആരംഭം മുതൽ അവർ കേട്ട ഉപദേശത്തെയായിരുന്നു അവൻ അവരെ ഓർപ്പിച്ചത്. അവൻ തന്റെ അപ്പൊസ്തൊലിക അധികാരത്തെ ഓർമ്മപ്പെടുത്തി. പിന്നെ, അദ്ധ്യായം 2 ആരംഭിക്കുമ്പോൾ, ദുരുപദേഷ്ടാക്കന്മാരെ നേരിട്ട് കൈകാര്യം ചെയ്യുന്നു. എന്നാൽ, ഇവിടെയും അവന്റെ ചിന്ത തിരിയുന്നത് ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശത്തിലേക്കായിരുന്നു.

**വാക്യം 14**. തന്റെ മരണത്തിന്റെ കൃത്യ സമയം പത്രൊസ് അറിഞ്ഞിരുന്നില്ല, എന്നാൽ യോഹന്നാൻ 21:18, 19 ലെ കർത്താവിനോടുള്ള സംഭാഷണമനുസരിച്ച്, മരണത്തിന്റെ അകമ്പടിയോടുകൂടെ ആണ് അപ്പൊസ്തലൻ ജീവിച്ചത്. തന്റെ ജീവിതത്തിന്റെ ഏതു കാലയളവിനും അപ്പൊസ്തലന് മതിയായതായിരുന്നു യേശുവിന്റെ വാക്കുകൾ.

2 പത്രൊസിന് സങ്കൽപനാമമാണുള്ളതെന്ന് അവകാശപ്പെടുന്നവർ ഈ വാക്യത്തെ മനസിലാക്കിയിരിക്കുന്നത് പത്രൊസിന്റെ അധികാരത്തെ ഇവിടെ നേർമ്മയായി മറെച്ചിരിക്കുകയാണ്. അങ്ങനെ കരുതിയിട്ട്, അടുത്ത പടി എഴുതിയ ആൾ പിന്നീട്, പത്രൊസ് റോമിൽ ആയിരുന്നപ്പോൾ, അവന്റെ ജീവിതത്തിൽ എഴുതി എന്നു വരുത്തിയതാണെന്നും കരുതുന്നു. അപ്പൊസ്തലനായ പത്രൊസിന് ലേഖനം എഴുതുവാൻ കഴിഞ്ഞില്ല എന്നു കരുതിയാൽ മാത്രമെ, റോമിൽനിന്നായിരുന്നു അതിന്റെ ഉത്ഭവസ്ഥാനം എന്നു പരിഗണിക്കേണ്ട ആവശ്യം വരുന്നുള്ളു. എഴുതിയ സ്ഥലം റോം ആയിരുന്നു എന്ന സൂചന പോലും ലേഖനത്തിൽ ഇല്ല.

യോഹന്നാൻ 21 ലെ സംഭാഷണത്തിൽ, പത്രൊസ് ബന്ധിക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്യുമെന്ന് യേശുവിന്റെ പ്രസ്താവനയിൽ അന്തർലീനമാക്കിയിരുന്നു. ലേഖകൻ മറ്റൊരാളാകുമായിരുന്നുവെങ്കിൽ, പത്രൊസിന്റെ ബന്ധനം പ്രവചിച്ചപ്പോൾ, സൂചന എന്തെങ്കിലും നൽകുമായിരുന്നു. അതിനുപുറമെ, പ്രവചന നിവർത്തീകരണമായി, പത്രൊസിനെ ഈ സമയത്ത് റോമൻ പടയാളിയുടെ കാവലിൽ ആക്കുന്നത് അവന് നല്ല ഒരു അവസരവുമായിരുന്നു. പകരം, 2 പത്രൊസിൽ ലേഖകൻ തടവിലാണെന്ന് പറയുന്നില്ല. പിൽക്കാലത്തെ ഏതെങ്കിലും ഒരു ശിഷ്യൻ പത്രോസിന്റെ പേരിട്ട് ഈ ലേഖനം എഴുതിയതാണെങ്കിൽ, അപ്പൊസ്തലൻ എന്ന തന്റെ അവകാശത്തിന് താങ്ങായി

യോഹന്നാൻ 21 ലെ സംഭാഷണം പറയുമായിരുന്നു.

യേശു യോഹന്നാൻ 21-ൽ പ്രവചിച്ചപ്പോൾ പറഞ്ഞതനുസരിച്ചാണ് **എന്റെ കൂടാരം പൊളിഞ്ഞുപോകുവാൻ അടുത്തിരിക്കുന്നു** എന്നു പത്രൊസ് അറിഞ്ഞത് എന്നു പറയുക സാധ്യമല്ല. "അടുത്തിരിക്കുന്നു" എന്നത് കൃത്യമായി അറിയുവാനുള്ള ശ്രമത്തിൽ ധാരാളം വാദങ്ങൾ നടന്നിട്ടുണ്ട്. നാം ഏറ്റവും നല്ല വാക്കായ *ടാക്കിനോസ്* എടുത്താലും, "ഉടനെ," അല്ലെങ്കിൽ "ആസന്നം" എന്നു തർജ്ജമ ചെയ്യുവാനേ കഴിയു. റോമിലേക്ക് യാത്ര തിരിക്കുന്നതിനു മുൻപ് തന്നെ അപ്പൊസ്തലൻ മരണം പ്രതീക്ഷിച്ചിരിക്കാം. എങ്ങനെയായാലും, ആ വാക്കിന്റെ നല്ല തർജ്ജമ "പെട്ടെന്ന്" എന്നായിരിക്കും.[5] അത്തരം സന്ദർഭത്തിൽ ആ വാക്കിന് പ്രത്യേക സമയം ഇല്ല.

**വാക്യം 15.** തന്റെ വായനക്കാരോട് ഉൽസാഹിപ്പാൻ ആവശ്യപ്പെട്ടശേഷം (1:5, 10), തന്റെ പരിശ്രമത്തിനു ഉൽസാഹം അപ്പൊസ്തലൻ വാഗ്ദാനം ചെയ്തു. തന്നെക്കുറിച്ചുള്ള "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രവചനം" പറഞ്ഞ ശേഷം, പത്രൊസ് തന്റെ നിര്യാണശേഷം **ഈ കാര്യങ്ങൾ** അവർക്ക് പ്രാപ്യമാണെന്ന് പറഞ്ഞു. **എന്റെ നിര്യാണം** എന്ന് അപ്പൊസ്തലൻ പറഞ്ഞത് തന്റെ മരണത്തെ കുറിച്ചു തന്നെയാണ്.[6] "ഈ കാര്യങ്ങൾ" എന്നു പറയുന്നത് പൂർണ്ണമായും വ്യക്തമല്ല. ഈ ലേഖനത്തിൽ അവൻ പറഞ്ഞിട്ടുള്ള കാര്യങ്ങളായിരിക്കാം. ഒരുപക്ഷെ ശിഷ്യന്മാരെ വിഴുങ്ങുവാൻ ശ്രമിച്ച ദുരുപദേഷ്ടാക്കന്മാരോട് പ്രതിവാദം നടത്തുവാൻ കൂടുതൽ വിവരങ്ങൾ ഭാവിയിൽ കൊടുക്കുവാൻ അവൻ ആഗ്രഹിച്ചിരിക്കാം. എങ്ങനെയായാലും, നൂറ്റാണ്ടുകളായി വ്യാഖ്യാതാക്കൾ ആ വാക്കിനെ മറ്റൊരു വിധത്തിലായിരുന്നു മനസിലാക്കിയിരുന്നത്.

തന്റെ ആസന്നമായ മരണത്തെ കുറിച്ച് "നമ്മുടെ കർത്താവായ യേശുക്രിസ്തു" പറഞ്ഞതായി അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു. "ഈ കാര്യങ്ങൾ" എന്നു പറഞ്ഞത് ഒരുപക്ഷെ യേശു പറഞ്ഞ കാര്യങ്ങൾ തന്നെയായിരുന്നേക്കാം. ഈ കാര്യങ്ങൾ എന്നത് യേശുവിനെ കുറിച്ചുള്ള കാര്യങ്ങൾ ആയിരുന്നേക്കാം. യേശുക്രിസ്തുവിനെ കുറിച്ചുള്ള കാര്യങ്ങൾ എഴുതുവാനുള്ള ഉൽസാഹമായിരിക്കാം പത്രൊസ് വാഗ്ദാനം ചെയ്തത്. യേശുവിന്റെ ഭൗമിക ശുശ്രൂഷകളെ കുറിച്ചു പത്രൊസ് എഴുതുവാൻ ആഗ്രഹിച്ചിരുന്നോ? പത്രൊസിന്റെ സുവിശേഷം എന്ന ഒന്നു ബൈബിളിൽ ഇല്ല, എന്നാൽ സുവിശേഷങ്ങൾ എഴുതുവാൻ പത്രൊസ് ഉപകരണമായി തീർന്നു എന്നു വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ ധാരാളമുണ്ട്.

സഭാ ചരിത്രകാരനായിരുന്ന യൂസേബിയസ്, നാലാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ, തന്റെ സമയത്ത് ക്രിസ്തീയ ഗോളത്തിൽ സംഭവിച്ച കാര്യങ്ങളെ അധികരിച്ച് ഒരു രേഖ എഴുതിയിരിക്കുന്നു. തനിക്ക് മുൻപ് ജീവിച്ച ക്രിസ്ത്യാനികളെ കുറിച്ചുള്ള രേഖയും അദ്ദേഹത്തിന് ലഭിച്ചിരുന്നു. വളരെ കാലത്തിനു ശേഷമാണ് ആ രേഖകൾ നശിച്ചു പോയത്. യുസേബിയസിനു ലഭിച്ച രേഖകളിൽ സഭയുടെ വൃത്താന്ത കുറിപ്പുകളും ആസ്യയിലെ പാപിയസ് എന്ന പാശ്ചാത്യ ആസ്യ ഭൂഖണ്ഡത്തിലെ വ്യക്തിയുടെ രേഖകളും ഉൾപ്പെട്ടിരുന്നു. പത്രൊസ് മരിച്ച ഉടനെയായിരുന്നു പാപിയസിന്റെ ജനനം എന്നു വിശ്വസിക്കുവാൻ കാരണങ്ങൾ ഉണ്ട്. യൂസേബിയസിന്റെ നിർദ്ദേശപ്രകാരം പാപിയോസ് എഴുതി,

കർത്താവ് പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ എഴുതുവാൻ മർക്കൊസ് പത്രൊസിന്റെ വ്യാഖ്യാനി ആകുകയും തീർച്ചയായും, കൃത്യമായി ഓർമ്മിച്ച് എഴുതുകയും ചെയ്തു ... ഒരു കാര്യത്തിന് അവൻ പ്രത്യേകം ശ്രദ്ധിച്ചു, അത്, താൻ കേട്ടത് ഒന്നും മറക്കാതെയും തെറ്റായ പ്രസ്താവനകൾ നടത്താതെയും ഇരിക്കുവാനാണ്.[7]

മറ്റു പുരാതന ലേഖകരിൽനിന്നും അതേ സാക്ഷ്യങ്ങൾ കേട്ടിരുന്നു. യൂസേബിയസ് തന്നെ എഴുതി,

[അവർ]മർക്കൊസിന്റെ സുവിശേഷം വിപുലമായിരിക്കുകയാലും, അവൻ പത്രൊസിന്റെ അനുഗാമിയാകയാലും വാമൊഴിയായി അവൻ അവ രോടുകൂടെ ഉണ്ടായിരുന്ന നാൾ വരെ അവർക്ക് നൽകിയ ഉപദേശങ്ങൾ എഴുതി നൽകുവാൻ അവർ മർക്കൊസിനോട് അപേക്ഷിച്ചു, അങ്ങനെയാണ് ആ തിരുവെഴുത്ത് മർക്കൊസിന്റെ സുവിശേഷമായി തീർന്നത്.[8]

ലഭ്യമായ പ്രാരംഭ രേഖകളനുസരിച്ച്, രണ്ടാം നൂറ്റാണ്ടിലേക്ക് മടങ്ങി പോയാൽ, "ഈ കാര്യങ്ങൾ" എന്നു പറഞ്ഞ പത്രൊസിന്റെ വാഗ്ദാനങ്ങൾ "അവന്റെ നിര്യാണശേഷം" നിറവേറപ്പെടുമെന്ന് അറിയിച്ചു. അവന്റെ വാഗ്ദാന നിറവേറലായിരുന്നു മർക്കൊസിന്റെ സുവിശേഷം.

## അവന്റെ മഹിമ കണ്ടസാക്ഷികൾ (1:16-18)

**[16]നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചത് നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമ കണ്ട സാക്ഷികളായിട്ടത്രെ. [17]"ഇവൻ എന്റെ പ്രിയപുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു"-എന്നുള്ള ശബ്ദം അതി ശ്രേഷ്ഠ തേജസിൽ നിന്ന് വന്നപ്പോൾ പിതാവായ ദൈവത്താൽ അവന്ന് മാനവും തേജസും ലഭിച്ചു. [18]ഞങ്ങൾ അവനോടുകൂടെ വിശുദ്ധപർവ്വതത്തിൽ ഇരിക്കുമ്പോൾ സ്വർഗത്തിൽനിന്നും ഈ ശബ്ദം ഉണ്ടായതു കേട്ടു.**

ഈ ലേഖനത്തിൽ, ഇവിടെ, ഒന്നുകിൽ പത്രൊസിനു നേരെ ഉയർന്ന കുറ്റാരോപണങ്ങൾക്ക് നേരിട്ടു പ്രതികരിക്കുകയോ അല്ലെങ്കിൽ യേശുവിന്റെ വ്യക്തിപരമായ ശുശ്രൂഷയിൽ ഉണ്ടായിരുന്ന മറ്റു ശിഷ്യന്മാർക്ക് എതിരെ ഉയർന്ന കുറ്റാരോപണത്തോട് പ്രതികരിക്കുകയായിരിക്കാം. തന്റെ അധികാരത്തിന് അവലംബമായി അപ്പൊസ്തലൻ യേശുവിനെ കുറിച്ചുള്ള കഥകൾ മെനഞ്ഞതായി കുറ്റപ്പെടുത്തി എന്നു തോന്നുന്നു. പത്രൊസ് അത് നിഷേധിച്ചു. തന്റെ പോയിന്റിന്റെ ഊന്നലിന് അപ്പൊസ്തലൻ സാക്ഷ്യം ആവർത്തിച്ച് ശ്രദ്ധേയമായ സംഭവം വിവരിച്ചു. ആ സംഭവം കർത്താവിന്റെ ദൈവികത്വം ഉറപ്പിക്കുന്ന സംഭവമല്ലാതെ മറ്റൊന്നായിരുന്നില്ല.

**വാക്യം 16.** താനും തന്റെ കൂടെയുണ്ടായിരുന്ന മറ്റു അപ്പൊസ്തല സാക്ഷികളും **നിർമ്മിത കഥകളെ പ്രമാണിച്ചിട്ടല്ല** യേശുക്രിസ്തുവിന്റെ ശക്തി

യും പ്രത്യക്ഷതയും അറിയിച്ചത് എന്നായിരുന്നു അപ്പൊസ്തലൻ പറഞ്ഞത്. പത്രൊസും മറ്റുള്ളവരും യേശുവിന്റെ ശുശ്രൂഷാവേളയിലെ അസാധാരണ സംഭവങ്ങൾ സദസ്യരോട് പറഞ്ഞപ്പോൾ, ചിലർ അവയെ പല "കഥകളെയും" "ഇതിഹാസങ്ങളെയും" പോലെ (*മുതോസ്*), തള്ളിക്കളഞ്ഞു. തത്വചിന്തകളുടെ വീക്ഷണവും, സാന്മാർഗികമായ ആശയങ്ങളും തോന്നത്തക്കവണ്ണം പല മതങ്ങളും അവരുടെ അന്തമില്ലാത്ത ദേവന്മാരെ കുറിച്ചുള്ള കെട്ടുകഥകളും ഇതിഹാസങ്ങളും പ്രചരിപ്പിച്ചാണ് നിലനിർത്തുന്നത്, മനുഷ്യരുമായി അവർ ഇടപെട്ട് അവരുടെ വൈഷമ്യങ്ങൾ നീക്കി, പ്രതീക്ഷകൾ ഉയർത്തി, ഭയവും, പ്രത്യാശയും, ജനിപ്പിക്കുകയാണ്. യവനമതത്തിലുള്ള പല കെട്ടുകഥകളും ഇതിഹാസങ്ങളും നൂറ്റാണ്ടുകളുടെ പഴക്കമുള്ളതാണ്. ആളുകൾ പുരാതന കാലത്തുള്ളവരും ആധുനിക കാലത്തുള്ളവരും ബൈബിളിലെ സംഭവങ്ങളെ തരം തിരിച്ച് പഠിപ്പിക്കുന്നുണ്ട്-പ്രത്യേകിച്ച് അത്ഭുത പ്രവൃത്തികളെ സാക്ഷ്യപ്പെടുത്തുന്നത്-പിന്നെ അന്യ ദേവന്മാരെ നമസ്ക്കരിക്കുന്നവർ പ്രചരിപ്പിക്കുന്ന ദേവന്മാരുടേയും ദേവതമാരുടേയും പേരിൽ വിതരണം ചെയ്തിട്ടുള്ള ഇതിഹാസങ്ങൾ. താൻ വിവരിച്ച അനുഭവങ്ങൾ പ്രചാരത്തിലുള്ള ഇതിഹാസങ്ങൾ പോലെയുള്ളതല്ല എന്നു പത്രൊസ് സമർത്ഥിച്ചു.

ക്രിസ്തീയ വിശ്വാസം ആധാരമായിരിക്കുന്നത് ആ സമയത്ത് നടന്ന സംഭവങ്ങളുടെ സത്യത്തിന്റെ അടിസ്ഥാനത്തിലാണ്. ബൈബിളിലെ ചരിത്ര സാക്ഷികളെ നിഷേധിക്കുന്നത് ക്രിസ്തീയ സന്ദേശത്തിന്റെ അടിസ്ഥാനത്തെ തന്നെ തള്ളിക്കളയുന്നതിനു തുല്യമാണ്. **നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും ഞങ്ങൾ അറിയിച്ചത് നിർമ്മിത കഥകൾ പ്രമാണിച്ചിട്ടല്ല,** എന്നാണ് പത്രൊസ് പ്രഖ്യാപിച്ചത്. അപ്പൊസ്തലന്മാർ ആരും "നിർമ്മിത കഥകൾ" ഉപയോഗിച്ചിരുന്നില്ല. ക്രിസ്ത്യാനികൾക്ക് ചരിത്രം വിശ്വാസത്തിൽനിന്ന് വേർപെടുത്താവുന്ന ഒന്നല്ല. വിശ്വാസവും ചരിത്രവും ഇടകലർന്നു കിടക്കുകയാണ്. തന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ ക്രിസ്തുവിന്റെ "ശക്തി" വളരെ വ്യക്തമായിരുന്നു. തന്റെ സൃഷ്ടികൾക്കിടയിൽ കൂടെ യേശു നടന്നപ്പോൾ, സൗഖ്യമാകാത്ത രോഗങ്ങൾ അവൻ സൗഖ്യമാക്കി. അവൻ കാറ്റിനേയും കടലിനേയും ശാന്തമാക്കിയപ്പോൾ അവന്റെ ശിഷ്യന്മാർ ഇങ്ങനെ പറഞ്ഞു, "കാറ്റും കടലും പോലും അവനെ അനുസരിക്കുന്നുവല്ലോ, ഇവൻ ആർ?" (മർ. 4:41). വിയോജിപ്പുള്ള ധാരാളം ഉപദേഷ്ടാക്കളെ ലോകം അതിനു മുൻപ് നൂറ്റാണ്ടുകളോളം കണ്ടിരുന്നു. അവർ "ശക്തിയോടുകൂടി" വന്നതിനാൽ തങ്ങളുടെ ഗുരു അത്തരം ഒരു ഉപദേഷ്ടാവല്ല എന്ന് യേശുവിന്റെ ശിഷ്യന്മാർ മനസിലാക്കി. അവൻ സത്യത്തിന്നു സാക്ഷി നിന്നു. അവൻ "ശക്തി" യോടുകൂടെ വന്നതിനാൽ, യേശു വാസ്തവത്തിൽ സത്യം ആയിരുന്നു എന്നു അവർ മനസിലാക്കി, **അവന്റെ ശക്തിക്ക് സാക്ഷ്യം വഹിച്ചവരാണ്** അത് വെളിപ്പെടുത്തിയത്.

യേശുവിന്റെ ആദ്യ വരവിനെ കുറിച്ചാണ് പത്രൊസ് "കർത്താവിന്റെ പ്രത്യക്ഷത" എന്നു പറഞ്ഞത് എന്നാണ് ചിലർ കരുതുന്നത്; മറ്റുള്ളവർ വിചാരിക്കുന്നത് അത് അവന്റെ രണ്ടാം വരവിനെയാണ് ഉദ്ദേശിച്ചത് എന്നാണ്. എങ്ങനെയായാലും, പത്രൊസ് അഭിമുഖീകരിച്ച കള്ളപ്രവാചകന്മാർ പറഞ്ഞത്, കർത്താവ് വരുവാൻ പോകുന്നില്ല എന്നാണ് (3:3-10); അവൻ ആദ്യം ജഡത്തിൽ വന്നു എന്നതിനെ സംബന്ധിച്ച് അവിടെ ചോദ്യമേ ഉയരുന്നില്ല എന്നു തോന്നുന്നു. പത്രൊസിന് മറുരൂപ മലയിൽ വെച്ചുണ്ടായ അനുഭവം "അവന്റെ

ശക്തിയും പ്രത്യക്ഷതയും" ഉറപ്പിക്കുന്നതായിരുന്നു. 2 പത്രൊസിന്റെ ലേഖനത്തിൽ കർത്താവിന്റെ മടങ്ങിവരവിന്റെ സ്വഭാവവും സമയവുമായിരുന്നു ആളുകൾക്ക് പ്രശ്നം, അല്ലാതെ ഒന്നാമത്തെ വരവ് ആയിരുന്നില്ല.

കർത്താവ് മടങ്ങി വരുമെന്ന് പ്രഖ്യാപിക്കുന്നതു മാത്രം മതി എന്നു പറയുവാൻ പത്രൊസ് മടിച്ചില്ല. യേശു മടങ്ങി വരുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിൽ, ക്രിസ്ത്യാനികൾക്ക് അത് ഉറപ്പിക്കാം. അവൻ മടങ്ങി വരുന്ന സമയത്തെ കുറിച്ചോ അല്ലെങ്കിൽ അക്ഷരിക-മല്ലാത്ത വിധത്തിൽ, ഏതെങ്കിലും ആത്മിയ രൂപത്തിൽ അവൻ വന്നു കഴിഞ്ഞു എന്നോ അവന്റെ ശത്രുക്കൾ സങ്കൽപിച്ചിരിക്കാം. "വിശുദ്ധ പർവ്വതത്തിൽ" വെച്ച് പത്രൊസ് യേശുവിന്റെ ശക്തി കണ്ടിരുന്നു (1:18). അവൻ വീണ്ടും വരുമെന്നതിന്റെ തെളിവായിരുന്നു പത്രൊസ് കണ്ട രൂപാന്തരം. ആ വരവ് ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നു.

പത്രൊസിന്റെ മനസിൽ യേശുവിന്റെ രണ്ടാം വരവായിരുന്നു ഉണ്ടായിരുന്നത് എന്നതിന് വേറെയും കാരണങ്ങളുണ്ട്. അവന്റെ വാക്കുകൾ യേശുവിന്റെ ഗലീലയിലേയും യെഹൂദ്യയിലേയും, ആദ്യ വരവിനെ ആണ് സൂചിപ്പിച്ചതെങ്കിൽ, പുതിയ നിയമത്തിൽ അവൻ മനുഷ്യരൂപത്തിൽ വരുന്നു എന്നു ഒരിക്കൽ മാത്രമാണ് ഉപയോഗിച്ചത് (*പരൗസിയ*; "വരുന്നു"). "കർത്താവിന്റെ പ്രത്യക്ഷത" എന്ന് പത്രൊസ് പറഞ്ഞപ്പോൾ അവന്റെ ഉള്ളിൽ ഭാവിയിലെ വരവാണെന്നതിന് യാതൊരു സംശയവുമില്ല.

"ശക്തി" എന്ന വാക്ക് പത്രൊസ് ഉപയോഗിച്ചപ്പോൾ, ദൈവപുത്രൻ മനുഷ്യർക്കിടയിൽ സഞ്ചരിച്ചപ്പോൾ ദൃശ്യമായതാകാം. പിന്നെ അവന്റെ വീക്ഷണം ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നതിലേക്ക് തിരിഞ്ഞു. അവന്റെ "ശക്തിയെ" അറിഞ്ഞ അപ്പൊസ്തലന്മാർ അവന്റെ "വരവിനെ" കുറിച്ചും അറിഞ്ഞിരുന്നു. യേശു കഴിഞ്ഞ കാലത്ത് ചരിത്രത്തിൽ ജീവിച്ച് മരിച്ച ഒരാളെ പോലെ ആയിരുന്നില്ല. അവൻ ജീവിച്ചിരിക്കുന്നവനും, "വരുവാനുള്ള" വ്യക്തിയുമാണ്.

തന്റെ ആദ്യ ലേഖനത്തിൽ, അപ്പൊസ്തലൻ കർത്താവിന്റെ "പ്രത്യക്ഷത" യെ കുറിച്ച് പറഞ്ഞിരുന്നു (*അപോകാലിപ്സിസ്*; 1 പത്രൊ. 1:7, 13; 4:13), എന്നാൽ രണ്ടാം ലേഖനത്തിൽ "പ്രത്യക്ഷത" എന്നതിന് ഉപയോഗിച്ച വാക്ക് (*പരൗസിയ*; 2 പത്രൊ. 1:16; 3:4, 12). ഏതൊരാളുടേയും വരവിനെ പൊതുവായി പറയുന്ന വാക്കാണ് *പരൗസിയ*; എന്നാൽ ശിഷ്യന്മാർ സുവിശേഷം അറിയിച്ച സമയമായപ്പോഴേക്കും, കർത്താവിന്റെ "പ്രത്യക്ഷത" എന്ന വാക്കിന് സാങ്കേതികമായി, ലോകാവസാനത്തിൽ അവൻ വന്ന് ലോകത്തെ വിധിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. പത്രൊസിനെ പോലെ പൗലൊസും, "പ്രത്യക്ഷത," "വരവ്" എന്നീ വാക്കുകൾ മാറി മാറി ഉപയോഗിച്ചിട്ടുണ്ട്.

മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട സാമൂഹ്യവും മാനസികവുമായി വിനോദിപ്പിക്കുക എന്ന ഉദ്ദേശമാണ് അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ലോകത്തെ പൊതുവായ ഇതിഹാസങ്ങൾ. അവ ഒന്നും ചരിത്രത്തിൽ യഥാർത്ഥമായി സംഭവിച്ച കാര്യങ്ങൾ അല്ല. പകരം പത്രൊസിന്റെ സന്ദേശം "കർത്താവിന്റെ ശക്തിയും പ്രത്യക്ഷതയും" സംബന്ധിച്ചതായിരുന്നു. അവൻ സാക്ഷീകരിച്ചത് വാസ്തവത്തിൽ ജീവിച്ചിരുന്ന വ്യക്തിയുടെ വാക്കുകളും പ്രവൃത്തികളും അവന്റെ "ശക്തി" വെളിപ്പെടുത്തുന്നതായിരുന്നു. പാലസ്തീനിൽ ജീവിച്ച അതേ യേശു വീണ്ടും വന്ന് ഭൂമിയേയും അതിലുള്ള എല്ലാറ്റിനേയും നശിപ്പിക്കും (3:10, 12).

“നിർമ്മിത കഥകൾ” പറയുന്നതിനു പകരം, പത്രൊസും മറ്റു അപ്പൊസ്തലന്മാരും “അവന്റെ മഹിമ കണ്ട സാക്ഷികൾ” ആയിട്ടായിരുന്നു പറഞ്ഞത്. “ദൃക്-സാക്ഷികൾ” എന്നതിനു തർജ്ജമ ചെയ്ത വാക്ക് (*എപോപ്റ്റെസ്*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്, എന്നാൽ അതേ അപ്പൊസ്തലൻ ആ വാക്കിന്റെ ക്രിയാരൂപം *എപാപ്റ്റെയുവോ* രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (1 പത്രൊ. 2:12; 3:2). അതല്ലാതെ ആ വാക്ക് പുതിയ നിയമത്തിൽ മറ്റൊരു ഭാഗത്തുമില്ല.

തന്റെ വായനക്കാരോട് പത്രൊസ് കേട്ടുകേൾവിയല്ല അവതരിപ്പിച്ചത്. ദുരുപദേഷ്ടാക്കന്മാർക്ക് കർത്താവിനെ കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ മാത്രമെ കഴിയു. എന്നാൽ പത്രൊസ് ആ സമയത്ത് കർത്താവിനോടുകൂടെ ഉണ്ടായിരുന്നു. 1:15 ലെ സർവ്വനാമം “ഞാൻ” എന്നതിൽനിന്ന് 1:16 ലെ “ഞങ്ങൾ” എന്ന ഉപയോഗത്തിലേക്ക് അപ്പൊസ്തലൻ തിരിഞ്ഞത് യാദൃശ്ചികമായിരുന്നില്ല. അവൻ ഒരു ദൃക്-സാക്ഷിയായിരുന്നു, പക്ഷെ, അവൻ മാത്രമായിരുന്നില്ല. പത്രൊസിന്റെ സാക്ഷ്യം മറ്റുള്ളവർ ഉറപ്പിച്ചു. അങ്ങനെ പറഞ്ഞ ശേഷം അപ്പൊസ്തലൻ, താൻ സാക്ഷിയായിരുന്ന ഒരു പ്രത്യേക സംഭവത്തിലേക്ക്, ഒരു അസാധാരണ സംഭവത്തിലേക്ക് തിരിഞ്ഞു.

**വാക്യം 17.** സംക്ഷിപ്ത സുവിശേഷങ്ങളിൽ, യേശു ആരായിരുന്നു എന്ന് മനസിലാക്കുന്ന കാര്യത്തിൽ മറുരൂപം ശിഷ്യന്മാരുടെ ജീവിതത്തിൽ ഒരു വഴിത്തിരിവ് ആയിരുന്നു. മൂന്നു സുവിശേഷ വിവരണങ്ങളിലും (മത്താ. 17:1-8; മർ. 9:2-8; ലൂക്കൊ. 9:28-36), അവൻ കൈസര്യയുടെ ഫിലിപ്പിയിൽ വെച്ച് ശിഷ്യന്മാരോട് സംസാരിച്ച ശേഷമാണ് അത് സംഭവിച്ചതായി പറഞ്ഞിരിക്കുന്നത് (മത്താ. 16:13-20; മർ. 8:27-30; ലൂക്കൊ. 9:18-22). യേശു അവരോട് ചോദിച്ചു, “ഞാൻ ആരാണെന്നാണ് ആളുകൾ പറയുന്നത്?” പല അഭിപ്രായങ്ങൾ ഉയർന്നു. പിന്നെയാണ് നിർണ്ണായകമായ ചോദ്യം ശിഷ്യന്മാരുടെ നേരെ വരുന്നത്, “ഞാൻ ആരാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?” ആ ചോദ്യം ശിഷ്യന്മാരെ ശരിക്കും വലച്ചിരിക്കാം. യേശു ഒരു പ്രവാചകൻ ആയിരുന്നോ? അവൻ മശിഹ ആയിരുന്നോ? ആ രണ്ട് ചോദ്യങ്ങൾക്കും അവർ അതെ എന്ന് ഉത്തരം പറഞ്ഞാലും, അവൻ ദൈവമായിരുന്നു, ദൈവപുത്രനായിരുന്നു എന്നതിലേക്ക് എത്തുവാൻ അവർ പിന്നെയും സഞ്ചരിക്കണമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്.

യേശു മൂന്നു ശിഷ്യന്മാരായ പത്രൊസ്, യാക്കൊബ്, യോഹന്നാൻ എന്നിവരുമായി മലമേൽ പോയതിനു ശേഷമായിരുന്നു അത്. അവിടെ അവന് രൂപാന്തരം സംഭവിച്ചത് അവർ കണ്ടു. അവിടെ അവൻ മോശെയോടും ഏലിയാവിനോടുംകൂടെ ആയിരുന്നത് അവർ കണ്ടു. കൂടാതെ അവിടെ വെച്ചായിരുന്നു പിതാവ് അവനെ സാക്ഷീകരിച്ചത് കേട്ടത്. ആ സംഭവം ഇതിഹാസമായിരുന്നില്ല. പത്രൊസ് അവ ഉദ്ധരിക്കുവാൻ കാരണം ആ സാക്ഷ്യം ഉദാത്തമായിരുന്നതുകൊണ്ട് ദൈവം അവനെ നിർബ്ബന്ധിച്ചതാണ്. അവർ മലമേൽ വെച്ച് കണ്ടതിന്റെ പ്രാധാന്യം പത്രൊസിനോ മറ്റു അപ്പൊസ്തലന്മാർക്കോ ശരിയായി മനസിലായിരുന്നില്ല. ആ സംഭവങ്ങൾ കഴിഞ്ഞ് അനേകം വർഷങ്ങൾ പിന്നിട്ടപ്പോൾ, അവയെല്ലാം കുറെക്കൂടെ നന്നായി മനസിലായി.

മലമേൽ വെച്ച് യേശുവിന് **പിതാവായ ദൈവത്തിൽനിന്നു മാനവും മഹത്വവും ലഭിച്ചു** എന്നാണ് പത്രൊസ് പറഞ്ഞത്. അവൻ അവനെ ആദരിച്ചു. അതിനു പുറമെ, അവന്റെ ശിഷ്യന്മാരുടെ മുമ്പിൽ വെച്ച് യേശുവിന് രൂപാ

ന്തരം സംഭവിച്ചു. "അവൻ പ്രാർത്ഥിക്കുമ്പോൾ, മുഖത്തിന്റെ ഭാവം മാറി, ഉടുപ്പ് മിന്നുന്ന വെള്ളയായും തീർന്നു" (ലൂക്കൊ. 9:29). മുൻപ് കാണാത്ത അവന്റെ തേജസ് അവർ അന്നു കണ്ടു. ലൂക്കൊസ് വിവരിച്ചു, "ഉണർന്ന ശേഷം അവൻ അവന്റെ തേജസ് കണ്ടു" (ലൂക്കൊ. 9:32). വെളിച്ചവും പ്രകാശവും ബൈബിളിൽ പലപ്പോഴും ദൈവത്തിന്റെ സാന്നിധ്യത്തെ ആണ് വെളിപ്പെടുത്തുന്നത്. മുൾപ്പടർപ്പ് കത്തിക്കൊണ്ടിരുന്ന സമയത്താണ് മോശെ ദൈവത്തിന്റെ സാന്നിധ്യം അനുഭവിച്ചത് (പുറ. 3:3-6). വെള്ളവസ്ത്രം ധരിച്ചിട്ടാണ് ഒരു ദൂതൻ കൊർന്നെല്യോസിന് പ്രത്യക്ഷനായത് (പ്രവൃ. 10:30). യെശയ്യാവ് എഴുതി, "ജാതികൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും" (യെശ. 60:3). ആ മഹത്വത്തിന്റെ പ്രകാശമാണ് മലമേൽ വെച്ച് ശിഷ്യന്മാർ ദൃക്-സാക്ഷികളായത്.

പിന്നെ അപ്പൊസ്തലൻ ദൈവത്തെ തിരിച്ചറിയിച്ചത് **ശ്രേഷ്ഠ തേജസായി**ട്ടാണ്. ദൈവം മലമേൽ വെച്ച് സംസാരിച്ചതിനെ കുറിച്ച് സുവിശേഷങ്ങളിൽ ഒന്നിലും വ്യക്തമായി പറഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്. മേഘത്തിൽ നിന്ന് ഒരു ശബ്ദം വന്നതായിട്ടാണ് മൂന്നു സുവിശേഷങ്ങളിലും പറയുന്നത്. തീർച്ചയായും, ആ ശബ്ദം ഇവൻ എന്റെ പ്രിയപുത്രൻ എന്നായതുകൊണ്ട് ദൈവത്തിൽനിന്നായിരുന്നു ആ ശബ്ദം എന്നു നിസംശയം പറയാം. വർഷങ്ങൾ കഴിഞ്ഞാണ് എഴുതിയതെങ്കിലും, തന്നെയും മറ്റുള്ളവരെയും പ്രാപ്തമാക്കിയത് ദൈവത്തിന്റെ മഹിമയാണെന്ന് പത്രൊസിന് ഓർമ്മിക്കുവാൻ കഴിഞ്ഞു."പിതാവായ ദൈവം," "ശ്രേഷ്ഠ തേജസ്," അവരെ ബോധ്യപ്പെടുത്തിയത്, തങ്ങളുടെ ഗുരുവും സ്നേഹിതനുമായവൻ ദൈവപുത്രൻ അല്ലാതെ മറ്റാരുമല്ല എന്നാണ്.

"ശ്രേഷ്ഠ തേജസ്" മലയിൽ വെച്ച് പറഞ്ഞു, **ഇവൻ എന്റെ പ്രിയപുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു**. ആ വാക്കുകൾ മത്തായിയുടെ സുവിശേഷത്തോട് അടുക്കുന്നതാണ്, എന്നാൽ മറ്റു സുവിശേഷങ്ങളിൽ കാണുന്നതിനു സമമായിരുന്നില്ല.[9] ചെറിയ വ്യത്യാസം ഉണ്ട്. എങ്ങനെയായാലും, അവർ എല്ലാവരും ഉറപ്പോടുകൂടെയാണ് രേഖപ്പെടുത്തിയത്. സംക്ഷിപ്ത സുവിശേഷങ്ങളെല്ലാം ആജ്ഞ കൂട്ടി ചേർത്തിരിക്കുന്നു, "ഇവന്നു ചെവി കൊടുപ്പിൻ!" പത്രൊസ് അത് രേഖപ്പെടുത്തുവാൻ തിരഞ്ഞെടുക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് നമുക്ക് തീർച്ചയില്ല. ഒരുപക്ഷെ, മലമേൽ വെച്ച് ദൈവം സാക്ഷ്യപ്പെടുത്തിയതിന് അപ്പൊസ്തലൻ ഊന്നൽ കൊടുക്കുവാൻ ഉദ്ദേശിച്ചതുകൊണ്ടായിരിക്കാം. യേശു ദൈവപുത്രൻ ആയിരുന്നു എന്നതായിരുന്നു പ്രശ്നം, അല്ലാതെ അവന്റെ അധികാരമായിരുന്നില്ല.

**വാക്യം 18**. അവൻ "നിർമ്മിത കഥകളെ" പ്രമാണിച്ചുകൊണ്ടിരുന്നു എന്ന ആരോപണത്തോട് പത്രൊസ് മൂന്നു കാര്യങ്ങൾ പരിഗണിക്കുവാനാണ് പറഞ്ഞത്: (1) മലമേൽ അവൻ തനിച്ച് ആയിരുന്നില്ല. ആ ഖണ്ഡികയിൽ മുഴുവൻ അവൻ "ഞങ്ങൾ" എന്ന സർവ്വനാമമാണ് ഉപയോഗിച്ചത്. അവനും, യാക്കോബും, യോഹന്നാനും അവിടെ ഉണ്ടായിരുന്നു. (2) ബഹളം കൂട്ടുകയും സങ്കൽപിക്കുകയും ചെയ്യുന്ന ദുരുപദേഷ്ടാക്കന്മാരിൽനിന്നു വ്യത്യസ്തമായി, പത്രൊസ് അവിടെ കർത്താവിനോടുകൂടെ ഉണ്ടായിരുന്നു. അവൻ കാണുക മാത്രമല്ല, ഉയരത്തിൽനിന്നു ശബ്ദവും കേട്ടിരുന്നു.

**വിശുദ്ധ പർവ്വതത്തിൽ** വെച്ച്, നടന്ന സംഭവങ്ങൾ പത്രൊസ് വിവരിച്ചത് താൽപര്യം ജനിപ്പിക്കുന്നതാണ്. ഏതർത്ഥത്തിലാണ് പർവ്വതം "വിശുദ്ധം"

ആകുന്നത്? ദൈവത്തിനു വേണ്ടി സൂക്ഷിക്കപ്പെടുമ്പോഴാണ് ഒരു വസ്തു വിശുദ്ധമാകുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവവും ദൈവത്തോടു കൂടി ബന്ധപ്പെടുന്നതെല്ലാം വിശുദ്ധമായിരിക്കും. ആ മല മറുരൂപസംഭവത്തിന് മുൻപ് വിശുദ്ധമായിരുന്നോ? അതോ ആ സമയത്താണോ അത് വിശുദ്ധമായത്? ബൈബിളിൽ കെട്ടിടങ്ങൾക്കോ ഭൂമിശാസ്ത്രപരമായ വസ്തുക്കൾക്കോ "വിശുദ്ധ" എന്ന സർവ്വനാമം ഉപയോഗിക്കുന്നത് അസാധാരണമായിരുന്നില്ല എന്ന് നാം ശ്രദ്ധിച്ചേക്കാം. ദൈവാലയം ഉള്ള പർവ്വതത്തെ "വിശുദ്ധ പർവ്വതം" എന്നു പൊതുവിൽ വിളിക്കും; അതിന്മേലുണ്ടായിരുന്ന ആലയത്തെ "വിശുദ്ധ ആലയം" എന്നും വിളിക്കുമായിരുന്നു. യിസ്രായേലിന് വസിപ്പാൻ ദൈവം കൊടുത്ത ദേശത്തെ "വിശുദ്ധ ദേശം" എന്നു വിളിച്ചിരുന്നു (സെഖ. 2:12).

മറുരൂപം സംഭവിച്ചത് ഏതു മലയിൽ വെച്ചായിരുന്നു എന്നു കൃത്യമായി ഒരു സുവിശേഷത്തിലും പറയുന്നില്ല. പല കൊടുമുടികളുള്ള ഹെർമോൻ പർവ്വതമാണെന്ന് ചിലർ വാദിക്കുന്നു. താബോർ മലയായിരുന്നു എന്നാണ് മറ്റു ചിലർ കരുതുന്നത്. പർവ്വതം ഏതായാലും, മലമേൽ നടന്ന സംഭവങ്ങളാലായിരുന്നു പർവ്വതം വിശുദ്ധമായി തീർന്നത് എന്നാണ് പത്രൊസ് പറഞ്ഞത്. നടന്ന സംഭവമായിരുന്നു വിശുദ്ധം, അല്ലാതെ സ്ഥലം ആയിരുന്നില്ല.

## തിരുവെഴുത്തിന്റെ ശ്വാസിയതയും അധികാരവും (1:19-21)

**[19]പ്രവാചക വാകൃവും അധികം സ്ഥിരമായിട്ട് നമുക്ക് ഉണ്ട്. നേരം വെളുക്കുകയും ഉദയനക്ഷത്രം ഉദിക്കയും ചെയ്യുവോളം ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്ക് പോലെ അതിനെ കരുതിക്കൊണ്ടാൽ നന്ന്. [20]തിരുവെഴുത്തിലെ പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. [21]ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ.**

യേശുവിന്റെ ദൈവികതത്വത്തെ സാക്ഷീകരിക്കുന്ന പ്രത്യേക സംഭവത്തിൽനിന്ന്, തിരുവെഴുത്തിന്റെ പൊതുവായ സ്വഭാവത്തിലേക്കാണ് അപ്പൊസ്തലൻ തിരിയുന്നത്. ബൈബിളിലെ, മറ്റെല്ലാ പ്രസ്താവനകളിൽ വെച്ച് ഏറ്റവും വ്യക്തമായിട്ടാണ് അതിന്റെ സന്ദേശ സ്വഭാവത്തെ വിവരിക്കുന്നത്. ധാർമ്മികമായും മതപരമായും ഏതുകാര്യത്തിനും നമ്മെ വഴി നടത്തുവാൻ പര്യാപ്തമായ അതിന്റെ താളുകളിൽ, ദൈവത്തിന്റെ അധികാരവും സാന്നിധ്യവും ഉറപ്പിച്ചിരിക്കുകയാണ്. അവിശ്വാസി വിശ്വാസിയുടെ വിശ്വസിക്കുന്ന കാരണങ്ങൾ ആരായും. അ-വിശ്വാസികൾക്ക് അതിന്റെ ആധികാരികത ഉറപ്പിക്കുവാൻ കഴിയാത്തതു നിമിത്തമാണ് ബൈബിൾ ദൈവത്തിൽനിന്നാണോ എന്നു വാദിക്കുന്നത്. അപ്പോഴും, ബൈബിൾ, അതിനെ കുറിച്ച് പറയുന്നത് ആരംഭം മാത്രമെ ആകുന്നുള്ളു.

**വാകൃം 19.** ഈ വാക്യം ഗ്രീക്കിൽനിന്ന് ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തിരിക്കുന്നത് രണ്ട് വിധത്തിൽ വേണം മനസിലാക്കുവാൻ: (1) മലമേൽ വെച്ച് ദൈവപുത്രനാണ് യേശു [എന്ന്] **കൂടുതൽ ഉറപ്പിച്ച പ്രവാചക വാകൃവും** നമുക്ക് ഉള്ളത് പത്രൊസിന്റെ വായനക്കാർക്ക് വിശ്വാസം തീർച്ചപ്പെടുത്തു

വാൻ പര്യാപ്തമായിരുന്നു. ഇതാണ് പത്രൊസ് അർത്ഥമാക്കിയത് എന്നാണ് എൻഏഎസ്ബി പറഞ്ഞത്. (2) മലമേൽ വെച്ച് യേശുവിനെ കുറിച്ചു നടത്തിയ സാക്ഷ്യപ്പെടുത്തലിനേക്കാൾ "പ്രവാചക വാക്യം"- ആയിരിക്കാം പത്രൊസിന്റെ വായനക്കാർ കൂടുതൽ വിശ്വസിച്ചത് എന്നു തോന്നുന്നു-യേശുവിനെ ദൈവപുത്രൻ എന്നു സാക്ഷീകരിച്ചത്. കെജെവി അതിനെ തർജ്ജമ ചെയ്തിരിക്കുന്നത് "പ്രവാചക വാക്യവും നമുക്ക് കൂടുൽ സ്ഥിരമായുണ്ട്" എന്നാണ്.[10] അതാണ് പത്രൊസ് അർത്ഥമാക്കിയതെങ്കിൽ, "പ്രവാചക വാക്യവും അധികം സ്ഥിരമായുള്ളത്" വായനക്കാരെ അപ്പൊസ്തലന്മാരുടെ സാക്ഷ്യത്തെ കൂടുതൽ വിശ്വസനീയമാക്കി.

രണ്ട് വ്യാഖ്യാനങ്ങളും സാധ്യതയുള്ളതാണ്. എങ്ങനെയായാലും, പത്രൊസ് "നിർമ്മിത കഥകളെ" പ്രമാണിച്ചാണ് സംസാരിച്ചത് എന്ന ദുരുപദേഷ്ടാക്കുന്മാരുടെ ആരോപണത്തെയായിരുന്നു അവൻ നേരിട്ടത് (1:16). അവൻ തന്റെ വായനക്കാർക്ക് നൽകിയ സാക്ഷ്യത്തെ ഉറപ്പിക്കുന്നതായിരിക്കാം ആ പ്രവാചക വാക്യം. മിക്ക വ്യാഖ്യാതാക്കളും തർജ്ജമക്കാരും യോജിക്കുന്നത് എൻഏഎസ്ബിയോടാണെങ്കിലും, കെജെവി ആയിരിക്കാം ഈ കാര്യത്തിൽ ശരിയായത് എന്നു തോന്നുന്നു. ദൈവത്തിന്റെ സാക്ഷ്യത്തെ വിവരിച്ച പത്രൊസിന്റെ വിവരം വിശ്വസിക്കുവാൻ തയ്യാറാകാത്തവർക്ക് യേശു ദൈവപുത്രൻ തന്നെയെന്ന് കൂടുതൽ ഉറപ്പിക്കുന്നതാണ് "പ്രവാചക വാക്യം."

ആ പ്രയോഗത്തെ ഒരാൾ എങ്ങനെ മനസിലാക്കിയാലും, "പ്രവാചക വാക്യം" **കൂടുതൽ ശ്രദ്ധിക്കുവാൻ** ക്രിസ്ത്യാനികൾക്ക് മതിയായ കാരണങ്ങൾ ഉണ്ട്. "പ്രവാചക വാക്യം" എന്നതുകൊണ്ട് പത്രൊസ് അർത്ഥമാക്കിയത് മുഴുവൻ പഴയനിയമത്തേയും ഉൾപ്പെടുത്തിയായിരിക്കാം, അല്ലാതെ പ്രവചന സാഹിത്യ വാക്കുകൾ മാത്രമായിരിക്കുകയില്ല. യോഹന്നാൻ സ്നാപകൻ വന്നു പ്രസംഗിക്കുകയും സ്നാനപ്പെടുത്തുകയും ചെയ്തതുമുതൽ, യേശുവിന്റെ ജീവിതം, പ്രവൃത്തികൾ, മരണം എന്നിവ വരെ പഴയ നിയമ നിവർത്തീകരണമായി കണക്കാക്കപ്പെടുന്നു. വാഗ്ദാനം ചെയ്ത മശിഹ ആയിരുന്നു യേശു; വാഗ്ദാനം ചെയ്ത ദൈവരാജ്യം അവൻ ഉദ്ഘാടനം ചെയ്തു. യേശുവിന്റെ ജീവിതവും ശുശ്രൂഷയും മത്തായി എഴുതിയ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നതെല്ലാം ഫലത്തിൽ, പഴയ നിയമത്തെ പ്രതിഫലിപ്പിക്കുന്നതായി അറിയപ്പെടുന്നവ-യാണ്. യേശു ഉയർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അവരെ ഉറപ്പിച്ച് പറഞ്ഞു, "ഇതാകുന്നു നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെ കുറിച്ച് എഴുതിയിരിക്കുന്നത് ഒക്കെയും നിവർത്തിയാകേണം എന്നുള്ളതു തന്നെ" (ലൂക്കൊ. 24:44). അപ്പൊസ്തല പ്രവൃത്തികളിലെ ആരംഭത്തിൽ, പത്രൊസിന്റെ പ്രസംഗങ്ങളിൽ നിരവധി പഴയനിയമ വേദഭാഗങ്ങൾ ഉദ്ധരിച്ചതു കാണാം. 1 പത്രൊസിന്റെ ലേഖനത്തിൽ, അപ്പൊസ്തലൻ "പ്രവാചക വാക്യം" എന്നത് ആവർത്തിച്ചിരിക്കുന്നു (1:24, 25; 2:4-10, 22-25; 3:10-12, 20-22; 4:18; 5:5).

ദുരുപദേഷ്ടാക്കന്മാർ സുവിശേഷത്തിന്റെ അടിത്തറ തോണ്ടുവാനായിരുന്നു ശ്രമിച്ചത്, അവരെ കേൾക്കുവാൻ തിരിഞ്ഞവരോട് പത്രൊസ് മുന്നറിയിച്ചു, "പ്രവാചക വാക്യം" നിങ്ങൾ "കൂടുതൽ ശ്രദ്ധിച്ച് പരിശോധിക്കണം." നേരിട്ട് അവരെ ആക്രമിച്ചവരെ പ്രതിരോധിക്കുവാൻ പര്യാപ്തമായ വചനത്തെയാണ് അപ്പൊസ്തലൻ ഉപയോഗിക്കുവാൻ ആവശ്യപ്പെട്ടത്. നൈ

സർഗികമായ വിലയുടെ അടിസ്ഥാനത്തിലായിരിക്കും നാം ഒരാൾ പറയുന്ന കാര്യം സത്യമാണോ എന്നു വിലയിരുത്തുന്നത്. എന്നാൽ എല്ലായ്പോഴും അത് ശരിയാകണമെന്നില്ല. ആദ്യം ആ വ്യക്തി പറയുന്നതിനെ വിലയിരുത്തുക, പിന്നെ അയാൾ എങ്ങനെയുള്ള ആളാണെന്ന് വിലയിരുത്തി തീരുമാനിക്കുകയാണ് വേണ്ടത്. താൻ സംബോധന ചെയ്യുന്ന ക്രിസ്തീയ സമൂഹത്തിൽ എന്തു ചലനമാണ് തന്റെ സന്ദേശം ഉണ്ടാക്കുവാൻ പോകുന്നത് എന്ന് അപ്പൊസ്തലൻ മനസിലാക്കിയിരുന്നു. അതുകൊണ്ട് അവന്റെ വിശ്വാസീയത അവരെ ബോധ്യമാക്കി. അതിനായി അവൻ മറുരൂപമലയിൽ സംഭവിച്ച അനുഭവം അവൻ വ്യക്തമാക്കി. അതിനു പുറമെ, അവൻ പറഞ്ഞ സത്യത്തെ സാക്ഷ്യപ്പെടുത്തി ഉറപ്പിക്കുന്നതാണ് ദൈവത്തിന്റെ സാക്ഷ്യമായ തിരുവെഴുത്ത് എന്നാണ് പത്രൊസ് പറഞ്ഞത്.

പത്രൊസ് "നിർമ്മിത കഥകളെ" പ്രമാണിച്ചുകൊണ്ടാണ് സംസാരിച്ചതെന്ന് പറയുന്നവർ പോലും, പഴയ നിയമത്തിലെ "പ്രവചനങ്ങളെ ശ്രദ്ധിച്ചിരുന്നു." **ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്കാണ്** തിരുവെഴുത്ത്. "ഇരുണ്ടസ്ഥലം" (*അവുച്മോറോസ്*) എന്നു തർജ്ജമ ചെയ്തിരിക്കുന്ന വാക്ക് പുതിയ നിയമത്തിൽ ഈ ലേഖനത്തിൽ മാത്രമാണുള്ളത്. അത് വർണ്ണനിയമായ വാക്കാണ്. പൂർണ്ണമായ ഇരുട്ടിൽ അല്ല "വിളക്ക്" പ്രകാശിക്കുന്നത്, പിന്നെയോ, മങ്ങിയ, അഴുക്കുള്ള, രൂക്ഷമായ മൂടൽ മഞ്ഞിൽ മറെക്കപ്പെടുന്ന സാഹചര്യത്തിലാണ്. "ഇരുണ്ട സ്ഥലം" പത്രൊസും അവന്റെ വായനക്കാരും ജീവിച്ച ലോകമാണ്. ആ ലോകത്തിലാണ്, വിശ്വാസികൾ തുടർച്ചയായി ജീവിക്കുന്നത്. ആ നിഴലുള്ള ലോകത്തിൽ ദൈവത്തിന്റെ വചനം "പ്രകാശിക്കുന്ന വിളക്ക്" പോലെയാണ്. ബൈബിളിലെ ഏറ്റവും വലിയ അദ്ധ്യായമായ സങ്കീർത്തനം 119, ന്യായപ്രമാണത്തിന്റെ മഹത്വത്തെ കൊണ്ടാടുന്നതാണ്. പത്രൊസിനെ പോലെ, സങ്കീർത്തനക്കാരനും ദൈവത്തിന്റെ വചനം വഴി കാണിക്കുന്ന വിളക്കായിരുന്നു. "നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതക്ക് പ്രകാശവും ആകുന്നു" (സങ്കീ. 119:105).

2 പത്രൊസിന്റെ ലേഖനത്തിലെ അലംകൃതമായി ഒഴുകുന്ന ഭാഷ വ്യക്തമാക്കുന്നത്, ഇരുണ്ട ലോകത്തിൽ, തിരുവെഴുത്തു **നിങ്ങളുടെ ഹൃദയങ്ങളിൽ ഉദയ നക്ഷത്രം പ്രകാശിക്കുന്നതുവരെ സൂക്ഷിപ്പിൻ** എന്നാണ്. പ്രഭാതം പൊട്ടി വിടരുമ്പോൾ നീണ്ട രാത്രി അവസാനിക്കുന്ന ചിത്രമാണ് അത് നൽകുന്നത്. ഒരുപക്ഷെ സങ്കീർത്തനക്കാരന്റെ വാക്കുകളാലായിരിക്കാം പത്രൊസ് പ്രചോതിദമായത്: "ഞാൻ യഹോവക്കായി കാത്തിരിക്കുന്നു; അവന്റെ വചനത്തിൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു. ഉഷസിന്നായി കാത്തിരിക്കുന്നവരേക്കാൾ എന്റെ ഉള്ളം യഹോവക്കായി കാത്തിരിക്കുന്നു" (സങ്കീ. 130:5, 6).

"ഉദയനക്ഷത്രം ഉദിക്കുന്നു" എന്ന പ്രയോഗം സംഖ്യാപുസ്തകം 24:17 ലേതുമായി യോജിക്കുന്നതായി പൊതുവിൽ സ്ഥിരീകരിച്ചിരിക്കുന്നു, "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും." സംഖ്യാപുസ്തകം 24:17 മശിഹാ പ്രവചനമാണെന്ന് യെഹൂദന്മാരും ക്രിസ്ത്യാനികളും മനസിലാക്കിയിരിക്കുന്നു. കർത്താവിന്റെ മടങ്ങി വരവിനെ കുറിച്ചു പറഞ്ഞ വേദഭാഗത്തിൽ, ആ ഉദയ നക്ഷത്രം "നിങ്ങളുടെ ഹൃദയങ്ങളിൽ" ഉദിക്കും എന്ന് പത്രൊസ് പറയുമെന്ന് ആരും പ്രതീക്ഷിച്ചിരിക്കുകയില്ല. പുതിയ യുഗം പിറന്ന് പ്രത്യാശ പൂവണിയുമ്പോൾ, വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉന്മേഷം പകരും എന്നായിരിക്കാം ഒരുപക്ഷെ ലേഖകൻ അർത്ഥമാക്കിയത്. ഈ ലേഖനത്തിന്റെ അവസാന ഭാഗത്ത്

ലോകാവസാനത്തെയും ന്യായവിധിയെയും കുറിച്ച് പറയുമ്പോഴും ഇതേ സംഭവങ്ങളെ ലേഖകൻ പറയുന്നുണ്ട്. "കർത്താവിന്റെ ദിവസമോ കള്ളനെ പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും" (3:10). ആ ദിവസം വിശ്വാസികൾക്ക് ആനന്ദത്തിന്റെയും പ്രകാശത്തിന്റെയും ദിവസം ആയിരിക്കും. പകലിന്റെ പ്രഭാതം എന്നു പറയുന്നത്, പുതിയ ജീവിതത്തെയാണ്, കഷ്ടതയിൽനിന്നും വേദനയിൽനിന്നുമുള്ള വിടുതൽ ആണ്.

**വാക്യം 20.** വിശ്വാസികൾ "പ്രവാചക വാക്യം" "മനസുവെച്ച് സൂക്ഷിക്കണം" എന്നു പറഞ്ഞ ശേഷം, എന്തുകൊണ്ട് വചനം ആധികാരികമാണ് എന്ന് വിശദമാക്കുകയാണ്. **പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല** എന്ന പ്രാധാന്യം വിശ്വാസികൾ **ആദ്യം** തന്നെ മനസിലാക്കണം. ആ വാക്യത്തിന്റെ അർത്ഥം "വ്യാഖ്യാനം" (*എപിലുസിസ്*) എന്ന നാമം തർജ്ജമ ചെയ്തതിനോട് യോജിപ്പിച്ചിരിക്കുന്നു. ഈ വാക്ക് ഈ രൂപത്തിൽ പുതിയനിയമത്തിൽ ഇവിടെ മാത്രമാണുള്ളത്. ആ വാക്കിന്റെ സമാനഗുണമുള്ള മർക്കൊസ് 4:34 ലെ ക്രിയയുടെ അർത്ഥം, "വിശദമാക്കുക," അല്ലെങ്കിൽ "വ്യാഖ്യാനിക്കുക." "വ്യാഖ്യാനിക്കുക" എന്നതാണ് നല്ല തർജ്ജമ. അപ്പോഴും വേദഭാഗം അസ്പഷ്ടമാണ്. ആശയ വിനിമയത്തിലെ രണ്ടാമത്തെ പടിയാണ് "വ്യാഖ്യാനം." ഒരു പ്രാസംഗികനോ അല്ലെങ്കിൽ എഴുത്തുകാരനോ ഒരു പ്രസ്താവന നടത്തുന്നു; കേൾവിക്കാരനോ അല്ലെങ്കിൽ വായനക്കാരനോ അതിനെ വ്യാഖ്യാനിക്കുന്നു. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ എവിടെയാണ് "വ്യാഖ്യാനം" പ്രവേശിക്കുന്നത്? വേദഭാഗം മനസിലാക്കുന്നതിന് സാധ്യമായ രണ്ട് വഴികൾ ഉണ്ട്.

ഒന്ന്, ദൈവത്തിൽനിന്നുള്ള സന്ദേശം എന്ന നിലയിൽ, പ്രവാചകന്മാർ തിരുവെഴുത്ത് രേഖപ്പെടുത്തിയപ്പോൾ, തങ്ങളുടെ സ്വനിർവൃതി വിഷയമാക്കുകയോ അല്ലെങ്കിൽ വ്യാഖ്യാനത്തിനായി കെട്ടിച്ചമച്ച കഥകൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നായിരിക്കാം പത്രൊസ് അർത്ഥമാക്കിയത്. ഒരു വ്യക്തി സംഭവങ്ങളെ വിവരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായതാണ് തിരുവെഴുത്തിലെ പ്രവചനങ്ങൾ. ദൈവം നേരിട്ട് ഉൾപ്പെട്ടിരിക്കുന്നു. പ്രവാചകന്മാർ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് സത്യമാകുന്നു എന്ന് അവൻ ഉറപ്പിച്ചിരിക്കുന്നു. ഈ ആശയം പൗലൊസും തറപ്പിച്ചു പറഞ്ഞിരിക്കുന്നു, "എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണ്" (2 തിമൊ. 3:16). പത്രൊസ് അർത്ഥമാക്കിയതിനു സാധ്യതയുള്ള രണ്ടാമത്തെ കാര്യം, ദുരുപദേഷ്ടാക്കന്മാർ തിരുവെഴുത്തുകളെ ആകർഷണീയമായിട്ടായിരുന്നു വ്യാഖ്യാനിച്ചിരുന്നത് എന്നതാണ്. തിരുവെഴുത്തുകളെ വ്യാഖ്യാനിക്കേണ്ടത് സഭയുടെ മുഴുവൻ ചുമതലയാണ് എന്നായിരിക്കാം അവൻ ഉദ്ദേശിച്ചത്. തിരുവെഴുത്തുകളെ വ്യക്തികൾ വ്യാഖ്യാനിക്കുന്നത് ആധികാരികമാകുകയില്ല. സഭയുടെ വ്യാഖ്യാനത്തിൽനിന്നു വ്യത്യാസമുള്ള വ്യക്തിപരമായ വ്യാഖ്യാനം തെറ്റാണ്. തിരുവെഴുത്ത് വ്യക്തികളുടെ സ്വന്ത വ്യാഖ്യാനത്തിനുള്ളതല്ല.[11]

ആദ്യത്തെ വ്യാഖ്യാനമാണ് ശരിയായതെന്ന്, സംശയരഹിതമായി പറയാം. അതേ "പ്രവാചകവാക്യമാണ്" വാക്യങ്ങൾ 19, 20 ലും ഉള്ളത്. അവിടെ അപ്പൊസ്തലൻ പറയുന്നത് തിരുവെഴുത്തുകളെ ശ്രദ്ധിക്കുവാനാണ്, പിന്നീട് തിരുവെഴുത്ത് എന്തുകൊണ്ട് ദൈവത്തിന്റെ വചനം ആകുന്നു എന്നു പറഞ്ഞിരിക്കുന്നു, അല്ലാതെ പ്രവാചകന്മാരുടെ ഊഹമല്ല. പ്രവാചകൻ തിരുവെഴുത്തു രേഖപ്പെടുത്തുമ്പോൾ, അർത്ഥം വിശദമാക്കുന്നത് വ്യക്തിയാകുമ്പോൾ,

"വ്യാഖ്യാനം" പ്രശ്നം ആകും.

പ്രബലമായ പൗരോഹിത്യ അധികാരികൾ പിന്നീടുള്ള വ്യാഖ്യാനം എടുത്തതിൽ അതിശയിക്കുവാനില്ല. സഭയാണ് ബൈബിൾ ലോകത്തിന് നൽകിയത്, അതിനാൽ ബൈബിൾ വ്യാഖ്യാനിക്കുവാൻ സഭക്കാണ് അധികാരം ഉള്ളത് എന്നായിരുന്നു അവരുടെ വാദം. വ്യക്തിയുടെ വ്യാഖ്യാനം അപകടകരമാകും. "തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവായതല്ല" എന്ന കെജെവിയിലെ തർജ്ജമ മനസിലാക്കത്തക്കവണ്ണം ഉള്ളതാണ്. ആ തർജ്ജമ ഏറ്റവും നല്ലതല്ലെങ്കിലും, അതിൽനിന്നു ഒരു പ്രധാന പോയിന്റ് എടുക്കാവുന്നതാണ്. ബൈബിളിന്റെ അർത്ഥത്തിൽ വ്യക്തികളുടെ വിശദീകരണത്തേക്കാൾ സമൂഹത്തോടുകൂടിയുള്ളതാണ് മെച്ചം എന്നു വ്യക്തമാക്കുന്നു.

ഓരോ ക്രിസ്ത്യാനിയും പുരോഹിതനാകയാൽ (1 പത്രൊ. 2:5; വെളി. 1:6), വായന, തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന സന്ദേശം വ്യാഖ്യാനിച്ച്, പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്തം ഓരോരുത്തർക്കും ഉള്ളതാണ്. എങ്ങനെയായാലും, ഒരു വ്യക്തി സ്വയമായി തിരുവെഴുത്ത് വ്യാഖ്യാനിക്കുവാൻ തുടങ്ങിയാൽ, അത് സഭയുടെ അടിസ്ഥാന പ്രമാണങ്ങളെ നിഷേധിക്കുവാനിടയാകും, തന്റെ വ്യാഖ്യാനത്തിൽ അയാൾ തനിച്ചായിരിക്കും, അയാൾ സഭയിലെ ആത്മിയ-പക്വതയുള്ള വിശ്വാസികളുടെ നിർദ്ദേശങ്ങൾ കേൾക്കണം. മറ്റുള്ളവരുടെ നിർദ്ദേശങ്ങൾ പ്രകാരം അയാൾ തന്റെ വ്യാഖ്യാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തുവാൻ തയ്യാറാകണം.

**വാക്യം 21.** അപ്പോഴും തെറ്റിദ്ധാരണക്ക് അവസരമുണ്ടാകാമെന്നതിനാൽ, അപ്പൊസ്തലൻ വീണ്ടും വിശദീകരിക്കുകയാണ്. പ്രവചനം എന്തല്ല എന്നും തന്റെ വായനക്കാർ മനസിലാക്കുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചു. **പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗത്താൽ സംസാരിച്ചതത്രെ.** ഈ സമയത്ത്, തിരുവെഴുത്ത് വ്യാഖ്യാനമായിരുന്നില്ല പത്രൊസിനെ ആകുലനാക്കിയത്, എന്നാൽ അതിന്റെ ആരംഭമായിരുന്നു. പത്രൊസ് തറപ്പിച്ചു അന്തർലീനമാക്കിയത് ദൂര-വ്യാപകമായാണ്. അവ ഓരോന്നും ദീർഘമായി പ്രതിപാദിക്കുവാൻ നമുക്ക് സ്ഥലം പോരാ. ഒന്നോ രണ്ടോ പോയിന്റ് വ്യക്തമാക്കുന്നത് ഗുണകരമായിരിക്കും. ഒന്ന്, പരിഗണിക്കുന്ന "പ്രവചനം" പഴയ നിയമം മുഴുവനുമാണ് എന്നു നാം മനസിലാക്കി. പുതിയ നിയമത്തെ നാം അതേ രീതിയിൽ വെച്ചാൽ ചില കണ്ടു പിടിത്തങ്ങൾ നടത്തേണ്ടി വരും. അപ്പോഴും അത്തരം കണ്ടുപിടിത്തങ്ങൾ അതിർവിടരുത്. പൗലൊസും പുതിയ നിയമം എഴുതിയ മറ്റുള്ളവരും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്താലായിരുന്നു എഴുതിയത് (1 കൊ. 2:13; 1 തെസ്സ. 1:5).

രണ്ട്, ബൈബിൾ "ദൈവത്തിൽനിന്ന്" മനുഷ്യർ മുഖാന്തരം "പരിശുദ്ധാത്മ നിയോഗത്താൽ" വന്ന തിരുവെഴുത്തുകൾ വിശ്വാസ യോഗ്യമാണ്. ബൈബിൾ എഴുത്തുകാരെല്ലാം അവരുടെ സന്ദേശം ബോധ്യമാക്കുവാൻ സാധാരണ ഭാഷ ഉപയോഗിച്ചിരിക്കുന്നതിനാൽ, തിരുവെഴുത്ത് ചരിത്രപരമായി, മതപരമായി, അല്ലെങ്കിൽ ധാർമ്മികമായി അവതരിപ്പിക്കുന്നതിൽ "തെറ്റ്" സംഭവിച്ചിട്ടില്ല. അങ്ങനെ പറഞ്ഞതിനാൽ, "തെറ്റ്" എന്നത് ഉപയോഗിച്ചിരിക്കുന്നത് ഏതെല്ലാം അർത്ഥത്തിലാണെന്ന് മനസിലാക്കണം. ബൈബിൾ പകർത്തി എഴുതിയതിലും, തർജ്ജമ ചെയ്തതിലും ബൈബിൾ തെറ്റുകളിൽ നിന്നു മോചിതമാകുവാൻ പരിശുദ്ധാത്മാവ് സംരക്ഷിച്ചു എന്നു പറയുവാൻ സാധ്യമല്ല. അയക്കൽ നടപടിയിൽ തെറ്റുകൾ സംഭവിച്ചിരിക്കുവാൻ സാധ്യതയു

ണ്ടെന്ന് നാം സമ്മതിക്കണം.

കൂടാതെ, തർജ്ജിമയും തെറ്റില്ലാതെ ചെയ്തവയല്ല. അങ്ങനെ ആയിരുന്നുവെങ്കിൽ നമുക്ക് ബൈബിൾ വിവിധ രീതികളിൽ തർജ്ജിമ ചെയ്യേണ്ട ആവശ്യം വരുമായിരുന്നില്ല. ശ്വാസിയമായ ഒരു തർജ്ജിമ മതിയാകും. മൂല ഭാഷയിൽ നിന്നു തർജ്ജിമ ചെയ്യുന്നവർ ഏറ്റവും നല്ല വ്യാഖ്യാനം കൊടുത്താണ് തർജ്ജിമ ചെയ്യുന്നത്. തർജ്ജിമകളിൽ തർജ്ജിമക്കാർക്ക് തെറ്റു സംഭവിക്കും. അത് ആദ്യമായി കാണുന്നവർക്ക് അസ്വസ്ഥത ഉളവാക്കുമെങ്കിലും, ആയിരക്കണക്കിന് കയ്യെഴുത്തു പ്രതികൾ സംരക്ഷിക്കപ്പെട്ടിട്ടുള്ളത് നമുക്ക് ആശ്വാസം നൽകുന്നതാണ്. ആയുഷ്ക്കാലം മുഴുവൻ തങ്ങളുടെ സമയം ചെലവഴിച്ച് വ്യത്യാസം വിലയിരുത്തി മനസിലാക്കുവാനും അത് വെളിപ്പെടുത്തുവാനും ശ്രമിച്ച പണ്ഡിതന്മാരോട് നാം കടപ്പെട്ടിരിക്കുന്നു. ആദ്യം എഴുതിയവർ ദൈവശ്വാസിയരായിരുന്നു എങ്കിലും, തർജ്ജിമക്കാർ ശ്വാസിയരായിരുന്നില്ല. ബൈബിൾ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്തവർ, സൂക്ഷ്മതയോടെയായിരുന്നു കൈകാര്യം ചെയ്തത്. അവന്റെ നാമം ധരിച്ച് ജീവിക്കുവാൻ ദൈവം വിളിച്ചവർക്കുള്ള വഴി ആർജിച്ചെടുക്കുവാൻ അതിലുള്ളത് നമുക്ക് ആശ്വാസം നൽകുന്ന ഒന്നാണ്.

## പ്രായോഗികത

**ദൈവസ്നേഹം (1:3)**

"ദൈവം സ്നേഹം ആകുന്നു" എന്ന ലളിതമായ പ്രസ്താവനയാകാം ക്രിസ്ത്യാനിത്വത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ഉപദേശം. സമയാസമയങ്ങളിൽ വേദനയോടെ ഏറ്റു പറയുവാൻ പരീക്ഷിക്കപ്പെടുന്ന ഒന്നാണ് അത്.

ഒരു യുവതി ഗർഭിണിയായി മാസങ്ങളോളം ശിശുവിനെ ചുമന്ന് ആകാംക്ഷയോടെ ആദ്യകുഞ്ഞ് ജനിക്കുന്നതിനായി കാത്തിരിക്കുന്നത് ഊഹിക്കുക. പിന്നെ, ശിശു പുറത്തു വരുന്നു, ആ വാർത്ത ആളുകൾ അവളെ അറിയിക്കുന്നു. ശിശുവിന് മരിക്കത്തക്ക രോഗമാണുള്ളത്. ആ യുവതി നിങ്ങളെ നോക്കി ചോദിക്കും, "ദൈവം സ്നേഹമാണോ? ദൈവം ഈ ശിശുവിനെ സ്നേഹിക്കുന്നുണ്ടോ? ഇങ്ങനെ സംഭവിക്കുമ്പോൾ, ദൈവം സ്നേഹം തന്നെ എന്നു നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും?" നിസാരമായി കാണുവാൻ കഴിയാത്ത ഒന്നാണ് ദൈവം സ്നേഹം തന്നെ എന്നത്. വലിയ കഷ്ടത അനുഭിക്കുന്നവരുണ്ട്. അവർ ചെയ്തിട്ടില്ലാത്ത കുറ്റത്തിന് നിരപരാധിയായ ആളുകൾ കഷ്ടപ്പെടുന്നു. ദൈവം ആളുകളെ സ്നേഹിക്കുകയാണെങ്കിൽ, അവൻ സർവ്വ ശക്തനാണെങ്കിൽ, നിരപരാധികളെ എന്തിന് കഷ്ടപ്പെടുന്നതിന് അനുവദിക്കണം?

"നമ്മുടെ ജീവനും ഭക്തിക്കും വേണ്ടത് എല്ലാം" ദൈവം നൽകിയിരിക്കുന്നു എന്നതായിരുന്നു പത്രൊസിന്റെ മറുപടി (1:3). ദൈവത്തിന് ലോകത്തിലെ ദുഷ്ടതയിലും പാപങ്ങളിലും പ്രവർത്തിച്ച് തന്റെ ഉദ്ദേശം നിറവേറ്റുവാൻ കഴിയും. നസറേത്തുകാരനായ യേശുവിനോടുകൂടെ ക്രിസ്ത്യാനികൾ തങ്ങളുടെ ജീവിത വല എറിയുമ്പോൾ, ദൈവം തന്റെ ഭാഗത്ത് നിന്ന് അവരെ ഭരിക്കും. അവനെ ആശ്രയിക്കുകയും സ്നേഹിക്കുകയും ചെയ്യുക എന്നതാണ് സൃഷ്ടികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. അവന്റെ എല്ലാ വഴികളും നമുക്ക് അറിയില്ല എന്നു നാം സമ്മതിക്കണം. അവന്റെ ശ്രദ്ധക്കായി നമ്മെ

അവന് ഏൽപിച്ചുകൊടുക്കുവാൻ ആവശ്യമുള്ളതെല്ലാം നമുക്ക് അറിയാം. യേശുക്രിസ്തു മുഖാന്തരം പാപങ്ങളിൽനിന്നും എങ്ങനെ രക്ഷിക്കപ്പെടാമെന്നും, പ്രത്യാശയും നിത്യജീവനും നമുക്ക് ഇപ്പോൾ ലഭ്യമാണ് .

**അതിനായി വചനം ഉണ്ട് (1:5-8)**

പത്രൊസിന്റെ ക്രിസ്തീയ ഗുണങ്ങളുടെ ലിസ്റ്റിൽ പലതും ഗലാത്യർ 5:22, 23 ലെ ആത്മാവിന്റെ ഫലങ്ങളിൽ കാണാം. പത്രൊസിന്റേയും പൗലൊസിന്റേയും ലിസ്റ്റിൽ ഉള്ളവയിൽ ചിലത് പൊതുവിൽ "ഫലങ്ങൾ" ആണ്. താൻ പറഞ്ഞ ലിസ്റ്റിലെ ഗുണങ്ങൾ ഉള്ള ക്രിസ്ത്യാനികൾ "നിഷ്ഫലന്മാർ" ആയിരിക്കുകയില്ല എന്നാണ് പത്രൊസ് പറഞ്ഞത്. ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണം എന്ന് ആ വാക്കുകളിലെ ചിന്ത നമ്മെ പഠിപ്പിക്കുന്നു. നമുക്ക് പേരെടുത്തു പറയുവാൻ കഴിയാത്ത കാര്യങ്ങളെ കുറിച്ച് ചിന്തിക്കുക പ്രയാസമാണ്.

അനുഭവം നമ്മുടെ വാക്കുകൾക്ക് രൂപവും ഭാവവും നൽകുന്നു. ഉദാഹരണമായി, ഒരു എസ്കിമോക്ക് മഞ്ഞിനു പല വാക്കുകളുണ്ട്. ഉഷ്ണമേഖലയിൽ വസിക്കുന്നവർക്ക് ഒന്നും കാണുകയില്ല. വാക്കുകളുടെ വ്യത്യാസം മനസിലാക്കുവാൻ കഴിയുന്നതിനാൽ എസ്കിമോക്ക് മഞ്ഞിലെ വ്യത്യാസം മനസിലാകുന്നു, പക്ഷെ ഉഷ്ണമേഖലയിൽ വസിക്കുന്ന ഒരാളെ മഞ്ഞിൽ കൊണ്ട് വിട്ടാലും പരിതസ്ഥിതിയിലെ വ്യത്യാസമല്ലാതെ മറ്റൊന്നും അയാൾ തിരിച്ചറിയുകയില്ല. എസ്കിമോയുടെ വാക്കുകൾ കൂടാതെ ഉഷ്ണമേഖലയിലെ മനുഷ്യന് മഞ്ഞുകണികകളുടെ വ്യത്യാസം തിരിച്ചറിയുവാൻ കഴിയുകയില്ല.

അതുപോലെ, അവൻ ആരാണെന്നും ഏതു തരത്തിലുള്ള ജീവിതമാണ് അവൻ തന്റെ ആളുകളിൽനിന്നും പ്രതീക്ഷിക്കുന്നത് എന്നും ദൈവത്തോടുകൂടിയുള്ള അനുഭവം നമുക്ക് വാക്കുകളും പേരുകളും നൽകുന്നു. ഒരു വശത്ത് "ഇന്ദ്രിയ-ജയവും," മറുവശത്ത് "ദൈവഭക്തിയും" തമ്മിലുള്ള വ്യത്യാസം സൂക്ഷ്മമായി മനസിലാക്കി ധാർമ്മികമായ ലോല മനസുകളെ വികസിപ്പിക്കുവാൻ കഴിയും. കൂടുതൽ പൊതുവായി ഉപയോഗിക്കുന്ന "സ്നേഹം" പോലെയല്ല "സഹോദരപ്രീതി." അവന്റെ ജനം പേർ പറഞ്ഞിരിക്കുന്ന ഗുണങ്ങൾ മുറുകെ പിടിക്കണം. അവയെ തിരിച്ചറിയുവാനും, ചിന്തിക്കുവാനും, ജീവിതത്തിൽ പിൻപറ്റുവാനും ദൈവം വഴികൾ തന്നിരിക്കുന്നു.

**നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവിൻ (1:8–11)**

പത്രൊസ് ലിസ്റ്റിൽ പറഞ്ഞ ഗുണങ്ങളെല്ലാം ക്രിസ്ത്യാനി തന്റെ ജീവിതത്തിൽ ഉദാരമായി സ്വീകരിച്ച് അവയെ പരിശീലിക്കുമ്പോൾ, ക്രിസ്തുവിന്റെ പരിജ്ഞാനം ഒരു ഉപ-ഉൽപന്നമായി തീരുന്നു. ക്രിസ്തീയ ഗുണങ്ങളോട് പരിജ്ഞാനം കൂട്ടുന്ന ആരും ഫലം പുറപ്പെടുവിക്കാതിരിക്കയില്ല. പത്രൊസ് പറയുന്നത് സൈദ്ധാന്തികമായ അറിവല്ല, മറിച്ച് പ്രായോഗികമായ പരിജ്ഞാനമാണ്. രണ്ടും ഒന്നല്ല. ഒരാൾക്ക് കായികമായ അഭ്യാസത്തെ കുറിച്ച് അറിവുണ്ടായിരിക്കാം, എന്നാൽ വർഷങ്ങളോളം അത് പരിശീലിച്ചാൽ മാത്രമെ അതെന്താണെന്ന് പ്രായോഗികമായി *അറിയുകയുള്ളു*. അപ്പൊസ്തലന്മാർക്ക് അറിയാത്ത കാര്യങ്ങൾ തങ്ങൾക്ക് അറിയാം എന്ന അവകാശമായിരുന്നു പത്രൊസ് അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാർ നടത്തിയത്. അവർക്ക് പരിജ്ഞാനം എന്നത് പങ്കിടുവാൻ പറ്റാത്ത ഗൂഢമായ രഹസ്യമായിരുന്നു. പത്രൊ

സിന്ന് പരിജ്ഞാനവും ദൈവഭക്തിയും വേർപെടുത്താനാവാത്തതായിരുന്നു.

പരിജ്ഞാനം സൈദ്ധാന്തികമല്ല. അത് ഒരാൾ ജീവിക്കുന്നതിനാലാണ് തിരിച്ചറിയുവാൻ കഴിയുന്നത്. ഉദാഹരണമായി, ഒരാൾക്ക് സ്ഥിരോൽസാഹത്തെ കുറിച്ച് വായിച്ചറിയുവാൻ കഴിയും, എന്നാൽ അയാൾ സ്വന്ത അനുഭവത്തിൽ സ്ഥിരോൽസാഹം നടത്തുമ്പോഴാണ് സ്ഥിരോൽസാഹം എന്താണെന്ന് അയാൾക്ക് ശരിയായി *അറിയുവാൻ* കഴിയുക. അതുപോലെ, ഒരാൾ ഇന്ദിയ-ജയം പരിശീലിച്ചുകഴിയുമ്പോഴാണ് ഇന്ദിയ-ജയം എന്താണെന്ന് വാസ്തവത്തിൽ തിരിച്ചറിയുന്നത്. സ്ഥിരോൽസാഹം, ഇന്ദ്രിയ-ജയം തുടങ്ങിയ മറ്റു ക്രിസ്തീയ ഗുണങ്ങളെ അറിയുന്നത് ക്രിസ്തുവിനെ അറിയുന്നതുപോലെ തന്നെയാണ്. ചെയ്യുമ്പോഴാണ്, അറിഞ്ഞു തുടങ്ങുന്നത്. “ഇവ നിങ്ങൾക്ക് ഉണ്ടായി വർദ്ധിക്കുന്നുവെങ്കിൽ,” നിങ്ങൾ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് “ഉൽസാഹമില്ലാത്തവരും നിഷ്ഫലന്മാരും ആകുകയില്ല.” നേരെ മറിച്ച്, ക്രിസ്തുവിനെ പ്രസംഗിക്കുന്ന ആൾക്ക് ക്രിസ്തീയ ഉപദേശത്തിന്റെ പ്രായോഗികത ഇല്ലാതിരുന്നാൽ, അയാൾ കുരുടനും, മുൻകഴിഞ്ഞ ശുദ്ധീകരണത്തെ മറന്നവനും (അറിയാത്തവൻ) തന്നെ.

**സത്യത്തിൽ സ്ഥാപിച്ചു (1:12-18)**

മുഴുവനും മനസിലാക്കുവാൻ കഴിയാത്ത വാക്കാണ് “സത്യം.” യേശു പറഞ്ഞു, “സത്യം നിങ്ങൾ അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും” (യോഹന്നാൻ 8:32; എൻഐവി). യേശുവിനെ വിചാരണ ചെയ്ത പിലാത്തൊസ് ചോദിച്ചു, “എന്താണ് സത്യം?” (യോഹ. 18:38). പിലാത്തൊസിൽനിന്നു വ്യത്യസ്തമായി ബൈബിൾ ആരംഭം മുതൽ അവസാനം വരെ ആളുകൾക്ക് സത്യം അറിയുവാൻ കഴിയും എന്നാണ് പഠിപ്പിക്കുന്നത്.

ഒരാൾക്ക് പറയുവാൻ കഴിയുന്ന ഏതൊന്നിനെ കുറിച്ചുമുള്ള സത്യം അറിയാം എന്നു പറയുന്ന ആളുകളെ നമ്മിൽ പലർക്കും അറിയാം. വിവിധ രീതിയിലുള്ള പ്രഭാത ഭക്ഷണം മുതൽ, ഇന്ത്യയിലെ കാലാവസ്ഥാ വ്യതിയാനം, ധാർമ്മികമായ പ്രശ്നങ്ങൾ വരെയുള്ള എല്ലാറ്റിനും ഉത്തരം അറിയാമെന്ന് അവകാശപ്പെടുന്നവർ കണ്ടേക്കാം. എങ്കിലും തീർച്ചയായി ഒരു ഉത്തരവും നൽകുവാൻ കഴിയാത്ത ആളുകളെയും എനിക്ക് അറിയാം. മൊത്തത്തിൽ, ലോകത്തിലുള്ള ആളുകൾ, നമ്മുടെ പിതാക്കന്മാരേക്കാൾ എന്തിനെക്കുറിച്ചും സത്യം അറിയുവാൻ ഇന്നു നമുക്ക് കഴിയും എന്നറിയാത്തവർ ചുരുക്കമായിരിക്കും.

2 പത്രൊസിലെ വായനക്കാരായ ക്രിസ്ത്യാനികളോട് സത്യം അറിയുവാൻ കഴിയും എന്നാണ് പത്രൊസ് പറഞ്ഞത്. അവന്റെ വാക്കുകളിൽ പ്രധാന സൂചനകൾ അടങ്ങിയിരിക്കുന്നു.

(1) *ഉൽസാഹത്തോടെ അന്വേഷിക്കുന്നവർക്ക് കണ്ടെത്തുവാൻ കഴിയുന്നതാണ് സത്യം.* ആവശ്യമുള്ള സത്യങ്ങൾ അറിയുവാൻ നമുക്ക് എല്ലാ സത്യങ്ങളെ കുറിച്ചും അറിയേണ്ട ആവശ്യമില്ല. അപ്പൊസ്തലനായ പത്രൊസ് എഴുതി, “അതുകൊണ്ട് നിങ്ങൾ അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറച്ചു നിൽക്കുന്നവരും എന്നു വരികിലും, ഇത് നിങ്ങളെ ഓർപ്പിച്ചുണർത്തുവാൻ ഞാൻ എപ്പോഴും ഒരുങ്ങിയിരിക്കും” (2 പത്രൊ. 1:12).

തങ്ങൾ യേശുവിനോടുകൂടെ ആയിരുന്നപ്പോൾ, ഞങ്ങൾ കണ്ടവരും കേട്ടവരുമാണെന്ന് പത്രൊസും മറ്റുള്ളവരും ലോകത്തോട് അറിയിച്ചു. ഒരു

കുരുടനെ അവൻ തൊട്ടു സൗഖ്യമാക്കിയത് അവർ കണ്ടു. അവൻ കാറ്റിനേയും കടലിനേയും ശാന്തമാക്കിയപ്പോഴും, അത്ഭുതകരമായി അയ്യായിരം പേരെ പോഷിപ്പിച്ചപ്പോഴും അവർ അവനോടുകൂടെ ഉണ്ടായിരുന്നു. മറുരൂപമലയിൽ വെച്ച് യേശു കർത്താവാണ് എന്ന് ദൈവം സാക്ഷീകരിച്ചപ്പോൾ അവർ അവിടെ ഉണ്ടായിരുന്നു. "... 'ഇവൻ എന്റെ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്നുള്ള ശബ്ദം അതി ശ്രേഷ്ഠ തേജസിൽനിന്ന് വന്നപ്പോൾ, പിതാവായ ദൈവത്താൽ അവന്ന് തേജസും മാനവും ലഭിച്ചു.. വിശുദ്ധ പർവ്വതത്തിൽ ഞങ്ങൾ അവനോടുകൂടെ ആയിരുന്നപ്പോൾ ആ ശബ്ദം കേട്ടു ..." (2 പത്രൊ. 1:17, 18).

"നിർമ്മിത കഥകളെ പ്രമാണിച്ചുകൊണ്ടാണ്" പത്രൊസ് സംസാരിച്ചത് എന്നു ചിലർ പറഞ്ഞു. അപ്പൊസ്തലൻ അതിനെ നിഷേധിച്ചു. പത്രൊസ് പറഞ്ഞതിനെ ഇങ്ങനെ സമാന്തര പ്രയോഗം നടത്താം: "ഞങ്ങൾ പറയുന്നത് അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ഇതിഹാസങ്ങൾ പോലെയല്ല, ഞങ്ങൾ ആ സമയത്ത് അവിടെ ഉണ്ടായിരുന്നു. ഈ കാര്യങ്ങൾ എല്ലാം സംഭവിച്ചതാണ്. ഞങ്ങൾ പറയുന്നത് സത്യമാണ്." എല്ലാറ്റിനെ കുറിച്ചുമുള്ള സത്യം നമുക്ക് ആർക്കും അറിയില്ല. തീർച്ചയായും, ദൈവത്തെ കുറിച്ചുള്ള എല്ലാ സത്യവും നമുക്ക് അറിയില്ല. എങ്കിലും, ചില കാര്യങ്ങൾ സത്യമാണെന്ന് നമുക്ക് എണ്ണി പറയുവാൻ കഴിയും. ബൈബിൾ ദൈവത്തിന്റെ വചനമാണ്. അതാണ് സത്യം. നസറേത്തുകാരനായ യേശു ക്രിസ്തു ആയിരുന്നു, ക്രിസ്തു ആണ്. അതാണ് സത്യം. ദൈവം തന്റെ സ്വർഗീയ വാസം ഉപേക്ഷിച്ചിരുന്നു എന്നതു സത്യമാണ്. നസറേത്തുകാരനായ യേശു ആളുകൾക്കിടയിൽ വസിക്കുകയും അവരെ വീണ്ടെടുക്കുകയും ചെയ്തു.

(2) *സത്യം വിശ്വസിക്കുവാൻ മാത്രമുള്ളതല്ല, അനുസരിക്കുവാനും കൂടെയുള്ളതാണ്.* രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം എന്നു നമുക്ക് അറിയുവാൻ കഴിയും. നാം ഏതു തരത്തിലുള്ള ജീവിതം നയിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നതെന്ന് നമുക്ക് അറിയുവാൻ കഴിയും, സത്യം സിദ്ധാന്തത്തേക്കാളുപരിയാണ്. ആളുകൾ ജീവിതത്തിൽ ചെയ്യുന്നതാണ് അത്. പൗലൊസ് എഴുതി,

> [ദൈവം] ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്ക് തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്ക് വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസും മാനവും അക്ഷയതയും, അന്വേഷിക്കുന്നവർക്ക് നിത്യജീവനും, ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും (റോമർ. 2:6-8).

മറ്റൊരു സ്ഥലത്ത് അതേ അപ്പൊസ്തലൻ പറഞ്ഞു, "നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തു കളഞ്ഞു" (ഗലാ. 5:7). ഏറ്റു പറഞ്ഞിട്ട് അവഗണിക്കേണ്ടതല്ല സത്യം. സത്യങ്ങൾ കൈക്കൊള്ളേണ്ടതാണ്.

ദൈവം തനിക്ക് വെളിപ്പെടുത്തിയ സത്യം തന്റെ വായനക്കാരെ ഓർപ്പിക്കുകയാണ് ലേഖനം എഴുതിയതിന്റെ മുഖ്യ ഉദ്ദേശം എന്നു ലേഖകൻ വ്യക്തമാക്കിയിരിക്കുന്നു. മുൻപ് അവൻ ആ സത്യം അവരോട് പ്രസംഗിച്ചിരുന്നു. ഇപ്പോൾ അവൻ അത് അവരുടെ മനസുകളിൽ വീണ്ടും ഉറപ്പിക്കുകയാണ്.

“എന്റെ കൂടാരം പൊളിഞ്ഞുപോകുവാൻ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കയാൽ നിങ്ങളെ ഓർപ്പിച്ചുണർത്തുന്നത് യുക്തം എന്നു വിചാരിക്കുന്നു” (2 പത്രൊ. 1:13). പിന്നീട് അവൻ പറഞ്ഞു, “പ്രിയമുള്ളവരേ, ഞാൻ ഇപ്പോൾ നിങ്ങൾക്ക് എഴുതുന്നത് രണ്ടാം ലേഖനമല്ലൊ. ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തി നിങ്ങളുടെ പരമാർത്ഥ മനസ് ഉണർത്തുന്നു” (2 പത്രൊ. 3:1).

ആളുകൾക്ക് താൽപര്യവും ആവേശവും ജനിപ്പിക്കുന്ന വിധത്തിൽ, സഭ പുതിയ കാര്യങ്ങളുമായി വരണം എന്ന സിദ്ധാന്തം വിദേശത്ത് നിലവിലുണ്ട്. ചിലർ അഥേനയിലുള്ളവരെ പോലെ വല്ല പുതുമയും കേൾക്കുവാനും അറിയുവാനും താൽപര്യമുള്ളവരാണ് എന്ന കാര്യം സത്യമാണ് (പ്രവൃ. 17:21). പുതിയ കാര്യങ്ങൾ ആകർഷണിയമാണ്, എന്നാൽ അത്തരം പുതുമക്കായി ദാഹിക്കുന്നവർക്ക് അധികനാൾ ഒന്നിലും സ്ഥിരമായിരിക്കുവാൻ കഴിയുകയില്ല. ദൈവജനത്തിന് താൽപര്യം ജനിക്കുവാൻ ദൈവജനത്തിന്റെ ഉപദേശവും പരിശീലനവും മാറ്റേണ്ടആവശ്യമില്ല. ഒരാളുടെ ഭയാശങ്കകൾക്കും പ്രത്യാശക്കും ഉതകുന്നതാണെങ്കിൽ പഴയ സന്ദേശം താൽപര്യമില്ലാതിരിക്കുകയില്ല. എനിക്ക് ഒരു പഴയ സ്നേഹിതൻ ഉണ്ട്. അയാൾ എന്നോടുകൂടെ ഹൈസ്ക്കൂളിൽ പഠിച്ചതാണ്. കുട്ടികൾ ചെയ്യുന്ന എല്ലാ വികൃതിത്തരങ്ങളും ഞങ്ങൾ ഒരുമിച്ച് ചെയ്തിട്ടുണ്ട്. ഞങ്ങൾ കണ്ടുമുട്ടുമ്പോൾ ആ കാര്യങ്ങളെ കുറിച്ച് സംസാരിക്കും. അവ ഞങ്ങളുടെ ജീവിതത്തിലെ ചരിത്ര സംഭവങ്ങളുടെ ഭാഗമായിരുന്നു. ഞങ്ങൾക്ക് തമ്മിൽ പൊതുവായുണ്ടായിരുന്ന പഴയ കാര്യങ്ങൾ ഞങ്ങളെ ഒരിക്കലും മുഷിപ്പിച്ചിട്ടില്ല. ഞങ്ങൾ ഒരുമിച്ച് കണ്ടുമുട്ടുമ്പോൾ ഞങ്ങൾക്ക് പുതിയ കാര്യങ്ങൾ വേണമെന്നില്ല.

ക്രിസ്ത്യാനികൾ പങ്കെടുക്കുന്ന ഭവനം പങ്കിടുന്ന ഒന്നാണ്. അബ്രഹാം വിശ്വാസികളുടെ പിതാവാണ്. മോശെ യിസ്രായേലിന്റെ നിയമ ദാതാവായിരുന്നു. ദാവീദ് അവരുടെ രാജാവായിരുന്നു; യെശയ്യാവും യിരെമ്യാവും അവരുടെ പ്രവാചകന്മാരായിരുന്നു. അതിന്റെ എല്ലാം ഉച്ചസ്ഥായിയിലെത്തിയതായിരുന്നു യേശു കർത്താവാണ് എന്ന സത്യം. ക്രിസ്ത്യാനികൾ കൂടിവരുമ്പോൾ പങ്കിടുന്നത് അവരുടെ ചരിത്രത്തിന്റെ ഭാഗമാണ്. അവരുടെ പിതാക്കന്മാരുടെ അനുഭവങ്ങൾ അവർക്ക് വിശ്വസ്തതക്ക് പ്രേരണയായി തീർന്നു. യേശുവിന്റെ രേഖയും പൗലൊസിന്റെ പ്രസംഗവും ദൈവം എങ്ങനെ രക്ഷിച്ചു എന്നു വിശ്വാസികളോട് അറിയിക്കുന്നു. അവർ യേശുവിന്റെ മടങ്ങിവരവിനായി വിശ്വാസത്തോടെ കാത്തിരിക്കുകയാണ്. പ്രീതിപ്പെടുത്തുന്നതും രസകരവുമായ പുതിയ ശ്രമങ്ങൾ നടത്തുവാൻ ഉപദേഷ്ടാക്കന്മാർ പരീക്ഷിക്കപ്പെട്ടേക്കാം. പുതിയ കാര്യങ്ങൾ പെട്ടെന്ന് പഴയതായി തീരും; എന്നാൽ നമ്മുടെ പൊതുവായ കാര്യങ്ങൾ ഒരിക്കലും പഴയതാകുകയില്ല. നാം ആരാണെന്ന് അതു പറയുന്നു. ക്രിസ്തീയ ഉപദേശവും ക്രിസ്തീയ ജീവിതവും സത്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്.

(3) *ദൈവ ജനത്തെ മരണത്തിനും വരുവാനുള്ള ലോകത്തിനും ഒരുക്കുന്നത് സത്യമാണ്.* കർത്താവ് അവനോട് പറഞ്ഞത് പത്രൊസ് ഓർത്തു. സത്യത്തെ മുറുകെ പിടിക്കുകയും ഓർക്കുകയും ചെയ്ത്, ആശ്വാസത്തോടും ഉറപ്പോടും കൂടെ പത്രൊസ് വരുവാനുള്ള തന്റെ മരണത്തെ കുറിച്ച് സംസാരിച്ചു. അവൻ എഴുതി, “... നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്ക് അറിവ് തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു” (2 പത്രൊ. 1:14).

യോഹന്നാൻ 21 ൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവമാണ് അപ്പൊസ്തലൻ സ്പഷ്ടമാക്കിയത്. യേശുവിനെ ക്രൂശിൽ തറെച്ചു. പത്രൊസും മറ്റുള്ളവരും ഗലീലയിലേക്ക് മടങ്ങി പോയി തങ്ങളുടെ മൽസ്യ വ്യാപാരത്തിലേക്ക് തിരിഞ്ഞു. യേശു അവർക്ക് പ്രത്യക്ഷനായി അവരെ പ്രോൽസാഹിപ്പിച്ചു. വ്യക്തിപരമായി അവൻ പത്രൊസിനു പ്രത്യക്ഷനായി അവന്റെ മരണത്തെ കുറിച്ച് പറഞ്ഞു. യോഹന്നാൻ 21:18, 19 പറയുന്നു,

> "ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു; നീ യൗവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു. വയസനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അര കെട്ടി നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തിലേക്ക് നിന്നെ കൊണ്ടു പോകയും ചെയ്യും" എന്നു പറഞ്ഞു. അതിനാൽ അവൻ ഇന്നവിധം മരണംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തും എന്നു സൂചിപ്പിക്കുന്നു.

അമേരിക്കൻ ജീവിതത്തിൽ, മരണം ലൈംഗികതക്ക് പകരം വിലക്കപ്പെട്ട വിഷയമായിരിക്കുന്നു എന്നു പറയപ്പെടുന്നു. അത് ശരിയാണെന്ന് തോന്നുന്നു. പ്രാഥമിക വിദ്യാലയങ്ങളിൽ പോലും ലൈംഗികത പഠിപ്പിക്കുന്നു, പക്ഷെ മരണത്തെ കുറിച്ച് ഒന്നും പറയുന്നില്ല. മരണത്തിന്റെ ആചാരങ്ങളെല്ലാം വളരെ മാറിയിരിക്കുന്നു. എഴുപത്തി-അഞ്ചു വർഷങ്ങൾക്ക് മുൻപ് ഒരാൾ മരിച്ചു കഴിഞ്ഞാൽ, മൃതശരീരം അറോ ഏഴോ ദിവസം വീട്ടിൽ തന്നെ വെച്ചിരിക്കും. അയൽക്കാരെല്ലാം വന്ന് അവരോടൊപ്പം ആയിരിക്കും. ഇന്ന് അതിനു പകരം മൊബൈൽ മോർച്ചറിയിലും ആസ്പത്രിയിലുമാണ് ഏതാനും ദിവസം സൂക്ഷിക്കുന്നത്. സന്ദർശനം വളരെ ചുരുക്കമായിരിക്കും. ഏറിയാൽ ഒരു ദിവസം കുടുംബാംഗങ്ങളെ ആളുകൾ സന്ദർശിച്ചേക്കാം, പിന്നെ അതും നിർത്തും. ശവസംസ്ക്കാരത്തിനും മാറ്റം സംഭവിച്ചിരിക്കുന്നു. ദഹിപ്പിക്കൽ സാധാരണയായി തുടങ്ങി. ഓർമ്മ ശുശ്രൂഷയാണെങ്കിൽ ഗൗരവമായ സമയത്തിന് പകരം "ചടങ്ങു" മാത്രമായിരിക്കുന്നു. മരണത്തെ കുറിച്ചുള്ള കാഴ്ച്ചപ്പാടാണ് ഒരാൾക്ക് ഇതിൽനിന്നു മനസിലാക്കുവാൻ കഴിയുന്നത്. ആരെങ്കിലും മരിക്കുമ്പോൾ, അയാളെ എത്രയും വേഗത്തിൽ മറവ് ചെയ്യുവാനാണ് ശ്രമിക്കുന്നത്. മരണത്തെ കൈകാര്യം ചെയ്യുവാൻ നമുക്ക് മനസില്ല എന്നതാണ് വാസ്തവം. മരണത്തെ കുറിച്ചുള്ള സത്യം അഭിമുഖീകരിക്കുവാനാണ് പത്രൊസ് തന്റെ വായനക്കാരോട് പറഞ്ഞത്.

മരണത്തെ കുറിച്ച്, ദുഃഖമോ, ഭയമോ കൂടാതെയായിരുന്നു എന്നു തോന്നുന്നു പത്രൊസ് സംസാരിച്ചത്. സ്വാഭാവിക ക്രമങ്ങളുടെ ഭാഗമാണ് മരണം. ദൈവം നമ്മെ അങ്ങനെയാണ് സൃഷ്ടിച്ചിരിക്കുന്നത്. ആളുകൾ മാത്രമല്ല മരിക്കുന്നത്. പട്ടികൾ, ആടുകൾ, മാൻ-ജീവനുള്ളവയെല്ലാം മരിക്കും. ഒരു പശുവോ, കുതിരയോ മരിക്കുന്നതുപോലെ ആണോ മനുഷ്യൻ മരിക്കുന്നത് എന്നതാണ് ചോദ്യം. മനുഷ്യർ മരിക്കുന്നതോടുകൂടെ ഇല്ലാതാകുമോ? ചുരുങ്ങിയ സമയത്തിനുള്ളിൽ, നമ്മുടെ വിഭവങ്ങൾ അല്ലാതെ മറ്റൊന്നും കാണുകയില്ല, ആ ചോദ്യത്തിനു ഉത്തരം ഇല്ലായിരുന്നു. യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ച്, മനുഷ്യൻ മരിച്ചാൽ അത് മൃഗങ്ങൾ മരിക്കുന്നതുപോലെയല്ല എന്നു തെളിയിച്ചു. സ്ത്രീകളും പുരുഷന്മാരും എന്നേക്കും ജീവിക്കും. ജീവിതം ഈ ലോകത്തിനപ്പുറത്ത് തുടരുകയാണ്. അതാണ് സത്യം.

*ഉപസംഹാരം.* ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യവും യുഗങ്ങളായി ജീവിച്ച മനുഷ്യരും തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നതാണ് ബൈബിൾ. സത്യം അറിയാവുന്നതാണ്. സത്യം അനുസരിക്കുവാനുള്ളതാണ്. ലോകാവസാനം ഒരു കണക്കെടുപ്പ് ഉണ്ട് എന്നതാണ് സത്യം. ന്യായവിധിക്കായി യേശു വീണ്ടും വരും.

**ദൈവശ്വാസിയത (1:20, 21)**

ബൈബിൾ ദൈവശ്വാസിയമാണെന്ന് വിശ്വാസികൾ പറയുമ്പോൾ ബുദ്ധിമുട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതായി വരും. എങ്ങനെയാണ് ശ്വാസിയത പ്രവർത്തിക്കുന്നത്? ഒരാളുടെ മനസിനെ പരിശുദ്ധാത്മാവ് എടുത്ത് അയാൾ മുഖാന്തരം സന്ദേശം എത്തിക്കുകയാണോ? ലേഖകൻ ആത്മാവ് ഉപയോഗിക്കുന്ന സാങ്കേതികമായ ഉപകരണമാണോ? ശ്വാസിയനായ ഒരു ലേഖകന്റെ ഓർമ്മ, പദാവലികൾ, അനുഭവങ്ങൾ എന്നിവ എങ്ങനെ ഉപയോഗിക്കുന്നു?

ഈ വിഷയത്തെ കുറിച്ച് താൽപര്യം ജനിപ്പിക്കുന്ന ഒരു ചർച്ച ജോൺ സ്റ്റോട്ട് നൽകുന്നു.[12] ക്രിസ്തീയ വിശ്വാസത്തിൽ പ്രയാസമില്ലാത്ത വലിയ പ്രസ്താവനകൾ ഇല്ല എന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. സഭക്കുള്ള ഉപദേശങ്ങളിലെല്ലാം മർമ്മങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ദൈവം പ്രപഞ്ചത്തിന്റെ സൃഷ്ടികർത്താവാണ്, അല്ലെങ്കിൽ അവൻ രക്ഷിതാവാണ് എന്നു പറയുന്നത് നിസാരമായ ഒന്നല്ല. അവന്റെ സർവ്വവ്യാപിത്വം മനസിലാക്കുവാൻ നമുക്ക് പ്രയാസമാണ്. ഒരേ സമയത്ത് തന്റെ സൃഷ്ടിയെ സ്നേഹിക്കുന്ന പിതാവും മനുഷ്യരെ ന്യായം വിധിക്കുന്നവനുമായിരിക്കുന്നത് മനസിലാക്കുവാൻ എളുപ്പമാണ്. അവന്റെ എല്ലാ വഴികളും മനസിലാക്കാതെയാണ് ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസം ഏറ്റു പറയുന്നത്. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുന്നതുവരെ കാത്തിരുന്നാൽ ആരും ഒന്നും വിശ്വസിക്കുകയില്ല. വിശ്വസിക്കുന്നതിനു മതിയായത് നമുക്ക് അറിയാം. നസറേത്തുകാരനായ യേശുവിൽ തങ്ങളുടെ ജീവിതം സമർപ്പിക്കപ്പെടുവാൻ, ക്രിസ്ത്യാനികൾ ചോദ്യങ്ങൾ ഒന്നും ഇല്ലാതിരിക്കുന്നതുവരെ കാത്തിരിക്കുകയില്ല.

ക്രിസ്ത്യാനിയാകുക എന്നാൽ യേശു എന്ന വ്യക്തിയെ സംബന്ധിച്ച് ആഗോളതലത്തിൽ ഒരു തീരുമാനം എടുക്കുക എന്നാണ് അർത്ഥം. അവൻ കർത്താവാണ് എന്നറിഞ്ഞ് അവനിൽ ആശ്രയം വെക്കുക. ദൈവത്തെ അവൻ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കാതെ തന്നെ, നാം പ്രധാനപ്പെട്ട എല്ലാ കാര്യവും വിശ്വസിക്കുന്നു. തിരുവെഴുത്ത് ശ്വാസിയമാണെന്ന് നാം വിശ്വസിക്കുന്നു. അത് മറ്റു കാര്യങ്ങളിൽ നാം വിശ്വസിക്കുന്നതുപോലെയാണ്. അങ്ങനെ തിരുവെഴുത്ത് ശ്വാസിയമാണെന്ന് നാം ഉറപ്പിക്കുന്നു. ശ്വാസിയത എന്നാൽ എന്താണ് അർത്ഥം എന്നതും ചോദ്യങ്ങൾ കൂടാതെയുള്ളതല്ല, അതുകൊണ്ട് പ്രയാസമുള്ളതുമാണ്. അപ്പോഴും, ബൈബിൾ തികച്ചും സത്യമാണ്. അത് വിശ്വാസയോഗ്യമാണ്. അത് മനുഷ്യരാൽ എഴുതപ്പെട്ടതാണെങ്കിലും, ദൈവത്താൽ നൽകപ്പെട്ടതാണ്. അത് അവന്റെ പുത്രനായ യേശുക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്നു. വെളിപ്പാടിന്റെ എല്ലാ മർമ്മങ്ങളും അറിയാതെ തന്നെ, യാതൊരു മടിയും കൂടാതെ ബൈബിൾ ദൈവശ്വാസിയമാണെന്ന് നാം ഉറപ്പിക്കുന്നു.

---

കുറിപ്പുകൾ

[1]റിച്ചാർഡ് ജെ. ബക്കാം 2 പത്രൊസിന്റെ ലേഖന കാർത്താവ് പത്രൊസ് ആണെന്നത് നിഷേധിച്ചിരിക്കുന്നു, എന്നാൽ അദ്ദേഹം പറഞ്ഞു, "ലേഖകൻ ഒരുപക്ഷെ യെഹൂദ മതാനുസാരികളുടെ സാഹിത്യവുമായി അടുത്ത ബന്ധമുള്ളവനായിരിക്കാം, അതുകൊണ്ടാകാം അതിൽ യവന മതത്തിലേയും തത്വശാസ്ത്രത്തിലേയും വാക്കുകൾ വന്നിരിക്കുന്നത് ..." (റിച്ചാർഡ് ജെ. ബക്കാം, *ജൂഡ്, 2 പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം 50 [വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983], 180. പത്രൊസിന്റെ യെഹൂദ മതാനുസാര ഭാഷയും അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ഉറവിടങ്ങൾക്കും ബക്കാം നോക്കുക.) [2]എഫ് ഡബ്ലിയു. മാറ്റോക്സ് ആന്റ് ജോൺ മെക്റെ അവരുടെ പുസ്തകത്തിന് തലവാചകം ഈ വാക്യത്തിൽനിന്നാണ് കണ്ടെടുത്തത് (എഫ്. ഡബ്ലിയു. മാറ്റോക്സ് ആന്റ് മെക്റെ, *ദ എറ്റേണൽ കിങ്ഡം: ഏ ഹിസ്റ്ററി ഓഫ് ദ ചർച്ച് ഓഫ് ക്രൈസ്റ്റ്* [ഡിലൈറ്റ് ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., 1961].) [3]ഫ്രെഡ് ബി. ക്രാഡോക്, *പ്രീച്ചിങ്* (നാഷ്വിലേ: അബിങ്ഡൺ പ്രസ്, 1985), 159-63, കൂടാതെ ക്രാഡോക് എഴുതി, "ഉപദേഷ്ടാക്കന്മാർക്കിടയിൽ, പരിചയമുള്ളത് താൽപര്യം കൂടാതെയുള്ളതും, ശക്തിയില്ലാത്തതും, പ്രവചന സൂചനയില്ലാത്തതുമാകുന്നു" (പേജ് 45). [4]ഇത് മനസിലാക്കുവാൻ എളുപ്പമാണെങ്കിലും, കെജെവിയിൽ ഇത് വേദഭാഗത്തിന് വളരെ കുറച്ചു പിന്തുണയാണ് നൽകിയിരിക്കുന്നത്. അതിൽ വായിക്കുന്നത്, "നിങ്ങളെ എല്ലായ്പോഴും ഓർമ്മിക്കുന്നതിൽ, ഞാൻ ഉപേക്ഷ വിചാരിക്കുന്നില്ല." [5]നോക്കുക മൈക്കിൽ ഗ്രീൻ, *ദ സെക്കന്റ് എപ്പിസ്റ്റിൽ ജെനെറൽ ഓഫ് പീറ്റർ ആന്റ് ദ ജെനെറൽ എപ്പിസ്റ്റിൽ ഓഫ് ജൂഡ്*, റെവ. എഡി., ടിൻഡേൽ ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ്, വാല്യം 18 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 89. [6]ഗ്രീക്ക് വാക്ക് *എക്സോഡോസ്* ആണ്, അതിന്റെ അക്ഷരിക അർത്ഥം, "ഏ ഗോയിങ് ഔട്ട്." [7]യൂസേബിയസ് *എക്ലേഷിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.39.15. [8]ഇബിഡ്., 2.15.2. [9]മത്തായി എഴുതിയ സുവിശേഷത്തിലെ പോലെയുള്ള പ്രയോഗ ക്രമമല്ല 2 പത്രൊസിന്റെ ലേഖനത്തിലേത്. ഗ്രീക്ക് ഭാഷയിലെ ക്രമത്തോട് ഇംഗ്ലീഷ് വ്യാകരണം യോജിക്കുന്നില്ല. അതുകൊണ്ട് തർജിമ വായിക്കുന്നു, "ഇത് എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ നന്നായി-പ്രസാദിച്ചിരിക്കുന്നു" എന്നാണ്. ഇംഗ്ലീഷിൽ വന്നിരിക്കുന്നത് അതേ തർജിമയാണ്. [10]എൻഈബിയുടെ മാർജിനിൽ ഇങ്ങനെ കൊടുത്തിരിക്കുന്നു, "പ്രവാചകന്മാരുടെ സന്ദേശങ്ങളിൽ നമുക്ക് കൂടുതൽ തീർച്ചയുണ്ട്."

[11]ഈ വാക്യത്തിൽ കൂടെ കടന്നു പോകുമ്പോൾ, തിരുവെഴുത്ത് വ്യാഖ്യാനിക്കുവാനേ പാടില്ല, തിരുവചനം, വ്യാഖ്യാനിക്കാതെ അങ്ങനെ തന്നെ എടുക്കണം എന്നു പറയുന്നു. അത്തരം വാദം നടത്തുന്നവർ പത്രൊസിന്റെ പോയിന്റ് നഷ്ടമാക്കുകയാണ്. വാക്കുകൾ മുഖാന്തരമാകുമ്പോൾ, അത് ബൈബിളിലെ വാക്കുകളായാലും, സംഭാഷണ വാക്കുകളായാലും, അവ സ്വീകരിക്കുന്നവർക്ക് വിശദീകരണം ആവശ്യമാണ്. വ്യാഖ്യാനിക്കാതെ ബൈബിളിലെ വാക്കുകൾ വെറുതെ മനസിലാക്കുക പ്രയാസമാണ്. [12]ജോൺ സ്റ്റോട്ട്, *ദ കണ്ടെംപററി ക്രിസ്ത്യൻ* (ലെയിസെസ്റ്റർ, യൂ. കെ.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1992), 178-79.